ത്രിപുരദഹനം

വിവർത്തകൻ:

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

ത്രിപുരദഹനം

(ഡിമം)

മൂലഗ്രന്ഥകാരൻ

മഹാമാത്യവത്സരാജൻ

വിവർത്തകൻ

വള്ളത്തോൾ

Digitized By Kerala Sahitya Akademi

കോപ്പി 750
1123 ധനു

വില
ഒരുറുപ്പിക

പ്രസാധകന്മാർ
വള്ളത്തോൾ ഗ്രന്ഥാലയം
ചെറുതുരുത്തി.

വി. പി. & പി. ഹൌസിൽ അച്ചടിച്ചത്.

എല്ലാം പ്രതികളിലും വിവർത്തകന്റെ സീലുണ്ടായിരിക്കും.

Digitized By Kerala Sahitya Akademi

അവതാരിക.

രംഗത്തിൽ അഭിനയത്തിന്നായി ഉപയോഗിയ്ക്കാൻ നിൎമ്മിച്ച കാവ്യങ്ങളെ സംസ്കൃതത്തിൽ ദൃശ്യകാവ്യങ്ങൾ എന്നാണ്, വ്യപദേശിയ്ക്കുക. രൂപകം എന്നും അതിന്നു സംജ്ഞയുണ്ട്. സംസ്കൃതത്തിലെ രൂപകങ്ങൾ പത്തുവിധമായിട്ടാണ്, പ്രാചീനകാലം മുതൽ തന്നെ വിഭജിച്ചുകാണുന്നത്. നാടകം, പ്രകരണം, ഭാണം, പ്രഹസനം, ഡിമം, വ്യായോഗം, സമവകാരം, വീഥി, അങ്കം, ഈഹാമൃഗം—ഇവയത്രേ പത്തു രൂപകങ്ങൾ.

കാളിദാസന്റെ ശാകുന്തളമെന്ന നാടകത്തിന്റെ ശേഷമായിരിയ്ക്കാം, നാടകമെന്ന വിഭാഗത്തിന് ഇതരരൂപകങ്ങളെക്കാൾ അധികം പ്രാധാന്യം ലഭിച്ചതും, ഭവഭൂതിയുടെ ഉത്തരരാമചരിതം, വിശാഖദത്തന്റെ മുദ്രാരാക്ഷസം, ഭട്ടനാരായണന്റെ വേണീസംഹാരം, ശക്തിഭദ്രന്റെ ആശ്ചൎയ്യചൂഡാമണി, കുലശേഖരന്റെ തപതീസംവരണ-സുഭദ്രാധനഞ്ജയങ്ങൾ—എന്നിപ്രകാരമുള്ള ഉത്തമരൂപകങ്ങളുടെ ആവിൎഭാവം നിമിത്തം നാടകമെന്ന സംജ്ഞ രൂപകങ്ങൾക്കു സാമാന്യമായ വ്യപദേശമായി പരിണമിച്ചതും. കാലക്രമേണ പല രൂപകവിഭാഗങ്ങളും പ്രചാരത്തിൽനിന്നു ലുപ്തങ്ങളായി. ശൂദ്രകന്റെ മൃച്ഛകടികവും ഭവഭൂതിയുടെ മാലതീമാധവവും മാത്രമാണ്, പ്രകരണവിഭാഗത്തിൽ പ്രധാനങ്ങൾ. ഭാണങ്ങൾ പലതും പല കവികളും എഴുതീട്ടുണ്ട്. മത്തവിലാസം എന്ന പ്രഹസനം മലയാളത്തിലെ കൂത്തമ്പലങ്ങളിൽ വളരെ പ്രസിദ്ധമായിരുന്നു. പിന്നെയും പല പ്രഹസ

Digitized By Kerala Sahitya Akademi

നങ്ങളും ഓരോകാലമുള്ള കവികൾ എഴുതിയവയുടെ ഗ്രന്ഥ ങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. തൃപ്പൂണിത്തോട്ടുമ്പലത്തിൽ ശിവരാത്രിദിവസം അഭിനയിയ്ക്കുവാനാണ്, രാമപാണിവാദൻ ചന്ദ്രിക എന്ന വീഥി എഴുതിയതെന്നു ഗ്രന്ഥത്തിൽ വ്യക്തമാണ്. ഇങ്ങിനെ ചില രൂപകഭേദങ്ങൾ പ്രചാരത്തിൽത്തന്നെ ഇരുന്നിട്ടുണ്ടെങ്കിലും, നാടകമാണ് രൂപകങ്ങളുടെ ഇടയിൽ പ്രധാനമായി പരിണമിച്ചത്; പലേ രൂപകങ്ങളും കേവലം നാമാവശേഷമാകയും ചെയ്തു. അപ്രകാരമുള്ള രൂപകങ്ങളിൽ ഒന്നാണ്, ഡിമം.

ഡിമത്തിന്റെ ലക്ഷണം പ്രായേണ എല്ലാ ശാസ്ത്രഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. ഭരതമുനിയുടെ കാലത്തുതന്നെ ത്രിപുരദാഹം എന്നൊരു ഡിമം പ്രസിദ്ധമായിരുന്നു. ഭരതന്റെ നാട്യശാസ്ത്രം നാലാമദ്ധ്യായത്തിൽ ഇപ്രകാരം ഒരു വാക്യമുണ്ട്:—

> തതോ ഹിമവതഃ പൃഷ്ഠേ
> നാനാനഗസമാവൃതേ
> ബഹുഭൂതഗണാകീർണ്ണേ
> രമ്യകന്ദരനിർഝരേ
> പൂർവ്വരംഗഃ കൃതഃ പൂർവ്വം
> തത്രായം ദ്വിജസത്തമാഃ
> തഥാ ത്രിപുരദാഹശ്ച
> ഡിമസംജ്ഞഃ പ്രയോജിതഃ
> തതോ ഭൂതഗണാ ഹൃഷ്ടാഃ
> കർമ്മഭാവാനുകീർത്തനാൽ. 9—11.

ഭരതശാസ്ത്രത്തിൽ ത്രിപുരദാഹമെന്ന ഡിമത്തെപ്പറ്റി പ്രസ്താവമുള്ളതിനെ ആശ്രയിച്ചായിരിയ്ക്കണം, വത്സരാ

Digitized By Kerala Sahitya Akademi

ജകവി ഒരു ഡിമം രചിയ്ക്കാൻ പുറപ്പെട്ടപ്പോഠം ത്രിപുരദഹനത്തെ കഥാവസ്തുവായി സ്വീകരിച്ചത്. ഭാണത്തിലും പ്രഹസനത്തിലുമുള്ളപോലെ ഇതരരൂപകവിഭാഗത്തിൽ കാവ്യങ്ങഠം സുലഭമല്ല. ത്രിപുരദാഹത്തിന്നപുറമേ ചില ഡിമങ്ങളെപ്പററി ശാസ്ത്രഗ്രന്ഥങ്ങളിൽ നിർദ്ദേശം കാണുന്നുണ്ട്. ശാരദാതനയൻ വൃത്രോദ്ധരണമെന്നും താരകോദ്ധരണമെന്നും രണ്ടു ഡിമങ്ങളെ ലക്ഷണത്തിന്നുദാഹരണമായി പറയുന്നു. സാഗരനന്ദി നാടകലക്ഷണരത്നകോശത്തിൽ നരകോദ്ധരണമെന്നും വൃത്തോദ്ധരണമെന്നും രണ്ടു ഡിമങ്ങളെ ലക്ഷ്യമായി നിർദ്ദേശിച്ചുകാണുന്നു. ഇത് അച്ചടിപ്പിശകായിരിയ്ക്കണം. താരകോദ്ധരണം വൃത്രോദ്ധരണം എന്നീ ഡിമങ്ങളെത്തന്നെയായിരിയ്ക്കണം, വിവക്ഷിച്ചിട്ടുള്ളത്.

ഡിമത്തിൻെറ ലക്ഷണം ഭരതൻ നാട്യശാസ്ത്രത്തിൻെറ പതിനെട്ടാം അദ്ധ്യായത്തിൽ ഇപ്രകാരം കൊടുത്തിരിയ്ക്കുന്നു:—

ഡിമലക്ഷണം ച ഭൂയോ
ലക്ഷണയുക്ത്യാ പ്രവക്ഷ്യാമി. 129
പ്രഖ്യാതവസ്തുവിഷയഃ
പ്രഖ്യാതോദാത്തനായകോപേതഃ
ഷഡ്രസലക്ഷണയുക്ത-
ശ്ചതുരങ്കോ വൈ ഡിമഃ കാര്യഃ 130
ശൃംഗാരഹാസ്യവർജ്ജഃ
ശേഷൈരന്യൈഃ സമായുക്തഃ
ദീപ്തരസകാവ്യയോനി-
ർന്നാനാഭാവോപചിതശ്ച 131
നിർഘാതചന്ദ്രസൂര്യോ-
പരാഗസോൽകാവപാതസംയുക്തഃ

യുദ്ധാനിയുദ്ധപ്രഹരണ—
സംഘേടകൃതശ്ച കത്തവ്യ: 132
മായേന്ദ്രജാലബഹുലോ
ബഹുപുരഷോത്ഥാനയുക്തശ്ച
ദേവഭുജഗേന്ദ്രരാക്ഷസ—
യക്ഷപിശാചാവകീണ്ണശ്ച 133
ഷോഡശനായകബഹുലഃ
സാത്വത്യാരഭടിവൃത്തിസംപന്നഃ
കാൎയ്യോ ഡിമഃ പ്രയത്നാ—
ന്നാനാശ്രയഭാവസംപന്നഃ. 134

ധനഞ്ജയൻെറ ദശരൂപകം, ശാരദാതനയൻെറ ഭാവപ്രകാശം, സാഗരനന്ദിയുടെ നാടകലക്ഷണരത്നകോശം, രാമചന്ദ്രൻെറയും ഗുണചന്ദ്രൻെറയും നാട്യദപ്പണം, വൈദ്യനാഥൻെറ പ്രതാപരുദ്രയശോഭൂഷണം മുതലായ അലങ്കാരഗ്രന്ഥങ്ങളിൽ പ്രായേണ ഈ ലക്ഷണത്തെത്തന്നെയാണ്, സ്വീകരിച്ചിട്ടുള്ളത്.

വത്സരാജൻ ആറുവിധത്തിലുള്ള രൂപകങ്ങൾ രചിച്ചിട്ടുണ്ട്. കിരാതാജ്ജുനീയമെന്ന വ്യായോഗം, കപ്പൂരചരിതമെന്ന ഭാണം, രുഗ്മിണീഹരണമെന്ന ഈഹാമൃഗം, ഹാസ്യചൂഡാമണി എന്ന പ്രഹസനം, സമുദ്രമഥനമെന്ന സമവകാരം ഇവയാണ് ശേഷം അഞ്ചു രൂപകങ്ങൾ. ഇവയിൽ കപ്പൂരചരിതമെന്ന ഭാണവും ഹാസ്യചൂഡാമണി (കപടകേളി) എന്ന പ്രഹസനവും വള്ളത്തോൾതന്നെ മലയാളഭാഷയിൽ വിവത്തനംചെയ്തു പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. മൂന്നാമത്തെ ഗ്രന്ഥമാണ്, ഇപ്പോൾ മലയാളത്തിൽ അവതരിപ്പിയ്ക്കുന്നത്. ആറുരൂപകങ്ങളുടെയും മൂ

Digitized By Kerala Sahitya Akademi

ലം ബറോഡയിൽനിന്ന 'ഗേക്വാഡ്പ്രാച്യഗ്രന്ഥാവലി' യിൽ എട്ടാം സംപുടമായി 1918 ൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്.

നാടകങ്ങളിൽ ശൃംഗാരവും വീരവുമാണ്, പ്രധാനരസമായി സ്വീകരിയ്ക്കുന്നത്. ശൃംഗാരം വളരെ കോമളമായ രസമാണ്. കാവ്യരചനയിലും രംഗത്തിൽ അഭിനയത്തിലും വളരെ എളുപ്പത്തിൽ സ്വസ്ഥാനത്തിൽനിന്ന ഭ്രഷ്ടമായി ഉദ്വേഗത്തെ ജനിപ്പിച്ചേയ്ക്കാവുന്നതാണ്. ഈ രസം വഴി തെററിയാൽ ശൃംഗാരം ഗ്രാമ്യമാവും; ഉത്തമകവികൾക്കും ഉത്തമനടന്മാക്കും മാത്രമെ ഈ രസത്തെ ശരിയായി പ്രയോഗിയ്ക്കുവാൻ സാധിയ്ക്കയുള്ളു. ശരിയായി പ്രയോഗിച്ചതിനെ അറിയുവാനും ആസ്വദിയ്ക്കുവാനും ബുദ്ധിസംസ്കാരമുള്ള സഹൃദയന്നേ സാധിയ്ക്കയുമുള്ളു.

അദ്‌ഭുതം, ഭയാനകം, രൌദ്രം മുതലായ രസങ്ങൾ കുറെക്കൂടി ഉൽകടങ്ങളാണ്. ഈ രസങ്ങളാണ്, സാധാരണജനങ്ങളുടെ മനസ്സിനെ ആകർഷിയ്ക്കുന്നതും ആഹ്ലാദിപ്പിയ്ക്കുന്നതും. ഈ രസങ്ങളുടെ പ്രയോഗത്തിൽ രസവിച്ഛേദത്തിന്നോ ഉദ്വേഗത്തിന്നോ മാൎഗ്ഗവും കുറവാണ്.

പ്രഖ്യാതവസ്തുക്കളൊൽ മനഃസംസ്കാരമുള്ള അഭിരൂപന്മാരെ ആഹ്ലാദിപ്പിയ്ക്കുന്നതിന്ന കവികൾ നാടകത്തെ ആശ്രയിയ്ക്കുന്നതുപോലെ, സാമാന്യജനങ്ങളുടെ ശ്രദ്ധയെ പ്രഖ്യാതവസ്തുക്കളിലെയ്ക്കാകർഷിയ്ക്കുവാൻ ഡിമാദിരൂപകഭേദങ്ങളെ അവലംബിയ്ക്കുന്നു.

ഇപ്പോഴും ക്ഷേത്രങ്ങളിൽ കൂടിയാട്ടമുള്ളപ്പോൾ, രാത്രി കൂടിയാട്ടവും പകൽ പ്രബന്ധംപറയലും എന്ന സമ്പ്രദാ

Digitized By Kerala Sahitya Akademi

യം നടപ്പുണ്ട്. ഇക്കാലത്തു പ്രചാരത്തിലുള്ള പ്രബന്ധങ്ങളിൽ പലതും മേൽപ്പുത്തൂർ നാരായണഭട്ടതിരിയുണ്ടാക്കിയവയാണ്. ഇട്ടിരവിച്ചാക്യാരുടെ (രവിനർത്തകൻ) അപേക്ഷപ്രകാരമാണ്, നിരനുനാസികപ്രബന്ധമുണ്ടാക്കിയതെന്നു ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. കൂടിയാട്ടത്തിന്നുപുറമേ, പ്രബന്ധംപറയുക എന്ന വിനോദവിശേഷവും പ്രാചീനകാലത്തു നടപ്പുണ്ടായിരുന്നിരിയ്ക്കാം.

ഇപ്പോഴും വിദ്യാർത്ഥികൾ, ഓരോ സമാജങ്ങളിലെ അംഗങ്ങൾ ഇവരെല്ലാം വിശേഷോത്സവാവസരങ്ങളിൽ പ്രയോഗത്തിന്നായി നാടകങ്ങൾ പുതുതായി എഴുതി സമ്പാദിയ്ക്കുക എന്ന നടപടി നമുക്ക പരിചിതമാണല്ലോ; ഈ ബാലനാടകങ്ങളെല്ലാം നല്ല സാഹിത്യമായി എന്നും വരുന്നതല്ല. ഇപ്രകാരംതന്നെ പ്രാചീനകാലത്തും നല്ല സാഹിത്യം എന്ന അഭിമാനമില്ലാതെയും ഉത്തമമായ രീതിയിൽ അഭിനയിയ്ക്കണമെന്ന ഉദ്ദേശമില്ലാതെയും ഓരോ ഉത്സവാവസരങ്ങളിൽ കവികൾ ഭാണം ഡിമം തുടങ്ങിയ പല രൂപകങ്ങളെയും താൽകാലികമായ വിനിയോഗത്തിന്നായിമാത്രം നിർമ്മിച്ചിട്ടുണ്ടായിരിയ്ക്കണം. സാഹിത്യമെന്ന നിലയിൽ വലിയ പ്രാധാന്യമില്ലാത്തതിനാൽ അവ ഉത്തരകാലത്തിൽ ലുപ്തപ്രചാരങ്ങളായി; ആലങ്കാരികന്മാരും മറ്റും അവയിൽ ഉപേക്ഷ കാണിയ്ക്കയും ചെയ്തു.

എന്നാൽ ചിലപ്പോൾ ഈ രൂപകവിഭാഗങ്ങളിലും, ഉത്തമകവികൾ കൈവെച്ചു നാടകങ്ങൾക്കൊത്ത സൽകാവ്യങ്ങളെ രചിച്ചിരുന്നു. അപ്രകാരമുള്ള കൃതികളിൽ ചിലതാണ് വത്സരാജന്റെ രൂപകങ്ങൾ. ത്രിപുരദാഹത്തിൽ വത്സ

രാജൻ ശാസ്ത്രോക്തലക്ഷണങ്ങളെ തുലോം ആദരിച്ചിട്ടുണ്ട്. എന്നാൽ ലക്ഷണമൊപ്പിച്ച ഒരു രൂപകം എഴുതുകമാത്രമല്ല കവി ചെയ്തിട്ടുള്ളത്. പലവിധത്തിലുള്ള പുതുമകളും സ്വാതന്ത്ര്യപ്രകടനങ്ങളും ഈ കാവ്യത്തിൽ കാണാം. സന്ദർഭത്തിനാനുകൂലമായ രീതിയും ഭാഷയുമാണ്, കവി അവലംബിച്ചിട്ടുള്ളത്. ചിലപ്പോൾ ഉചിതമായ ഫലിതങ്ങളും കൊണ്ടുവന്നിട്ടുണ്ട്.

ഇക്കാലത്ത് ഇപ്രകാരമുള്ള രൂപകങ്ങളെ രംഗത്തിൽ പ്രയോഗിച്ചാൽ ജനങ്ങൾക്കു രുചിയ്ക്കുമോ എന്നുള്ള കാര്യം ഒന്നു വേറെ. ഒരു കാവ്യം എന്ന നിലയിലും ഇക്കാലത്തു പലെ സാഹിത്യരസികന്മാരും ഇതു വായിയ്ക്കുമ്പോൾ നെററി ചുളിച്ചു എന്നു വരാം. എന്നാൽ ഏതു കലയിലും കലയ്ക്കു പുറമേ 'വസ്തു' എന്നൊരംശമുണ്ട്. കാലഭേദംകൊണ്ടു വസ്തുവിന്നുമാത്രമേ ആനന്ദജനകത്വത്തിൽ മാററം വരുന്നുള്ളൂ; കല എന്ന അംശത്തിന്റെ ആഹ്ലാദകരത്വം കാലദേശഭേദങ്ങളെ അപേക്ഷിയ്ക്കാതെ ശാശ്വതവും സാർവത്രികവുമാണ്. വസ്തുവിനെക്കാൾ കലയിൽ പ്രതിപത്തിയുള്ളവരുടെ ദൃഷ്ടിയിൽ ഈ രൂപകത്തിന്റെ രാമണീയകം തിളങ്ങി പ്രകാശിയ്ക്കുമെന്നുള്ള വാസ്തവത്തിന്നു, മഹാകവി വള്ളത്തോൾ ഇതിനെ മലയാളഭാഷയിലവതരിപ്പിയ്ക്കാൻ ഉദ്യമിച്ചതുതന്നെ തക്ക തെളിവാണല്ലോ.

സംസ്കൃതത്തിൽനിന്നു പല ഉത്തമകൃതികളും മലയാളത്തിൽ തർജ്ജമചെയ്തു പ്രസിദ്ധിയും യശസ്സും സംപാദിച്ച വള്ളത്തോളിന്റെ ഈ വിവർത്തനത്തെപ്പററി എന്തെങ്കിലും നിരൂപണംചെയ്യാൻതുടങ്ങുന്നതു വലിയൊരു സാഹസമാ

Digitized By Kerala Sahitya Akademi

വും. വാസ്തവത്തിൽ ഇതൊരു ഭാഷാവിവർത്തനമല്ല; വത്സരാജന്റെ കാവ്യകല മഹാകവിയുടെ പ്രതിഭയിൽത്തട്ടി, അതിന്നശേഷംയാതൊരു കോട്ടമോ ഒപ്പക്കേടോ തട്ടാതെ മലയാളഭാഷയിൽ പ്രകാശിയ്ക്കുയാണ് ചെയ്യുന്നത്. സാധാരണമായി ഒരു കവിയുടെ പ്രതിഭയിലൂടെയല്ലാതെ ഒരു പണ്ഡിതന്റെ ബുദ്ധിയിലൂടെ ഭാഷാന്തരസ്വീകാരക്രമത്തിൽ കടന്നുപോകേണ്ടിവരുമ്പോൾ, ചില മാലിന്യങ്ങളും വൈകല്യങ്ങളും കാവ്യകലയിൽ വന്നുചേരാറുണ്ട്. ഈ തർജ്ജിമയിൽ ആ ദോഷം ഒട്ടും തന്നെ വന്നിട്ടില്ല. ഞാൻ മൂലവും ഈ തർജ്ജിമയും രണ്ടും മനസ്സിരുത്തി വായിച്ചു നോക്കി. ഈ തർജ്ജിമ വായിയ്ക്കുന്ന മലയാളികൾക്ക, സംസ്കൃതമറിയാത്തതിനാൽ വത്സരാജകൃതിയെ ആസ്വദിയ്ക്കുന്ന കാര്യത്തിൽ യാതൊരു ലോപവും വരുന്നതല്ല; എന്നുമാത്രമല്ല, വത്സരാജന്റെ കലയേയും വള്ളത്തോളിന്റെ കലയേയും രണ്ടിനേയും ആസ്വദിയ്ക്കാമെന്നൊരു മെച്ചംകൂടിയുണ്ട്.

മദിരാശി,
1946 മാർച്ച് 18

സി. കുഞ്ഞൻ രാജാ

Digitized By Kerala Sahitya Akademi

ത്രിപുരദഹനം

(ഡിമം)

ഒരുപൂവെവിടെപ്പാവുകി-
ല്ല,ടനടിയതു കല്പവൃക്ഷമായ്ത്തീരും,
സുരതടിനീപരിവൃതമ-
പ്പരമശിവശിരസ്സു വിജയിപ്പൂ! 1

ഉച്ചണ്ഡേന്ദ്രഭയാൽപ്പറന്ന മലകൾ-
ക്കൊക്കുന്ന ധൂമങ്ങൾ പൂ-
ണ്ടു,ച്ചച്ചെംപൊരിമാലയാൽക്കുജമയം
വാനാകെയെന്നാക്കിയും,
ച്ചെപ്പെട്ടു തിളയ്ക്കുമംബരനദീ-
വെള്ളത്തെ രക്തംചവു-
ട്ടിച്ചും, മുപ്പുരമിട്ടെരിച്ച പുരജിദ്-
ബാണാഗ്നി വെല്വൂ തുലോം! 2

---

1. കല്പവൃക്ഷം—സർവാഭീഷ്ടദമെന്നു സാരം. സുര....വൃതം=സ്വർഗ്ഗംഗ ചുഴന്നത്.

2. ഉച്ച...ഭയാൽ—ഇന്ദ്രനെ വല്ലാതെ പേടിച്ച്; ഇന്ദ്രൻ പർവതങ്ങളുടെ ചിറകുകൾ വെട്ടിക്കളഞ്ഞു എന്നു പുരാണം. ഉച്ചം=ഉയർന്ന. മാലം=സമൂഹം. കുജന്റെ=(ചൊവ്വയുടെ) നിറം ചുകപ്പത്രേ. അംബരനദി=സ്വർഗ്ഗംഗ. വെള്ളത്തിന്റെ തിളയെ രക്തമാക്കിക്കല്പിച്ചിരിക്കുന്നു. പുരജിദ്ബാണാഗ്നി=ശിവബാണത്തിന്റെ തീ.

Digitized By Kerala Sahitya Akademi

ധൂമംകൊണ്ടു മുഖക്കറുപ്പുതകിയും,
കണ്ണീരൊഴുക്കിച്ചു,മു-
ദ്ദാമജ്വാലകളാലെരിഞ്ഞുവലയും
സന്താപമുണ്ടാക്കിയും,
ആമോദാവസരത്തിലും ദിവിചര-
ക്കാതങ്കമേകിജ്ജ്വലി-
ച്ചാമേളിച്ചു, പുരങ്ങൾ ചുട്ട പുരജിദ്-
ബാണാഗ്നി വെൽവൂ തുലോം! 3

(നാന്ദിയുടെ അവസാനത്തിൽ)

സൂത്രധാരൻ:—(പ്രവേശിച്ചു, നാലുപുറവും നോക്കി)*........

പാരിപാർശ്വികൻ:—(പ്രവേശിച്ച്)...... *

സൂത്രധാരൻ:—മാരിഷ, താൻ എന്നെ പരിഹസിയ്ക്കുന്നതെന്തിന്? ആ തമ്പുരാൻതന്നെയാണ്, ഇതിൽ അപരാധി:

മുടക്കമില്ലാത്ത കൊടുക്കൽകൊണ്ടു
മടുപ്പു മന്നിന്നുളവായിയേയ്ക്കാം;
നടാടെപോലിമ്പമൊടാണു മേന്മേൽ-
ക്കൊടുപ്പതല്ലോ, പരമദ്ഭുതൻ! 4

---

3. മുഖക്കറുപ്പും, കണ്ണീരൊഴുകലും, സന്താപവും(=ചൂടും) ആതങ്ക(=ദുഃഖ)ലക്ഷണങ്ങളാണല്ലോ. സമേളിച്ചു=ചേൎന്നു. പുരങ്ങൾ=മുപ്പുരം.

* മൂലം പൊടിഞ്ഞുപോയിരിയ്ക്കുന്നു.

*. ടി

4. ദാനം ചെയ്തുചെയ്തു ഭൂമിയ്ക്കു മടുപ്പു വരാം. എന്നാൽ, പരമദ്ഭുതൻ തമ്പുരാൻ, എത്രയെത്ര ദാനം ചെയ്താലും നടാടെപോലെ(ആദ്യമായി ദാനം ചെയ്യുകയാണെന്നപോലെ) ഇമ്പംകൊള്ളുന്നു!

Digitized By Kerala Sahitya Akademi

പാരിപാൎശ്വികൻ:—*വാങ്ങിക്കൊൾക, വാങ്ങിക്കൊൾക; എനിക്കു കുണ്ഠമൊന്നുമില്ല. എന്നാൽ, അങ്ങെ സമ്പത്തിനൊത്ത ദാനം അനുഷ്ഠിക്കുന്നില്ല എന്നതിൽ വ്യസനമുണ്ട്. എന്തുകൊണ്ടെന്നാൽ—

അതിയത്നമൊടേ വളൎത്തി രക്ഷി-
ക്കുകിലും ദാനവിഹീനയായ ലക്ഷ്മി,
മലടിപ്പശു പോലവേ ഗൃഹസ്ഥ-
ന്നലഘുക്ലേശദയായ്ഭവിച്ചിടുന്നു. 5

സൂത്രധാരൻ:—മൂൎഖമാരിഷ, സൂൎയ്യ-ചന്ദ്രഗ്രഹണാദിപുണ്യകാലം കാത്തിരിക്കുക; അപ്പോൾ കാണാം, എന്റെ വമ്പിച്ച ദാനങ്ങൾ!

പാരിപാൎശ്വികൻ:—അങ്ങുന്നേ, അസുരവൎഗ്ഗം ത്രിപുരബലത്താൽ ഗൎവ്വിച്ചിരിക്കെ, ഗ്രഹണങ്ങൾക്കുണ്ടോ തടസ്സം?

കൊല്ലാൻനോക്കുന്നു ലക്ഷ്മീശനെയുദധിയിലും
കൈടഭീയാസുരന്മാ-
രെ,-ല്ലാനാളും ഹനിപ്പൂ രവിശശികളെയാ-
ബ്ഭാഹുവില്ലാത്ത രാഹു;

---

* തമ്പുരാന്റെ സമ്മാനങ്ങൾ കിട്ടുവോളം വാങ്ങിക്കൊൾക.

5. ദാനവിഹീന=ദാനമില്ലാത്ത. ലക്ഷ്മി=സമ്പത്ത്; മലടിപ്പശു=മച്ചിപ്പശു.

6. കൈടഭീയാസുരന്മാർ=കൈടഭവംശജരായ അസുരന്മാർ. ഹനിപ്പൂ=ദ്രോഹിക്കുന്നു. സപൎല്ലോകം—ദേവന്മാർ മുഴുവൻ. അതിക്രാന്തി=അതി

സ്വർല്ലോകം മൃഷ്പുരാക്രാന്തിയിൽ വലയുകയാൽ,-
ബ് ഭൂതലക്ഷണ്ടിൽനിന്നി-
ങ്ങുല്ലാസാലെത്തിയേയ്ക്കാം ബലനിധി ബലിയും,
കെട്ടുവിത്തൊട്ടുനാളാൽ! 6

(അണിയറയിൽ പരിഹാസത്തോടേ)

ഛേദം, നിനക്കിതു ഛേദം: ദുരുക്തിവളംകൊണ്ടു വൈരവിഷവല്ലിയെ വളത്തി, ദുർബ്ബലരെ ബലവാന്മാരെക്കൊണ്ടു കൊല്ലിയ്ക്കുന്നവരാണല്ലോ, * ചാരണന്മാർ.

പാരിപാർശ്വികൻ:—(ഭയത്തോടേ) അങ്ങുന്നേ, ആരാണീ വെറുതേ ശുണ്ഠിയെടുക്കുന്നത്?

സൂത്രധാരൻ:—(ഒച്ചകൊണ്ട് അറിഞ്ഞതായി നടിച്ച്)ഇതു, ബ്രഹ്മപുത്രനായ നാരദമഹർഷിയാണ്.

പാരിപാർശ്വികൻ:—(പരിഹാസത്തോടേ) അച്ഛ, മുനിയുടെ ശുണ്ഠി ഒരടക്കം!

സൂത്രധാരൻ:—(ചിരിച്ച്) ഇദ്ദേഹത്തിൻെറ സ്വഭാവമാണിത്; തനിയ്ക്കറിഞ്ഞുകൂടയോ?

ആമോദമില്ല, മധുരസ്വരവീണകൊണ്ടു;
സാമോപഗീതികളുമത്ര സുഖം വളർത്താ;
ഈറക്കെട്ടുപ്പൊരുട്ടു തമ്മിലുരത്തുപേച്ചും
പോരിങ്കലാണു, മുനിനാരദനേറെയിമ്പം! 7

ക്രമണം. ഭൂതലം=ഭൂമിയുടെ കീഴ്ഭാഗം; പാതാളം. ബലി=മാബലി. കെട്ട്=വിഷ്ണുകൃതബന്ധനം.

* ചാരണന്മാർ=പുകഴ്ത്തിപ്പാടുന്നവർ.

7. സാമോപഗീതികൾ=സാമഗാനങ്ങൾ; സാമവേദം ഗീതാത്മകമത്രേ.

Digitized By Kerala Sahitya Akademi

കലഹകൌതുകിയും സ്വയം ശ്രുതിക്കാരനുമായ ഇദ്ദേഹത്തെ വന്ദിയ്ക്കുക, ദൂരത്തുതന്നെനിന്നുവേണം. വരിക: നമുക്ക്, ഇനി വേണ്ടുന്നതൊക്കെ ശരിപ്പെടുത്താം.

(രണ്ടുപേരും പോയി.)

പ്രസ്താവന.

(പിന്നെ നാരദൻ പ്രവേശിയ്ക്കുന്നു.)

നാരദൻ:—(വാശിയോടേ ചുററും നോക്കി) ആരുമില്ലേ, ഇവിടെ? അമ്പോ, വെറുതെ പുലമ്പുന്ന നടൻെറ ധാർഷ്ട്യം!

ഹരൻെറ ശൂലക്കളിയാട്ടവും, ശ്രീ-
ധരൻെറ ചക്രാക്രമവും നിനയ്ക്കു
പെരുത്ത പേടിപ്പനി മൂത്ത ദൈത്യ-
ക്കൊരിററുശൌര്യം പുനരെന്നുദിച്ചു? 8

അഥവാ, ഈ നടനെ എന്തിനു ശകാരിയ്ക്കുന്നു? ഇവൻെറ കണക്കിൽ രാഹുപോലും വീരനാണല്ലോ!

(അണിയറയിൽ)

ആ, അങ്ങേ ബ്രാഹ്മണനാണ്; ഞാനെന്തു ചെയ്യും? നാക്കിനു തടവില്ലായ്കയാൽ, തോന്നിയതു തോന്നിയതു പറഞ്ഞുകൊൾക!

ശക്രൻ വിട്ടീല സ്വമേരുദുർഗ്ഗം;
സമുദ്രദുർഗ്ഗേ പുലരുന്നു ശാർങ്ഗി;

---

8. ശ്രീധരൻ=വിഷ്ണു. ചക്രം—സുദർശനം. പുനഃ=വീണ്ടും.

9. മണിമച്ച്—കിടപ്പറ. സുരർ ശൂരർതന്നേ എന്നതു വിപരീതലക്ഷണ.

Digitized By Kerala Sahitya Akademi

ശ്മശാനദുർഗ്ഗം മണിമച്ചു ശര്വ-
ന്നോ;-ഹോ, പുകഴ്ത്താം: സുരർ ശൂരർതന്നോ! 9

നാരദൻ:— (ഒച്ച കേട്ടേടത്തേയ്ക്കു മുകളിൽ നോക്കിയിട്ട്) രാഹുവാണോ, ഇപ്പറയുന്നത്? ആകട്ടെ, എത്രയ്ക്കുണ്ട്, ഈ പാവം!

(രാഹു വ്യോമയാനത്തിൽ പ്രവേശിച്ചു, 'ശക്രൻ വിട്ടന്നില്' ഇത്യാദി ചൊല്ലുന്നു.)

നാരദൻ:— (പരിഹാസത്തോടേ) എടോ രാഹുവീര, ദേവകളെ ശൂരന്മാരെന്നു പറയുന്നതു പരിഹാസ്യംതന്നെ: എന്തുകൊണ്ടെന്നാൽ-

ഇന്ദ്രൻ ജംഭപ്രതിഹതബലൻ;
ഭാനു മന്ദേഹദൂനൻ;
ഹസ്തിത്തോലാൽപ്പുരമര മറ-
യ്ക്കുന്നിതശ്ശൂലിദേവൻ;
കൂടെക്കൂടേ മധുമുരമുഖേ-
ന്ദ്രാരിഭഗ്നൻ മുകുന്ദൻ;
ശൌര്യാശൌര്യസ്ഥിതി സഹൃദയൻ
രാഹു നീതാനറിഞ്ഞോൻ! 10

---

10. ജംഭ....ബലൻ=ജംഭനാൽത്തടയപ്പെട്ട ബലത്തോടുകൂടിയവൻ. നേരേമറിച്ച്, ഇന്ദ്രൻ ജംഭന്റെ ബലത്തെയാണ് തടഞ്ഞത്. ജംഭനെ കൊല്ലുകയാണുണ്ടായത്. ഭാനു= സൂര്യൻ. മന്ദേഹദൂനൻ=മന്ദേഹരെന്ന രാക്ഷസർമൂലം ദുഃഖിതൻ. സൂര്യനെ ത്രിസന്ധ്യകളിലും മന്ദേഹർ ആക്രമിക്കുന്നു എന്നും, അവരെ സൂര്യൻ ബ്രാഹ്മണരുടെ അർഘ്യമാകുന്ന ആയുധംകൊണ്ട് ആട്ടിപ്പായിക്കുന്നു എന്നും പുരാണം. രണ്ടാം പാദത്തിന്റെ ബാഹ്യാർത്ഥം, ശിവൻ പാപ്പരെന്നും, ആന്തരാർത്ഥം ഗജാസുരഹന്താവെന്നും. സഹൃദയൻ—ശിരോമാത്രനായ രാഹുവിന്നു ഹൃദയമെവിടെ!

Digitized By Kerala Sahitya Akademi

(രാഹു ശങ്കയാലെന്നപോലെ തലയിളക്കി തടുക്കുന്നു.)

നാരദൻ:—(ഹാസത്തോടേ) എടോ സൈംഹികേയ, കണ്ഠാംഗ്യംകൊണ്ടു തടുക്കുക!

രാഹു:—(ക്രോധത്തോടേ)

അങ്ങെൻവിഹസ്തതയെ നാരദ, നാണമേതും
തോന്നാതെ നിർഭരരസേന ഹസിയ്ക്കയാണോ?
ഇല്ലാ മുഖം തവ, മദർദ്ദിതനാമിനന്റെ-
യോരായിരം ഖരകരത്തെ ഹസിച്ചുനോക്കാൻ! 11

എന്നാൽ എന്റെ ഹിതഭാഷണം കേട്ടുകൊള്ളുക:

മെല്ലെപ്പേശുക: വിപ്രചാപലമുപേ-
ക്ഷിയ്ക്കില്ലയോ? ഹന്ത, പാഴ്-
തള്ളൽപ്പേച്ചുകളാൽ ബ്ബവാങ്കലരിശം-
കൊള്ളായ്ക ദേവാരികൾ!
തല്ലീലാരുഷയാലൊളിച്ചു സഹസാ
വാനോരി;-നി,ത്തങ്ങളിൽ-
ത്തല്ലിയ്ക്കും തവ വിദ്യയെങ്ങു പെരുമാ-
റിടാം മുനേ, നാരദ? 12

നാരദൻ:—(ഹാസത്തോടേ) സൈംഹികേയ, ഇതുകൊണ്ടു തന്നെയാണ്, ഞാൻ ദേവകളെ കോപിപ്പിച്ച്, അസുരരെ മുരടോടേ മുടിച്ചുകളയാതിരിയ്ക്കുന്നത്. എന്തുകൊണ്ടെന്നാൽ—

11. വിഹസ്തത=കയ്യില്ലായ്മ; വിവശത എന്നും. മദർദ്ദിതൻ=എന്നാൽ പീഡിപ്പിയ്ക്കപ്പെട്ടവൻ. ഇനൻ=സൂര്യൻ. ഖരകരം=കടുത്ത രശ്മി, കൈ. കരവിഹീനനായ ഞാൻ പീഡിപ്പിച്ചപോരുന്ന സഹസ്രകരനെ പരിഹസിയ്ക്കാതെ, ഭവാൻ എന്നെ പരിഹസിയ്ക്കുന്നതു നാണമില്ലായ്കയല്ലയോ!

12. തല്ലീലാരുഷ=അവരുടെ (അസുരന്മാരുടെ) കളിപ്രായമായ ക്രോധം.

Digitized By Kerala Sahitya Akademi

ഘോരരോടെയിട്ടാനവരെത്തുലച്ചു
വൈരം വെടിഞ്ഞുമ്പർ സുഖിച്ചിരുന്നാൽ,
പാരിച്ച കൂട്ടപ്പട കാണുകെന്ന
പൂരോത്സവം നാരദനെങ്ങു കിട്ടും? 13

രാഹു:—(പരിഹാസത്തോടേ) അമ്പോ, മഹർഷിയുടെ മഹായുദ്ധകൌതുകം! എന്നാൽ ഞാൻ നിറവേററിത്തരാം, മറെറാരു പ്രതിഗ്രഹത്തിലും കാംക്ഷയില്ലാത്ത ഭവാൻെറ യുദ്ധദശനക്കൊതി:

ചന്ദ്രൻ നിശ്ശരണതാപമാർന്നുരുളയായ്-
    ത്തീരുന്നു വെൺവാവിൽ മേ,
മന്ദാത്മാവു കുരുത്തവാവിലതുമ-
    ട്ടാദിത്യനെപ്പൂകിയും;
എന്നാലിപ്പൊഴുതേ, കടുംകതിർ പര-
    ത്തുന്നിട്ടിനാധീശനെ-
ത്തന്നേ കിഞ്ചന— കണ്ടുകൊള്ളുക ഭവാൻ—
    തീനാക്കിടുന്നുണ്ടു ഞാൻ! 14

(എന്നു ക്രോധത്തോടേ പോയി)

നാരദൻ:—(ആശ്ചര്യത്തോടേ) അമ്പോ,* ആസുരക്കണ്ഠത്തിൻെറ കൊടുമ! ആകട്ടെ, ഞാൻ ഗംഗാഭഗവതിയെ ഉ

---

11. നിശ്ശരണതാപം=നിരാശ്രയത. ഉരുള=ഭക്ഷണം. മന്ദാത്മാവ്=ഉശിരില്ലാത്തവൻ; ചന്ദ്രവിശേഷണം. അമാവാസിയിൽ ചന്ദ്രൻ. സൂര്യ്യങ്കൽ ചേരുന്നു; പൂകിയും ഉരുളയായ്ത്തീരുന്നു എന്നാവർത്തിക്കണം. കിഞ്ചന=കുറഞ്ഞൊന്ന്.

* ശിരസ്സുമാത്രമേ ഉള്ളുവല്ലോ, രാഹുവിന്ന്; അതിനാലാണ്, അസുരക്കണ്ഠം എന്നു പറഞ്ഞത്.

Digitized By Kerala Sahitya Akademi

പാസിച്ചു, ശിവൻെറ അടക്കൽ വീണവായിപ്പാൻ ചെന്നുകളയാം. തന്തിരുവടിയെത്തന്നെ അസുരന്മാരോട്ടു കോപിപ്പിയ്ക്കാം. (ആകാശത്തെയ്ക്കു നോക്കിയിട്ട്) ദേവഗണവും ഇപ്പോൾ വാമദേവനെ സേവിയ്ക്കുന്നുണ്ടാവും.

(പോയി)

വിഷ്കംഭം.

(അനന്തരം, അരികിൽ ദേവഗണവുമായി ശിവൻ പ്രവേശിക്കുന്നു.)

ശിവൻ:—(ശങ്കയോടേ സ്വഗതം) എയ്, എന്താണ്, സുധാശനന്മാർ വീണ്ടും ഇടിവേററവർപോലിരിയ്ക്കുന്നത്? ആകട്ടെ, ചോദിയ്ക്കാം. (പ്രകാശം) ഹേ ദേവന്മാരേ, എന്താണിത്?

ശക്രൻതന്നായിരം കണ്ണുകൾ തുഹിനഹതാം-
ഭോജമട്ടാന്നിരിപ്പൂ;
പൊക്കിക്കാട്ടുന്നു സൌഖ്യക്ഷതിയെ,യലസമായ്-
ത്തീന്നു തോയേശപാശം;
ഉൾക്കൊണ്ടീടുന്നു രണ്ടാമതുമൊരു പുക,യു-
ത്സാഹശൂന്യൻ ഹുതാശൻ;
ദുഃഖത്തിൻകക്ക്ശാവസ്ഥയെ വെളിവിലുര-
യ്ക്കുന്നു, ദിക്പാലർ ദീനർ. 15

---

15. തുഹി...മട്ട്=മഞ്ഞേററ താമരപ്പൂവിൻെറ മാതിരി; മഞ്ഞു താമരയെ വാട്ടും. പൊക്കിക്കാട്ടുന്നു=വെളിപ്പെടുത്തുന്നു. സൌഖ്യക്ഷതി=സുഖനാശം. അലസം—മുനകെട്ടത്. തോയേശ (വരുണ)ൻെറ പ്രധാനായുധം, പാശമത്രെ. പാശം=കയർ. രണ്ടാമതുമൊരു പുക—ദുഃഖത്താലുള്ള കറുപ്പ്. ദിക്പാലന്മാരുടെ ദീനത കണ്ടാൽ, എന്തോ കടുത്ത കഷ്ടപ്പാടു വന്നതായി തോന്നാം.

Digitized By Kerala Sahitya Akademi

ബൃഹസ്പതി:—*(ഉല്ലുണ്ഠയോടേ) എന്തിനാണ്, സർവ്വജ്ഞ
നായ നിന്തിരുവടി, നാരദനെന്നപോലെ ഞങ്ങളെ ക
ലഹത്തിന്നായി സംസാരിപ്പിപ്പാൻ നോക്കുന്നത്?
താൻതന്നേ കല്പിച്ചറിഞ്ഞുകൊള്ളുക.

നാരദൻ:—(പ്രവേശിച്ച്, സംഭ്രമത്തോടെന്നപോലെ)

ചിമ്മിക്കൊൾകിന്ദുസൂര്യേക്ഷണ, മിഴികളി:-താ,
രാഹു വന്നെത്തിടുന്നു;
കാണ്മാൻവെയ്യാതൊളിപ്പിച്ചരുളുക, പകയോ-
ട്ടീയ്ക്കുമിക്കുംഭിചർമ്മം;
ദ്ദൂരത്തെങ്ങാനുമിട്ടേയ്ക്കുക, പടപൊരുതൽ-
ക്കുററമേശിപ്പതാമി-
ശ്ശൂലം; ജീവിച്ചുകൊൾകെൻതിരുവടി മുനിയായ്-
ത്തന്നെ; യുദ്ധോഗ്രർ, ദൈത്യർ! 16

ശിവൻ:—(ക്രോധത്തോടേ)

സമരപരിചിതൻ ഞാനേതുദൈത്യന്നുമെന്നും;
കൊതിയെവനു മഹർഷേ, ചൊല്ക,ചൊല്കാ,ശു ചാകാൻ?

---

* അന്തർഗ്ഗതം മറച്ചു, മറെറാരു മട്ടിൽ പറയൽ.

16. ശിവന്റെ ഇടംകണ്ണു ചന്ദ്രനും, വലംകണ്ണ് സൂര്യനുമത്രേ; രാഹു ചന്ദ്രസൂര്യന്മാരെ ഗ്രസിയ്ക്കുമല്ലോ. പക=ഗജാസുരവധത്താലുള്ള വൈരം. കുംഭിചർമ്മം=ആനത്തോൽ. പടപൊരുതൽക്കുററം=ശൂലം കയ്യിൽക്കണ്ടാൽ യുദ്ധത്തിന്നൊരുങ്ങി എന്ന കുററം (അസുരരാൽ) ചുമത്തപ്പെട്ടേയ്ക്കും! മുനിയായ്ത്തന്നെ=ദക്ഷിണാമൂർത്തിയുടെ തപോധ്യാനം സ്മരിയ്ക്കുക. യുദ്ധോഗ്രർ=യുദ്ധത്തിൽ ഘോരന്മാർ. അവരോടു പൊരുതാൻ നിന്തിരുവടി ആളാകയില്ലെന്നു, ശിവനെ ക്രുദ്ധനാക്കുന്നു.

Digitized By Kerala Sahitya Akademi

വിഗതകദനമാക്കീടട്ടെ വിണ്മണ്ഡലത്തെ,
പ്രളയഘനരവോദ്യജ്ജ്യാനിനാദം പിനാകം! 17

ഇന്ദ്രൻ:—(ഹർഷത്തോടേ) ഭാഗ്യം, ശിവന്റെ ഹൃദയത്തിൽ രൌദ്രരസം കുടിയേറിക്കഴിഞ്ഞു! നന്നായി, നാരദ, നന്നായി: ഭവാൻ ആപത്സമുദ്രത്തിന്റെ അക്കരയ്ക്കെത്തിച്ചു!

നാരദൻ:—(ഒരു വശത്തെയ്ക്കു നോക്കിയിട്ട്) വജ്രത്തിന്റെ മൂർച്ച കെട്ട സഹസ്രാക്ഷ, ഭവാനെന്താണുണർത്തിയ്ക്കാത്തത്?

ഇന്ദ്രൻ:—(ഖേദത്തോടേ നെടുവീർപ്പിട്ട്) മഹാമുനേ, പരിഹാസ്യനായിത്തീർന്ന ഞാൻ എന്തുണർത്തിയ്ക്കും?

കാഠിന്യം കുലിശത്തിൽനിന്നു കരളിൽ-
പ്പുക്കിക്കിടപ്പായ് ഭയ-
പ്പാടാൽ: ദാനവദുർമ്മദാർത്തമിതു വി-
ള്ളുന്നില്ലയല്ലോ ക്ഷണാൽ;
ബാധം, കാഴ്ചയൊരല്പമില്ല, മിഴിയു-
ണ്ടോരായിരം മെയ്യിൽ മേ;
പാടേ നോക്കിയിരിയ്ക്കയെൻപുകൾ കവ-
ർന്നല്ലോ പരന്മാര, ഹോ! 18

---

17. വിഗതകദനം=കഷ്ടപ്പാട് നീങ്ങിയത്. പ്രള......നാദം=പ്രളയമേഘഗർജ്ജിതം പോലെ പുറപ്പെടുന്ന ഞാണൊലിയോടുകൂടിയത്. പിനാകം—ശിവന്റെ വില്ലിന്റെ പേർ.

18. വജ്രത്തിന്നൊത്ത കടുപ്പംകൊണ്ടാണ്, എന്റെ ഹൃദയം വിള്ളാത്തത്. എന്നാൽ, കണ്ണുണ്ടായിട്ടും ഒരിത്തിരിയും കാഴ്ചയില്ലാത്തത് അഹഹാ (അദ്ഭുതം)തന്നെ. ദാ. നവദുർമ്മദാർത്തം=അസുരന്മാരുടെ ദുർമ്മദംമൂലം അഴൽപ്പെട്ടത്. പരന്മാർ=ശത്രുക്കൾ.

Digitized By Kerala Sahitya Akademi

ശിവൻ:—(ഉത്സാഹത്തോടേ) ജംഭശാസന, ഭവാൻ എന്തി നിങ്ങിനെ വാടിത്തളരുന്നു? ഭവാന്റെ വജ്രക്കൊട്ടതി ച്ചിന്ന് എത്രയുണ്ട്, അസുരപ്പുൽക്കൂട്ടം?

ഇന്ദ്രൻ:—(വണക്കത്തോടേ.)

എന്തിന്നു മേനി പറയുന്നു? നശിച്ചു വജ്ര;-
മെന്നാൽബ്ഭവാന്റെ മഹിമാവവിനാശിയല്ലോ;
ഔദാസ്യമാന്നു തിരുമേനി മടിച്ചിരുന്നാ-
ലാരുള്ളു, ദൈത്യഭുജദണ്ഡമറുത്തുതള്ളാൻ? 19

ശിവൻ:—(ഖേദത്തോടേ) അയ്യോ, പുരുഹൂത, എന്താണി പ്പറഞ്ഞത്? ശിവന്നു സ്വപ്നത്തിൽപ്പോലുമില്ല, ദേവ കാര്യങ്ങളിൽ ഉദാസീനത!

ഇന്ദ്രന്റെ ചൊല്ലിന്നു വഴങ്ങുമെന്റെ
ശൂലം ശിരശ്ശൂലമെവന്നു നല്കാ?
പിനാകമാരെപ്പിണമാക്കുകില്ലാ?
കാരമാരെക്കുഴിയിൽപ്പെടുത്താ? 20

യമൻ:—(ശ്രാന്തിയോടേ) ദേവന്മാർ ചത്തുപോയോ, അസു രന്മാരോടമർത്തുപൊരുതുകയാകുന്ന വിനോദത്തിന് ഉഗ്രഭഗവാനെ ഉഴറിപ്പാൻ? ദേവദേവ, ഇവിടുത്തെ വരപ്രദാനവൈഭവം ശങ്കിച്ചാണ്, ഞങ്ങളും അവരിൽ

19. ഔദാസ്യം=ഉദാസീനത.

20. ശിരശ്ശൂലം=തലവേദന. പിണം=ശവം, കാരം=മഴു;

Digitized By Kerala Sahitya Akademi

ച്ചുണ കാട്ടാഞ്ഞതത്. എന്നാലിനി,
അല്ലിത്താരെതിർകൈകൾ [illegible] ങ്ങിവ, രമി-
ച്ചൂട്ടേ പേടമസ്ത്രങ്ങൾ [illegible]-
ത്തി;-ല്ലില്ലാഹവവേലയിൽ [illegible] ദ്ദയമൊരു-
ത്തന്നും ഭേദ്ദാസരിൽ;
എല്ലിൻപൊട്ടലിലൊച്ച പൊങ്ങുമസുരാ-
ങ്ഗത്തെപ്പിളുക്കിച്ചത-
ച്ചുല്ലാസാൽക്കളിയാടിടട്ടെ, കൊടുതാ-
മിദ്ദണ്ഡടർച്ചേരിയിൽ! 21

അഗ്നി:—(ക്രോധത്തോടേ, ആകാശത്തിൽ ലക്ഷ്യം ബന്ധിച്ച്)
കല്പാന്തത്തിലെ നിർഭരോഗ്രതയോടെൻ-
നാളങ്ങളേ, നിങ്ങളെ-
ങ്ങോപ്പേരും സഹസാ മുതിർന്നുയരുവിൻ,
ഞാൻ നിന്നുപോരാടവേ;
മുല്ലാടഭ്രനനൃാസൈന്യവിപിനം
ഞാൻതാൻ ദഹിപ്പിയ്ക്കയാ-
ലപ്പുസ്സ്വാഹുതിയാസ്വരട്ടെ;യിതരാ-
മർത്ത്യപ്രകോപോദയം! 22

---

21. പെദമസ്ത്രങ്ങൾ=ഭവാന്റെ ആയുധങ്ങൾ. ദണ്ഡ്—യമന്റെ പ്രധാനായുധ[illegible]

22. നാളങ്ങൾ=ജ്വാലകൾ. മന......പിനം=ദാനവസൈന്യമാകുന്ന കാട്. മസ്സ്വാഹുതി=വെണ്ണീറിൽ ഹോമിയ്ക്കൽ; ഇതു വെറുതെയാണല്ലോ. ഇത......ദയം=മററു ദേവന്മാരുടെ വയിച്ച കോപം.

Digitized By Kerala Sahitya Akademi

നാരദൻ:—(ഹഷത്തോടേ ചിരിച്ച്) ഹേ സമീരണ, നോക്ക, നോക്ക, അങ്ങയുടെ സ്നേഹിതൻെറ ഔദ്ധത്യം!

വായു:—സഖേ, നാരദ,

ദൈതേയരാം ശാഖികളെ, പ്രഭഞ്ജനൻ
ഞാൻതന്നെ മുല്പാട്ട പുഴക്കിവീഴ്ത്തുവൻ;
ശവം ചുട്ടം വഹ്നിയെരിച്ചിടട്ടെതാ-
ന,വററിനെ സൂര്യനണക്കിടട്ടെതാൻ. 23

നാരദൻ:—(ഹഷത്തോടേ) ഭാഗ്യംകൊണ്ട ധമ്മം വധിയ്ക്കട്ടെ, വധിയ്ക്കട്ടെ! ദേവന്മാക്കിത്രയും അരിശം മൂത്തിരിയ്ക്കേ, ദാനവന്മാരുണ്ടോ, 'വെള്ളത്തിൽ മുങ്ങിക്കിടന്നാലും ജീവിയ്ക്കുന്നു?

വരുണൻ:—(ഗവ്വോട്ടം വണക്കത്തോട്ടംക്രുടി)
കണ്ഠത്തിൽക്കട്ടപാശമിട്ടടിപെട്ട-
ത്തുഴിച്ചുവട്ടിൽബ്ബലാൽ-
(തന്നെച്ചുണ്ടി)
ക്കൊണ്ടാക്കാം തടവററപാം-
പതിയിവൻ, ഭൃത്യരാം ദൈത്യരേ;
കൊണ്ടാടുന്നടർ കൈവരാതെ ശപഥം
പാഴായ്പ്പതുങ്ങും സുര-
ക്കണ്ടാകൊല്ലിതിലീറ;യപ്പടി മുനേ,
ചെയ്യേന്നാപേക്ഷിപ്പു ഞാൻ! 24

---

23. എരിച്ചിടട്ടെതാൻ, മണക്കിടട്ടെതാൻ-എരിയ്ക്കുകയോ മണക്കുകയോ ചെയ്യട്ടെ.

24. അപാംപതി=ജലനാഥൻ. ശപഥം=ദൈത്യവധപ്രതിജ്ഞ. യുദ്ധം ആസ്പദിയ്ക്കാൻകിട്ടാഞ്ഞ. പ്രതിജ്ഞാഭംഗവൈലക്ഷ്യം എന്നിവയാൽ ദേവന്മാർ എന്റെ പേരിൽ അരിശംകൊള്ളാത്തവിധം ചെയ്യേണ്ടിയിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

നാരദൻ:—സഖേ, കുബേര, അങ്ങു ധനദനാണ്; എന്നാൽ, ഇപ്പോഴ് ശത്രുക്കൾക്കു *നിധനദനാകുക!

കുബേരൻ:—സഖേ, നാരദ,

എൻകൈത്തൂൺമികവോ ശിവപ്രണയമോ
ചിന്തിയ്ക്കയാലെ,നൊടൊ-
ത്തങ്കംവെട്ടുവതിന്നു തീരെ വരുമാ-
റില്ലാ സുരദ്രോഹികൾ;
തന്മൂലം ചിരകാലമായ്സ്സമരദു-
ർഭിക്ഷത്തിൽ മാഴ്കുന്നൊനി-
യ്ക്കുന്മേഷപ്രദമാം രണോത്സവമിതി-
ന്നീ,ശൻെറ മുഖിൽത്തുലോം! 27

നാരദൻ:—(ഹർഷത്തോടേ) ഭാഗ്യം, ഞാൻ കൃതാർത്ഥനായിക്കഴിഞ്ഞു! ഇനി മററാരെയും നോക്കേണ്ടതില്ല.

നിരൃതി:—(ക്രോധത്തോടേ ആത്മഗതം) എയ്, എന്നെ സാധാരണനിലയിൽപ്പോലും ഗണിയ്ക്കുന്നില്ല, ഈ ബ്രാഹ്മണച്ചെറുക്കൻ! ആകട്ടെ, ഇങ്ങിനെ പറയാം. (പ്രകാശം.)

വീരൻ നാരദ, ഞാനൊരുത്തനസുര-
ന്മാരെപ്പിളത്തുന്നതിൽ;
സ്ഥാരം മേ ഗരിമാവിത,ങ്ങു വകവെ-
യ്ക്കാഞ്ഞാലിടിഞ്ഞെയ്ക്കുമോ?

---

* നിധനദൻ=നിധനത്തെ (=കൊലയെ) കൊടുക്കുന്നവൻ.

27. സുരദ്രോഹികൾ=അസുരന്മാർ,

Digitized By Kerala Sahitya Akademi

പോരാട്ടത്തിലൊരിമ്പമേ ബത, ഭവാ-
  ന്നുള്ളു, വെറും ചാപലം!
ശ്ശൂരൻ, കാതരനെ,ന്ന ഭേദമെവിടെ-
  ത്തേറുന്ന വിപ്രൻ ഭവാൻ? 26

നാരദൻ:—(ഹർഷത്തോടേ ആത്മഗതം) ഭാഗ്യം, ഇയ്യാളും ഞങ്ങളുടെ പക്ഷക്കാരൻതന്നെയായി! അരിശംകൊള്ളട്ടെ, അരിശം കൊള്ളട്ടെ: എനിയ്ക്കു തുലോം പ്രിയം, പ്രിയം! (വണക്കത്തോടേ പ്രകാശം)

വീരാഗ്രേസരനായ് ക്ഷപാചര, ഭവാ-
  നല്ലാതെയാരുണ്ടൊരാ-
ളാ?-രാജിയ്ക്കുവതുണ്ട, താവകകരേ,
  വാളാം പ്രധാനായുധം;
പോരിന്നാൎത്ഥന, ദേവകാൎയ്യവശനാ-
  മീയങ്ങയോടെന്തിനാ-
ണാ?-രാൻ ചെയ്യുകമൂലമോ, വിധി ഘടി-
  പ്പിയ്ക്കുന്നതിപ്പോരിനെ? 27

നന്ദി:—(സ്പൃഹയോടേ) സുരഗുരോ, ഇപ്രകാരമുള്ള ഒരസുരനെ കേൾക്കാനുള്ള കൌതുകം എന്നെ തികച്ചും വായാടിയാക്കുന്നു:

---

26 സ്ഫാരം=വർദ്ധിച്ചത്. ഗരിമാവ്=ഗൌരവം, ഔന്നത്യം. കാതരൻ=ഭീരു. എവിടെത്തേറുന്നു—എങ്ങും അറിയുകയില്ല.

27. ഘടിപ്പിയ്ക്കുക=ചേൎത്തിണക്കുക.

Digitized By Kerala Sahitya Akademi

അസ്സ്വോദയസ്ഥിതിയൊരുത്തനു ലാഘവ്യമോ? വ-
മ്പൊരുത്തനാ,യാളൊരുവനേ പരമുള്ളുവെന്നോ?
വിത്രസ്തരായ് വളരെയാളുകളങ്ങസാ ദേ-
ന്നൊത്താണ,വന്റെ കൊലയിൽത്തുനിയുന്നതല്ലോ! 28

അതിനാൽ പറയു, ആരാണീ വീരശിരോമണി?

ബൃഹസ്പതി:—* ശിലാദനന്ദന, പറഞ്ഞിട്ടുവേണമോ, മൂന്നു ലോകത്തിന്നും ധൂമകേതുവെന്നപോലെ വ്യോമചാരിയായ ഈ ത്രിപുരനെ അറിയുക?

തിങ്ങും തീജ്ജ്വാലയാൽ വാനിനൊ'രുഴിയ'ലനു-
ഷ്ഠിച്ചു, ദുഷ്പ്രേക്ഷമായ്-ദ്ദി-
ക്കെങ്ങും ചീറുന്ന ചെന്തീപ്പൊരിനിരയിലൊളി-
പ്പിച്ചു,യാഠംതൻ ശരൌഘം
ഗംഗാംബുത്തൊപ്പി ഛോരം ഹരശിരസി തിമ-
ർക്കുന്നതുണ്ടേററ;-മെന്നാ-
ലങ്ങാസ്ഥാംസ്ഥാംരവം ത്തച്ചെവിയിലണവതി-
ല്ലം,പാർത്തൻ ഭാഗ്യദോഷാൽ! 29

ഈ വ്യോമചാരി വ്യോമത്തെ മാത്രമല്ല മൂടിയ്ക്കുന്നത്; ഭൂമിയേയും ഇവൻ വല്ലാതെ വലയ്ക്കുന്നുണ്ട്; ആ പാ

---

28 അസ്തം=അസ്തമയം. വിത്രസ്തരായ്=പേടിച്ച്. അവന്റെ കൊലയാൽ—അവനെ കൊല്ലാൻ.

*ശിലാദനന്ദന=ഹേ ശിലാദന്റെ മകനേ.

29. ഉഴിയൽ=നീരാജനം. ദുഷ്പ്രേക്ഷം=നോക്കാവല്ലാത്തത്. സ്ഥാംസ്ഥാംരവം=സ്ഥാം സ്ഥാം എന്നശബ്ദം.

Digitized By Kerala Sahitya Akademi

താളനായകനായ പന്നഗപ്പെരുമാളെത്തന്നെയും ഇവൻ ചതച്ചിരിയ്ക്കുന്നു!

(അനന്തരം ഭൂമി പ്രവേശിയ്ക്കുന്നു)

ഭൂമി:—(ഉദ്വേഗത്തോടേ ആകാശത്തു ലക്ഷ്യം ബന്ധിച്ച്) ഭഗവൻ, കമലോദ്ഭവ, അങ്ങയെ ഞാനെന്തിനു ശകാരിയ്ക്കുന്നു? കഷ്ടം, അങ്ങയുടെ ഈ കെട്ടവിളയാട്ടം!

സാമാന്യമായെട്ടു കുലാചലങ്ങളും
ദിക്കുഞ്ജരപ്രൌഢരുമപ്ഫണീന്ദ്രനും
എന്നെച്ചുമന്നീടണമെന്നു നണ്ണിയി-
ട്ടാണോ ചതിപ്പിപ്പതു, ചണ്ഡദൈത്യരാൽ! 30

ഞാൻ അങ്ങയെ സമീപിയ്ക്കുകയില്ല; അങ്ങയേയും സൃഷ്ടിച്ച ചന്ദ്രചൂഡനെത്തന്നേ ശരണം പ്രാപിയ്ക്കും. (ചുററി നടന്നു കാലിടച്ച് നടിച്ചു സലജ്ജം) അയ്യോ, ഞാൻ തികച്ചും അബലതന്നെയായിത്തീൎന്നു; എന്നെ ആരൊന്നു പിടിയ്ക്കും? ആ പന്നഗപ്പെരുമാറും അകലത്താണല്ലോ!

(അനന്തരം മനുഷ്യവേഷത്തിൽ അനന്തൻ പ്രവേശിയ്ക്കുന്നു.)

അനന്തൻ:—ഭഗവതി, ഭൂതധാത്രി, എന്നെ പിടിച്ചുനിന്നുകൊൾക.

ഭൂമി:—(നോക്കിയിട്ട്) എയ്, നാഗരാജാവു വന്നിരിയ്ക്കുന്നു. നാഗരാജാവേ, ഇവിടെ അങ്ങയെ പിടിയ്ക്കുന്നതിൽ വജ്രമയിയായ എനിയ്ക്കു ലജ്ജ തോന്നുന്നു: ഞാൻ മറന്നേയ്ക്കുമോ, ദുസ്സഹമായ ദൈത്യശരവഷത്താൽ വട്ടം

30. കുലപൎവ്വതാദികളുടെ വഹനശക്തി പരീക്ഷിപ്പാനാണോ, ഞെരിപ്പിയ്ക്കുന്നത്! ചണ്ഡദൈത്യരാൽ=ക്രൂരരായ അസുരന്മാരെക്കൊണ്ട്. വജ്രമയി=അതികഠിന.

Digitized By Kerala Sahitya Akademi

ചുററുന്ന എന്നെ ചുമന്ന ഭവാന്റെ * വള പൊളിഞ്ഞു നൊന്ത പത്തിപ്പരപ്പിനെ?

അനന്തൻ:—ഭഗവതി, ഭാഗ്യശാലിയാണ്, ഞാൻ; സൎവാധാരഭൂതയായ ഭൂദേവി ഈപ്രകാരം ബഹുമാനിയ്ക്കുന്നുണ്ടല്ലോ! പിടിച്ചുകൊൾക; ഇതാ, സമീപത്തുതന്നെയുണ്ട്, ഭഗവാൻ പാൎവതീവല്ലഭൻ പുരന്ദരാദിദേവഗണത്താൽ ഉപാസ്യമാനനായി സ്ഥിതിചെയ്യുന്നു. വരിക; നമുക്ക് അടുത്തു ചെല്ലാം.

(രണ്ടുപേരും അടുത്തു ചെല്ലുന്നു.)

ഭൂമി:—ഭഗവാനേ, സൎവലോകങ്ങളേയും സൃഷ്ടിച്ചു രക്ഷിച്ചു സംഹരിയ്ക്കുന്ന പരമേശ്വര, നിന്തിരുവടിയ്ക്കു നമസ്കാരം!

ശിവൻ:—(സംഭ്രമത്തോടേ) ഏയ്, ഇതെന്താണ്?

പൊങ്ങുന്ന വീൎപ്പുകളിൽ വേണിയുലഞ്ഞു, കണ്ണീർ
തിങ്ങും മുഖത്തൊടു,മിടന്ന നടത്തമോടും,
അംഗം വാറിച്ചൊരഴൽ പോലുപയാതയാം നി
ഞങ്ങൾക്കു മേദിനി, മനഃക്ലമമേകിടുന്നു! 31

അതിനാൽ പറയുക ഇതെന്താണ്? ഭഗവതി, വസുന്ധരേ, സൎവജഗൽപൂജനീയേ, ഇതൊരു വമ്പിച്ച അത്യാഹിതംതന്നെ.

അപൂൎവയായുള്ളൊരു മേഘമാല-
യാണവൎക്കു, ഭൂരിരസാഢ്യയാം നീ;

31. വള=പാമ്പിന്റെ തോലു. ഉപയാത=സമീപപ്രാപ്ത. ക്ലമം=തളൎച്ച.

Digitized By Kerala Sahitya Akademi

താഴത്തുമേവും തവ ഹവ്യകവ്യ-
വർഷാൽ മൂകരാം പ്രജകളും കളിപ്പൂ! 32

ഭൂമി:—(സവിനയം) ഭഗവൻ, എന്താണിത്ര ആത്മപ്രശംസ? ഇവിടുത്തെ ഒരംഗം തന്നെയല്ലേ, ഞാൻ?

ശിവൻ:—(അനന്തനെ നോക്കിയിട്ട്)

പൃഥ്വീപ്രകമ്പാൽത്തൊലിയുന്നൊരന്ത-
പത്തിയ്ക്കനേകം വ്രണമാർന്ന താങ്കൾ
കൊത്താതെ താനെങ്ങളെയുണ്ടു നെഞ്ചിൽ-
ക്കൊത്തുന്ന കാകോളധരേശിതാവേ! 33

അനന്തൻ:—(വാശിയോടെ) ഇവിടുത്തെ ആജ്ഞയ്ക്കധീനനാണ്, ഞാൻ; പോരാത്തവനല്ല:

ഉരത്തിളക്കും ഊത്തുകാററിയല്പമായിരംപത്തിയാൽ-
പ്പുറത്തുവിട്ടുകില്ലയോ വിയതി കത്തിയാളും വിഷം?
പുരാസുരനതിൽദ്ദഹിച്ചുതീരയില്ലയോ, ശക്തമാ-
ളുരില്ലൊരുപശാന്തിയേല്പതിന്നു, മന്ത്രമോ, തന്ത്രമോ! 34

---

32. അപൂർവ്വ=സാധാരണമല്ലാത്ത. ഉർവ്വര=(വിളവേറിയ) ഭൂമി. മേഘമാലാപക്ഷത്തിൽ രസത്തിന്നു വെള്ളമെന്നർത്ഥം. മൂകരാം പ്രജകളും=ഊമകളായ ജീവലോകങ്ങൾ പോലും. ഹവ്യം ദേവലോകത്തിന്നുള്ളത്; കവ്യം പിതൃലോകത്തിന്നും.

33. പൃഥ്വീപ്രകമ്പാൽ=ഭൂമിയുടെ വമ്പിച്ച ഇളക്കംമൂലം. കാകോ......താവേ=സർപ്പരാജാവേ. താങ്കളെക്കണ്ടിട്ടു ഞങ്ങൾ സർപ്പങ്ങളൊന്നുപോലെ വേദനക്കൊള്ളുന്നു.

34. ഊത്തുകാററ്=ഊത്തുപോലത്തെ വായു. ഇവിടുത്തെ ആജ്ഞ കിട്ടായ്കയാലാണ്, ഞാൻ വിഷാഗ്നിയെ വ്യാപിപ്പിച്ചു ത്രിപുരാസുരനെ ദഹിപ്പിക്കാത്തത്. വിയതി=ആകാശത്ത്.

Digitized By Kerala Sahitya Akademi

നാരദൻ:—(ഹർഷാശ്ചര്യങ്ങളോടേ) നല്ലത്, നല്ലത്: ഭൂഭാരം വഹിയ്ക്കുന്നതിൽ മാത്രമല്ല, പോർഭാരം വഹിയ്ക്കുന്നതിലും മുമ്പൻതന്നെയാണ്, നാഗപ്പെരുമാൾ. (തണുപ്പുനടിച്ചിട്ട്) എന്താണ്, ഇങ്ങിനെയുള്ള ദുഃഖച്ചൂടിലുംകൂടി ദുസ്സഹമായ തണുപ്പുതോന്നുന്നത്? (മുമ്പിൽ നോക്കിയിട്ട്) എയ്, ഇതാ, പർവതപ്പെരുമാൾ വന്നിരിയ്ക്കുന്നു. (ഹർഷത്തോടേ) വരൂ, വരൂ, ശൈലരാജാവേ; ശിവശപ്തരു, ത്രിപുരോപദ്രവംമൂലം സന്തപിയ്ക്കുന്ന സുരവൃന്ദത്തെ തണുപ്പിയ്ക്കു.

ഹിമവാൻ:—(പ്രവേശിച്ച്, പശ്ചാത്താപത്തോടേ കൈ കൂടഞ്ഞ്) ഹേ മുനിശ്രേഷ്ഠ,

> ആരെന്തു ചെയ്യുമിഹ: തീരെ, മുടന്തരല്ലോ,
> സ്വാരാജവജ്രഹതിയാൽച്ചിറകററ ഞങ്ങൾ!
> സ്വൈരം പറക്കിലതുലാത്മഭരേണ, വാനിൽ-
> പ്പാറുന്ന ദൈത്യഘടയെപ്പൊടിയാക്കുകില്ലേ? 35

എന്നാൽ, അചരനെങ്കിലും കാമരൂപനായ ഞാനിപ്പോൾ ശിവൻെറ അപേക്ഷ നിറവേററാം.

നാരദൻ:—(സവിനയം) ദുർദ്ദർശനായ ത്രിനയന, ആരെയാണിനി കാത്തിരിയ്ക്കുന്നത്? ദേവയാനം ത്രിപുരരാൽ രോധി

---

35. ആരെന്തുചെയ്യുമിഹ—ഞങ്ങളിൽആരും ഇക്കാര്യത്തിൽ ഒന്നും ചെയ്യുകവയ്യ. മുടന്തർ=ഗമനാശക്തർ. സ്വൈരം=യഥേഷ്ടം. പറക്കകിൽ—പറക്കാൻ കഴിവുണ്ടായിരുന്നുവെങ്കിൽ. അതുലാത്മഭരേണ=നിസ്തുല്യമായ ഞങ്ങളുടെ കനംകൊണ്ട്. പാറുന്ന—സഞ്ചരിയ്ക്കുന്ന. ഘടം=സമൂഹം.

Digitized By Kerala Sahitya Akademi

യ്ക്കപ്പെട്ടതിനാലാണ്, സൂര്യചന്ദ്രന്മാർ ഇവിടെ വന്നുചേരാഞ്ഞത്.

നന്ദി: (പുറവും നോക്കി, സംഭ്രമത്തോടേ) അയ്, ഇതെന്താണ്?

പേർത്തും ഗമിച്ചു നിശ; കാർമുകിൽമൂടലില്ലാ;
വാർദ്ധക്യമെല്ലു രവി, യൌവനവേളയിൽത്താൻ;
ഓർത്തോളമദ്ഭുത, മകാലികമാമിരുട്ടിൻ-
ചാർത്തൊന്നിതാ ബത,മുളച്ചുയരുന്നു പുറവും! 36

(എല്ലാവരും *ചമൽക്കാരത്തോടേ നോക്കുന്നു.)

(അണിയറയിൽ)

മൂർദ്ധാവറാഞ്ഞു വെളിവാക്കിവരുന്നതാരോ
ദൈത്യാവമർദ്ദിഹരിചക്രബലാപകർഷം,
ചിത്തുള്ള രോഷമൊടു ഭീഷണദംഷ്ട്ര കാട്ടി
നേർത്താ വിധുന്തുദനിതാ, രവിയെ ഗ്രസിപ്പൂ. 37

അതിനാൽ രക്ഷിയ്ക്കുക, ശൌര്യമേറിയ വല്ല വാനവനും ഇവിടെയുണ്ടെങ്കിൽ!

ശിവൻ:—(വാശിയോടേ)നന്ദിൻ, കൊണ്ടുവാ, എൻെറ വില്ല്: ചിക്കെന്നു നീങ്ങട്ടേ, അക്കലോകത്തിൻെറ ദുഃഖം!

നന്ദി:—എയ്, എന്തു കെട്ടവാശിയാണിത്, ദേഹമില്ലാത്ത രാഹുഗ്രഹത്തെ പിടിയ്ക്കാൻ? ത്രിപുരദഹനംതന്നേ

---

*ചമൽക്കാരം=ചമൽ എന്ന ശബ്ദം.

37. സുദർശനമേററിട്ട രാഹുവിൻെറ തലയററില്ലല്ലോ; അതു ചക്രത്തിൻെറ ബലക്കുറവാലാണെന്ന്. നേർത്ത്=നേരിട്ട്. വിധുന്തുദൻ=രാഹു.

Digitized By Kerala Sahitya Akademi

തുടങ്ങുക: അവനാണല്ലോ, ദേവയാന-പിതൃയാനങ്ങളെ തട്ടുത്തു, ധർമ്മമാർഗ്ഗത്തെ മുച്ചൂടും മുടിയ്ക്കുന്നത്.

(അണിയറയിൽ, ക്രോധത്തോടെ)

ആ, ആരാണീ ധർമ്മധ്വംസകൻ?

ധർമ്മം സദൈവ ബലശാലി ജയൈകമൂലം;
ധർമ്മം ദൃഢസ്മരണശീലനു രക്ഷിതാവാം;
അജ്ജംഭകൈടഭഗജാന്ധകതാരകാദി-
ധർമ്മപ്രമാഥികളിലാർക്കൊരു നന്മ കിട്ടീ? 38

നാരദൻ:—(ഹർഷത്തോടേ) എയ്, എൻെറ ജ്യേഷ്ഠനായ ബ്രഹ്മപുത്രൻ ധർമ്മൻ വന്നെത്തിക്കഴിഞ്ഞു.

ധർമ്മൻ:—(പ്രവേശിച്ച്) ഭഗവാനേ, സമസ്തജഗദാധാരമേ, ഇതാ, ധർമ്മൻ തിരുവടിയെ നമസ്കരിയ്ക്കുന്നു!

ശിവൻ:—ധർമ്മ, എന്താണിങ്ങിനെ പറയുന്നത്? നമുക്കും ആധാരമാണല്ലോ, വൃഷരൂപിയായ ഭവാൻ. ഇവിടെ ഇരിയ്ക്കു.

ധർമ്മൻ:—മഹേശ്വര, ലോകം ത്രിപുരോപദ്രുതമായിരിയ്ക്കെ ഇവിടെത്തന്നെ, എനിയ്ക്കിരിപ്പ്.

നാരദൻ:—(പെട്ടെന്ന് അടുത്തുചെന്നു, സവിനയം) ഭഗവൻ, ധർമ്മ, ഇതാ, അനുജൻ നാരദൻ അങ്ങയെ അഭിവാദ്യം ചെയ്യുന്നു. (നമസ്കരിയ്ക്കുന്നു.)

ധർമ്മൻ:—(ഹർഷത്തോടേ) ഉണ്ണി, കലഹപ്രിയ,

---

38. ദൃഢസ്മരണശീലൻ=ദൃഢമാംവണ്ണം ധ്യാനിച്ചു പോരുന്നവൻ.

Digitized By Kerala Sahitya Akademi

സുരർ നമ്മുടെ പങ്കിൽ നിന്നു ദർപ്പോ-
ദ്ധതരാം ദൈത്യരെ നിഗ്രഹിയ്ക്കയാലേ
കൊട്ടതാം കലഹം ചമയ്ക്കുവൻ ഞാൻ,
തവ മോദത്തിനു,മെൻറയുന്നതിയ്ക്കും. 39

നാരദൻ:—(സഹർഷം) ഭഗവാനേ, ഇവിടുന്നു പങ്കിൽ നിന്നാൽ, ദേവന്മാർക്കു വിഷ്ണുഭഗവാനാവും, സേനാപതി; പിന്നെയുണ്ടോ, വിജയസംശയം? 'ധർമ്മമെങ്ങു,വിടെ കൃഷ്ണൻ; കൃഷ്ണനെങ്ങവിടെജ്ജയം!'

സ്കന്ദൻ:—(അരിശത്തോടെ ആത്മഗതം) എന്ത്, സേനാപതിയായ എന്നെത്തള്ളി വിഷ്ണുവാകുമോ, ദേവന്മാർക്കു സേനാപതി! (വാശിയോടെ പ്രകാശം) ഹേ നാരദ,

ആണത്തം മുഴുവൻ വെടിഞ്ഞൊ,രു വെറും-
പെണ്ണായി മാറില്ല ഞാൻ;
താണവ്വണ്ണമിരന്നിരന്നു ചെറുതാ-
കാനും തുടങ്ങാ മുനേ;
മീനും പന്നിയുമാമയും പലതുമായ്-
ത്തീരേണമെന്നില്ല മേ;
സേനേശൻ പുരുഷോത്തമൻ സുരതതി-
യ്ക്കെൻമട്ടുകാർ പററിടാ! 40

---

40. മോഹിനി, വാമനൻ, മത്സ്യകൂർമ്മവരാഹങ്ങൾ മുതലായ അവതാരങ്ങളെ ആസ്പദമാക്കി, 'പുരുഷോത്ത'മനെ(=വിഷ്ണുവിനെ)പരിഹസിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

നാരദൻ:—(സഹർഷം)ദേവഗണത്തിന്റെ മഹാഭാഗ്യം: ഇതാ, ഗിരിശപുത്രൻ അരിശംകൊണ്ടു! (പെട്ടെന്ന് അടുത്തുചെന്നു സ്കന്ദനെ മൂൎദ്ധാവിൽ മുകൎന്നിട്ട്)

അബാലവീൎയ്യനിശ്ശൂലി-
ബാലൻ നേടട്ടെ തുഷ്ടിയെ;
ഇദ്ദേഹത്തിൻ പ്രസാദത്താൽ
വൃദ്ധരാകട്ടെ നിൎജ്ജരർ! 41

ശിവൻ:—കാൎത്തികേയ, നീ കഥയില്ലാതെ പുലമ്പുന്നതെന്താണ്? എന്റെ സ്നേഹിതൻ നാരായണൻ നിനക്കപ്പനാണ്.

സ്കന്ദൻ:—(സവിനയം) അപ്പനാണെങ്കിൽ, ഞാനിരിയ്ക്കെ, അച്ഛനോ അപ്പനോ പിതാമഹനോ എന്തിനു യുദ്ധക്ലേശമനുഭവിയ്ക്കുന്നു?

ശിവൻ:—(പുഞ്ചിരിയിട്ട്)നാരദ, ചെന്നു പിതാമഹനേയും വിഷ്ണുവിനേയും കൊണ്ടുവരിക: ഇവർ വരം കൊടുത്തതിനാൽ ഗൎവ്വിയന്ന മുപ്പുരാസുരരെ ഒരിയ്ക്കലും വെച്ചേച്ചുകൂടാ; ഇവരുടെ അനുമതിയോടുകൂടിത്തന്നെയാവാം, ഞാൻ അവരെ ചുട്ടെരിയ്ക്കുക.

നാരദൻ:—അരുളപ്പാടുപോലെ.

(പോയി.)

---

41. അബാലശൌൎയ്യൻ=ബാലന്റേതല്ലാത്ത(മുതിൎന്ന)ശൌൎയ്യമുള്ളവൻ. ശൂലിബാലൻ=ശൂലിയുടെ(=ശിവന്റെ)ബാലൻ—മകൻ. വൃദ്ധർ=അഭിവൃദ്ധിപ്പെട്ടവർ; കിഴവരെന്നും,

Digitized By Kerala Sahitya Akademi

ശിവൻ—ഇന്ദ്രാദിദേവന്മാരേ, നിങ്ങളെല്ലാവരും അവരവരുടെ ദിങ്മുഖങ്ങളിൽ ഒതുങ്ങിനില്പിൻ. ഇതാ, നടന്നുകഴിഞ്ഞു ത്രിപുരദഹനം. അസുരന്മാരുടെ ദൃഷ്ടപ്രേക്ഷമായ മറിമായപ്പണിമാത്രം സൂക്ഷിച്ചുകൊള്ളണം.

ഇന്ദ്രാദികൾ:—(സവിനയം)അരുളപ്പാടുപോലെ.

(എല്ലാവരും പോയി.)

ഒന്നാമങ്കം.

രണ്ടാമങ്കം.

(അളീകൻ പ്രവേശിക്കുന്നു.)

അളീകൻ:—(മുന്നോട്ടുനോക്കി)എയ്, എന്റെ അരുമച്ചങ്ങാതി വിപരീതൻ ഇതാ, പോകുന്നു. അദ്ഭുതമദ്ഭുതം! ഇയ്യാൾ കുരുടനാണെങ്കിൽ ഇത്രവേഗം നടക്കുന്നതെങ്ങിനെ? കുരുടനല്ലെങ്കിൽ, എന്നെ കാണാത്തതെന്താണ്? ആകട്ടെ, വിളിയ്ക്കാം. വിപരീത, വിപരീത, താൻ എവിടെപ്പോകുന്നു?

വിപരീതൻ:—(പ്രവേശിച്ച്, പെട്ടെന്നു നോക്കി സഹർഷം.) അരുമച്ചങ്ങാതി, അളീക, താൻ വിളിച്ചതു, ഭാഗ്യം: ഇല്ലെങ്കിൽ, ഞാൻ തന്നെ കാണാതെ പോയി, തന്നെത്തിരഞ്ഞു കഷ്ടപ്പെട്ടുമായിരുന്നു!

അളീകൻ:—താൻ എന്നെ കാണാഞ്ഞതെന്തേ?

വിപരീതൻ:—ചങ്ങാതി!, മനസ്സുകനത്ത രാജ്യകാര്യം ചുമക്കുന്നതിൽ പതികയാലാണ്, ഞാൻ തന്നെ കാണാഞ്ഞത്.

Digitized By Kerala Sahitya Akademi

അളീകൻ:—(ശങ്കയോടേ)എന്താണ്, രാജ്യകാൎയ്യം?

വിപരീതൻ:—ത്രിപുരസ്വാമിയാൽ തോല്പിയ്ക്കപ്പെട്ട ദേവകരം യോഗംചേൎന്നാലോചിച്ചു, നാരദനെ വിഷ്ണുവിൻേറയും ബ്രഹ്മാവിൻേറയും അടുക്കലെയ്ക്കയച്ചിരിയ്ക്കുന്നു എന്നു ചാരന്മാർ അസുരത്താവുരാനെ അറിയിച്ചിരിയ്ക്കുന്നു.

അളീകൻ:— (അവജ്ഞയോടേ) ദിഗ്ഗജങ്ങളെ ഉപദ്രവിപ്പാൻ മുയലുകളുടെ യോഗംചേരലാണ്, ത്രിപുരസ്വാമിയെപ്പൊരുക്കാൻ ദേവകളുടെ യോഗം ചേരൽ!

വിപരീതൻ:—(ശുണ്ഠിയെടുത്ത്) എടോ അളീക, ചെറുപ്പംമുതല്ക്കേ അരമനയിൽ വളൎന്നു പല പല രാജ്യതന്ത്രങ്ങരം പഠിച്ചവനായ താൻ ഇങ്ങിനെ അഭിപ്രായപ്പെടുന്നാതെന്താണ്? പരമാണുപ്രായനായ ശത്രുവിങ്കൽപ്പോലും കരുതലോടേ ഇരിയ്ക്കേണ്ടയോ?

അളീകൻ:— എന്നാൽ പറയൂ, എന്താണ്, ത്രിപുരസ്വാമിയുടെ അരുളപ്പാട്?

(വിപരീതൻ ചെവിയിൽ പറയുന്നു.)

അളീകൻ:—(സഹൎഷം) കൊള്ളാം, കൊള്ളാം, നല്ല ആലോചനയാണിത്!

വിപരീതൻ:—(ഗൎവ്വോടേ) ചങ്ങാതി, ഇക്കാൎയ്യത്തിൽ താനും ഞാനും പറയണം, 'അസുരന്മാൎക്കു ജയം വിപരീതം, അമരൎക്കു ക്ഷയം അളീകം' എന്ന്. ചെല്ലൂ, താൻ ബ്രഹ്മാവിനെ തെററിദ്ധരിപ്പിയ്ക്കു; നാരദൻ വിഷ്ണുവിൻെറ അടുക്കലാണ്. ഞാനും ശിവനെ തെററിദ്ധരിപ്പിച്ചിട്ടു, പുരന്ദരാദിദേവന്മാരെ തെററിദ്ധരിപ്പിച്ചുകൊള്ളാം.

(രണ്ടുപേരും പോയി.)

വിഷ്കംഭം

Digitized By Kerala Sahitya Akademi

(പിന്നെ, വിഷ്ണുവും നാരദനും പ്രവേശിക്കുന്നു.)

വിഷ്ണു:—(ശങ്കയോടെ) എന്താണിപ്പോഴം, നാരദൻ, ശാരദമേഘം പോലെ രസമില്ലായ്മയും വിവർണ്ണതയും പൂണ്ടിരിയ്ക്കുന്നത്? ഈ തോളിൽത്തൂങ്ങിക്കിടക്കുന്ന വീണപോലും ഒരു ഭാഗമായിത്തീർന്നിരിയ്ക്കുന്നു!

നാരദൻ:— (ഖേദത്തോടെ നെടുവീർപ്പിട്ട്) അല്ലയോ വൈകുണ്ഠ,

ഗീർവാണർതൻ കരുണമായ കരച്ചിലാകം
നാദം ചുരത്തുമഥ മൂർച്ഛന നേൎക്കു ചൊല്ലും;
എൻദുഃഖവീണയിതു മീട്ടുകിലിംപമേകി-
ല്ലങ്ങയ്ക്കുതെന്നു,സുരസൂദ, മൌനമാണ്ടേൻ! 1

വിഷ്ണു:—(സംഭ്രമത്തോടെ)അത്യാഹിതമത്യാഹിതം! നാരദ, സർവ്വലോകങ്ങളിലേയും വൃത്താന്തം താങ്കൾക്കറിയാമല്ലോ; പറയുക അക്കാണിങ്ങിനെ, സുചിരാസ്തമയത്തിനായി ക്ഷണികാഭ്യുദയം?

നാരദൻ:—ഹാ, ദാനവൎക്കു നല്ലകാലം: അതുകൊണ്ടാണല്ലോ, വിശ്വവ്യാപിയായ നിന്തിരുവടി മററൊരുത്തനോടു ചോദിയ്ക്കുന്നത്: ആകട്ടെ, ഞാൻ ഉണർത്തിയ്ക്കുതന്നെചെയ്യാം:

1. എന്റെ ദുഃഖവീണ മീട്ടിയാൽ, ദേവകളുടെ രോദനവും, മൂർഛന (=മോഹാലസ്യം)വുമാണ്, നാദവും മൂർഛന(=ആരോഹാവരോഹക്രമം)വുമായി പുറപ്പെടുക. ഇത് അങ്ങയെ സുഖപ്പെടുത്തില്ല എന്നുകരുതിയിട്ടത്രെ, ഞാൻ മിണ്ടാതെ നില്ക്കുന്നത്! ചുരത്തും=പുറപ്പെടുവിയ്ക്കും. നേൎക്കു ചൊല്ലും—വെളിപ്പെടുത്തും.

Digitized By Kerala Sahitya Akademi

ത്രിപുരേശപരാഭവാഗ്നിയാൽച്ചു-
ട്ടെരിയുന്നിബ്ഭുവനത്രയത്തിനെല്ലാം,
ക്ഷണനേരവുമില്ല ശാന്തിയെന്നായ്,
ത്രിജഗന്നായകനാം ഭവാന്റെ മുന്നിൽ! 2

അത്രതന്നെയല്ല—

വാനത്തില്ലംപർമാതക്കിട, മൊരുനിമിഷം
പോലുമേ ലീലയാടാൻ;
ധ്യാനാൽത്താൻ പോരിനാൽത്താനുടലു വെടിയുവോർ
ചെല്വതില്ലംശുമാങ്കൽ;
മാനാഢ്യത്രൈപുരോഗ്രപ്പടനിര സുരയാ-
നത്തെ രോധിയ്ക്കയാല,-
ന്നൂനാഗ്നിഷ്ടോമകർത്താവിനുമൊരു കഴിവി-
ല്ലി,ന്ദ്രലോകത്തു പോകാൻ! 3

വിഷ്ണു:—നാരദ, അങ്ങും ഇങ്ങിനെ പറയുന്നുവല്ലോ; അങ്ങു കാണുന്നില്ലേ? ഉഗ്രതപസ്സുകൾകൊണ്ട് ഉഗ്രനെ പ്രസാദിപ്പിച്ചിട്ടു, ദാനവർ ഉഗ്രരായിത്തീരുന്നു; ഇതിൽ എന്തു ചെയ്യും, അസ്വതന്ത്രനായ ഞാൻ?

---

2. ധ്യാനാൽത്താൻ പോരിനാൽത്താൻ(=യോഗംകൊണ്ടോ, യുദ്ധംകൊണ്ടോ)ദേഹം ത്യജിപ്പവർ സൂര്യബിംബത്തെ പിളർന്നു ഊർദ്ധ്വലോകം പ്രാപിക്കും. മാനം=ഗർവ്വ്. സുരയാനം=ദേവന്മാരുടെ സഞ്ചാരമാർഗ്ഗം. അഗ്നിഷ്ടോമം—ഒരുതരം യാഗം.

3. ഉഗ്രദർശനം=കണ്ടാൽതന്നെ പേടി തോന്നിയ്ക്കുന്നത്. അമന്ദം=മന്ദമല്ലാത്തത്, ശൌര്യമുള്ളത്.

* ശങ്കരനാരായണമൂർത്തിയെ സ്മരിയ്ക്കുക.

Digitized By Kerala Sahitya Akademi

ഗദായുധം ദൈത്യവിദാരണം സദാ;
സുദൎശനോ മാമകമുഗ്രദൎശനം.
അമന്ദ,മീ നന്ദകവും ചെറുക്കലിൽ;-
ശ്ശിവാജ്ഞയേ നോക്കിയിരിയ്ക്കയാണു ഞാൻ. 4

നാരദൻ:—(ഉപഹാസത്തോടേ) അംപോ, അസുരന്മാരുടെ സുകൃതപ്രഭാവം: അവർ സൎവ്വജ്ഞരെപ്പോലും അനഭിജ്ഞരാക്കിക്കളഞ്ഞുവല്ലോ! ശിവന്റെ അഭിപ്രായത്തിൽ, ജനാൎദ്ദനനാണ്, ത്രിപുരാസുരന്മാൎക്കു വരം കൊടുത്തത്; ഇവിടുന്നു മഹേശ്വരവരം ശങ്കിച്ച് ആ ശത്രുക്കളോടെതിൎക്കുന്നില്ല. ഭൎഗ്ഗഭഗവാൻ എന്നോട് ഇങ്ങിനെ അരുളിച്ചെയ്തിരിയ്ക്കുന്നു:—'എന്റെ രണ്ടാമത്തെ ആത്മാവാണ്, പങ്കുതിദ്ദേഹം കൈക്കലാക്കിയ പത്മനാഭൻ; അദ്ദേഹം വരം കൊടുത്ത അസുരനെ ഹിംസിച്ചാൽ എന്നോട് അദ്ദേഹം കോപിച്ചേയ്ക്കും. അതിനാൽ, ഭവാൻ ചെന്നു കാണുക.'

വിഷ്ണു:—(സവിനയം) നാരദ,

ലാളിച്ചുകൊള്ളട്ടെ രസേന മാം, സ്വയം
മെയ്പ്പാതിയിൽച്ചേൎത്തു വരങ്ങൾ നല്കയാൽ;
സംഗ്രാമസേവാവസരങ്ങളിൽ ശ്ശിവ-
ന്നൊന്നീതെയാകില്ല, ശിലാദനന്ദനൻ! 5

5. സ്വയം അൎദ്ധശരീരമാക്കി വരം തന്നിട്ടുള്ളതിനാൽ ശിവൻ എന്നെ രസേന(വാത്സല്യത്തോടേ)ലാളിച്ചിരുത്തിക്കൊള്ളട്ടെ; എന്നാൽ,യുദ്ധാവസരങ്ങളിൽ ശിവനെ ഞാൻ നന്ദികേശനൊപ്പം യത്നിച്ചു സേവിക്കും.

Digitized By Kerala Sahitya Akademi

നന്ദി:—അയ്യോ, ദേവകളുടെ ദൌർഭാഗ്യാതിരേകം! ദേവകൾ തമ്മിൽ ഇങ്ങിനെ ഒരു കലഹവല്ലി തളിൎത്തുപോയല്ലോ! (പുറവുംനോക്കിയിട്ട്) എയ്, ഞാൻ വിഷ്ണുലോകത്തെത്തിക്കഴിഞ്ഞു. എവിടെയായിരിയ്ക്കാം, വിഷ്ണു? (മുമ്പിൽ നോക്കിയിട്ട്) എയ്, ഇതാ നാരായണൻ നാരദനോടൊന്നിച്ചു സൈ്വരസംഭാഷണം ചെയ്യുന്നു. (ആശ്ചൎയ്യത്തോടേ) ആ, ഇതെന്താണ്; ഇദ്ദേഹമല്ലേ, കരഞ്ഞുവീൎത്ത കണ്ണുമായി, കൈടഭാരിയുടെ കടുഭാഷിതം ധൂൎജ്ജടിയെ ധരിപ്പിച്ചു, നടുക്കത്തോടേ നടകൊണ്ടത്; പിന്നെ, ഇവിടെ* വിഷ്ണുസമീപത്തു കാണപ്പെടുന്നതെങ്ങിനെ? അഥവാ, എളുപ്പത്തിലറിയാവുന്നതല്ലല്ലോ, നാരദൻെറ ഗതി. ആകട്ടെ, അടുത്തുചെല്ലാം (അടുത്തു ചെന്നിട്ട്) ഹേ പുരുഷോത്തമ, ശവ്നെ അവ്വണ്ണം പരിഹസിച്ചിട്ട്, ഇങ്ങിനെ ഇരിയ്ക്കുന്നതെന്താണ്?

ആരക്ഷി പദ്മപരിപൂജിതനായ് ഭവാനാ-
ലാ,രങ്ങയെ ത്രിഭുവനാധിപനാക്കി വിഷ്ണോ,
ഗൌരിയ്ക്കു പോലെയുടൽ പാതി ഭവാനു തന്നാ-
താര,ഗ്ഗിരീശനെ ഹസിയ്ക്കുകതന്നൊരവണം! 6

നാരദൻ:—(ക്രോധത്തോടേ) ഹരി, ഹരി, വെറുതേ ഇങ്ങനെ കൊള്ളരുതാത്തതു പറകയോ?

നന്ദി:—(ക്രോധത്തോടേ) നാരദ, ഭവാൻ കലഹപ്രിയൻ തന്നെ; എന്നാൽ, ശങ്കരനാരായണന്മാരെ ഇങ്ങിനെ കലഹിപ്പിയ്ക്കേണ്ടാ. അങ്ങുതന്നെയല്ലേ, ഗംഗാധരനോടു പ

*. മൂലത്തിൽ പൊടിവ്

Digitized By Kerala Sahitya Akademi

റഞ്ഞത്:—'വിഷ്ണു എന്നോട് ഇങ്ങിനെ അധിക്ഷേപി ച്ചു പറഞ്ഞു കളഞ്ഞു, ആ സ്ഥാണുവിൻെറ ആജ്ഞാക രനാണോ ഞാൻ? ദാനവരെ ഞാൻ യഥേഷ്ടം ഉയൎത്തുക യോ താഴ്ത്തുകയൊ ചെയ്തുകൊള്ളാം?

നാരദൻ:—(ആശ്ചൎയ്യസംഭ്രമങ്ങളോടേ) എന്ത്, ഞാനെപ്പോ ളാണ്, മടങ്ങി മഹേശ്വരൻെറ അടുക്കൽച്ചെന്നത്?

വിഷ്ണു:—(ധ്യാനം നടിച്ചു, പുഞ്ചിരിക്കൊണ്ട്) ഹേ ശിലാദ നന്ദന, ഹേ നാരദ, നില്ക്കട്ടെ, നില്ക്കട്ടെ,വാഗ്വാദം. ഏതോ ഒരു മായാവിദാനവൻ നാരദൻെറ വേഷം കെട്ടി, ശിവ നെ വഞ്ചിച്ചിരിയ്ക്കാം. അതിനാൽ, വല്ല അത്യാപ ത്തും വന്നുകൂടുന്നതിന്നുമുമ്പേ, നന്ദികേശൻ ചന്ദ്രചൂഡഭ ഗവാൻെറ അടുക്കൽ വേഗേന ചെന്നോട്ടെ; ഞാനും വിരിഞ്ചഭഗവാനെക്കൂട്ടി വന്നു കഴിഞ്ഞു.

നന്ദി:—(സലജ്ജം) ഹൃഷീകേശൻെറ കല്പനപോലെ.

(പോയി)

വിഷ്ണു:—നാരദ, ചെല്ലു: ബ്രഹ്മഭഗവാനെ കൂട്ടിക്കൊണ്ടുവരു.

(പിന്നെ, കപടനാരദനാൽ അനുഗമിയ്ക്കപ്പെട്ട ബ്രഹ്മാവ് പ്രവേശിയ്ക്കുന്നു)

ബ്രഹ്മാവ്:---(സക്രോധം) ഉണ്ണി, നാരദ, എൻെറ മകൻ ആ നാരദൻതന്നെയല്ലേ നീ: വിഷ്ണുവിൻെറ ഇത്തരം ധൃ ഷ്ടു നീ സഹിച്ചുവല്ലോ?

കപടനാരദൻ:---(ശങ്കയോടേ ആത്മഗതം) എന്നെ അറി ഞ്ഞുകളഞ്ഞുവോ? ഇല്ല, കോപംകൊണ്ടാണ്, ഇയ്യാൾ

Digitized By Kerala Sahitya Akademi

ഇങ്ങിനെ പറയുന്നത്. എന്നാലും ഇങ്ങിനെ പറയാം. (പ്രകാശം) അച്ഛ, ഭഗവാൻ ഭൃഗുകലും ഗോവിന്ദങ്കലും, അങ്ങയിങ്കലെന്നപോലെ വണങ്ങിനില്ക്കുന്നവനാണ് ഞാൻ.

ബ്രഹ്മാവ്:---ശരി, ശരി. (എല്ലാടത്തും നോക്കിയിട്ട്) എയ്, ഞാൻ വിഷ്ണുലോകത്തെത്തിക്കഴിഞ്ഞു. ഇനി, ഏതുവിധം ചെയ്യണം? (ആത്മഗതം) വിഷ്ണുവിനോട്ട യുദ്ധം സുകരമല്ല; അയാളെ * ശാപോദകംകൊണ്ടുതന്നേ അടക്കിക്കളകയാണ് നല്ലത്. (പ്രകാശം) നാരദ, യുദ്ധം മുതിർത്ത താമസം വരുത്തിക്കൂടാ; അതിനാൽ ഞാൻ ശാപംകൊണ്ടുതന്നെ കേശവനെ ശവമാക്കിക്കളയാം.

കപടനാരദൻ:---(മിണ്ടാതെ, സഹർഷം ആത്മഗതം) ഭാഗ്യം, എൻെറ കാര്യം നിറവേറും!

ബ്രഹ്മാവ്:---(ക്രോധത്തോടേ ഉറക്കെ.)

പാരിൻനാശത്തിൽ യാതൊന്നിളകിയതിർ കവി-
ച്ചേന്തിനിന്നപ്പൊളളേ,തോ
രാലിൻകൊമ്പു പററിക്കരകയറി ഭവാൻ,
വേറെയൊന്നസ്സമുദ്രം;

6. നാലംതോറും ആയിരം താമരപ്പൂവുകൊണ്ട് ശിവനെ പൂജിച്ചുപോന്ന വിഷ്ണു ഒരുനാറം ഒരു പൂവു കുറഞ്ഞതിനാൽ, പകരം തൻെറ ഒരു കണ്ണു ചൂന്നെടുത്ത് പുഷ്പാഞ്ജലി ചെയ്തപോൽ.

* ശപിയ്ക്കുക, വെള്ളം കയ്യിലെടുത്താണ്.

7. പാരിൻനാശം=പ്രളയം. വിഷ്ണുവിൻെറ വടപത്രശയനം ഓൎക്ക. കരകയറി=രക്ഷപ്പെട്ടു. വേറെയൊന്നസ്സമുദ്രം—ആ സമുദ്രം മറെറാന്നാണ്; നിസ്സാരമാണെന്നു താൽപര്യം. ഈ ബ്രഹ്മശാപജലസമുദ്രമാക

Digitized By Kerala Sahitya Akademi

ശൗരേ, വൈരിഞ്ചശാപോദകമയമൊരപൂ-
ർവ്വാബ്ധി ഛിക്കെന്നിതാ, വ-
ന്നോരുന്തു, വൻക്രുധൌർവ്വാഗ്നിയെയടിയിൽ വഹി-
ച്ചെ,ള്ളനീർ തേ തരാനായ്! 7

വിഷ്ണു:—(കേട്ടിട്ട് ഭയത്തോടേ) ഉം, എന്താണിത്, എന്താണിത്?

(എഴുന്നേല്ക്കുന്നു.)

നാരദൻ:—(വേഗത്തിൽ അടുത്തുചെന്നു സവിനയം) ആര്യായി, ഇവിടുന്ന് അരുതാത്തതിന്നൊരുങ്ങിയതെന്താണ്? ഇതാ, വിഷ്ണു അങ്ങയെ എതിരേല്ക്കുന്നു.

(കപടനാരദൻ മറയുന്നു.)

ബ്രഹ്മാവ്:—(നാരദനെ കണ്ടിട്ട്) ഇതു നാരദനോ? (പാർശ്വത്തിൽ നോക്കി, കപടനാരദനെ കാണാഞ്ഞ് ആശ്ചര്യത്തോടേ, മുഖം താഴ്ത്തി നില്ക്കുന്നു.)

വിഷ്ണു:—(പുഞ്ചിരിയോടേ, സവിനയം) ആര്യ പിതാമഹ, അങ്ങു ലജ്ജിയ്ക്കേണ്ട, ലജ്ജിയ്ക്കേണ്ട: മുക്കണ്ണൻ തിരുവടിയും അങ്ങെന്നൊന്നപോലെ, നാരദവേഷം ധരിച്ച ഏതോ ഒരസുരനാൽ 'വിഷ്ണു ഭവാനെ പരിഹസിയ്ക്കുന്നു' എന്നു തുല്യം കോപിപ്പിയ്ക്കപ്പെട്ടതിനാൽ, എന്നെ അധിക്ഷേപിപ്പാൻ നന്ദികേശനെ ഇങ്ങോട്ടയച്ചിരുന്നു.

(പിന്നെ, പിറകെ നന്ദികേശനുമായി ശിവൻ പ്രവേശിയ്ക്കുന്നു)

ശിവൻ:---(പശ്ചാത്താപത്തോടേ)

---

൨൭. അപൂർവ്വ (അസാധാരണ)മാണ്; ഇതു ഭവാന്ന തിലോദകംതരിക (ഭവാനെ മരിപ്പിയ്ക്കുക)തന്നെ ചെയ്യും! വൻക്രുധൌർവ്വാഗ്നി=വലിയ കോപമാകുന്ന ബഡബാഗ്നി.

Digitized By Kerala Sahitya Akademi

നിനയാതേ ചെയ്യലിതൊരു
കൊടിയ ക്രിംപാപമെന്നയാണല്ലോ:
ഇതിന്നടെ കടിയേററ മന-
സ്സനിശം വേവും, സശല്യമെന്നവിധം! 8

എടോ നന്ദി, പറയുക, പറയുക: നീ കേൾപ്പിച്ച ദുർഭാഷണത്താൽ കോപാംപൂണ്ട വിഷ്ണു എങ്ങിനെയായിത്തീന്നു? എന്തുപറഞ്ഞു?

നന്ദി:---(സവിനയം) ഈരേഴുലകിന്നും ഈശനായുള്ളോവേ, സർവ്വജ്ഞൻ ഇങ്ങിനെ പശ്ചാത്തപിയ്ക്കുകയോ? ദുഷ്ടദൈത്യന്മാരുടെ കെട്ട പണിത്തരമാണെന്നറച്ചു പുഞ്ചിരിക്കൊണ്ടിട്ടു നിന്തിരുവടിയെ മുൻകൂട്ടിയുണർത്തിപ്പാൻ എന്നെ അയയ്ക്കുകയാണ്, വിഷ്ണു ചെയ്തത്.

ശിവൻ:---(ഔത്സുക്യത്തോടേ) നന്ദി, എപ്പോളാണ്, എന്റെ മനസ്സാകുന്ന മയിൽ കൃഷ്ണമേഘത്തെ കണ്ടു സന്തോഷം വെടിയുക?

നന്ദി:---(പുഞ്ചിരിയിട്ട്) മനംമറികയാലാണ്, കല്പിച്ചറിയാത്തത്: നാം വിഷ്ണുലോകത്തെത്തിക്കഴിഞ്ഞു. തൃക്കൺപാൎക്കുന്നില്ലേ, ബ്രഹ്മാവും വിഷ്ണുവും നാരദനോടുകൂടി തിരുമുമ്പിൽ എതിരേല്ക്കുന്നത്?

ശിവൻ:---(സഹർഷോൽക്കണ്ഠം അടുത്തുചെന്നു, നേരാംപോക്കിൽ) മുകുന്ദ, മുകുന്ദ, നമ്മുടെ യുദ്ധം കാണ്മാൻ വിധാതാവും വന്നെത്തിക്കഴിഞ്ഞുവല്ലോ; വരിക, പൊരുതാം.
(എന്നു കെട്ടിപ്പുണരുന്നു.)

---

8. നിനയാതെചെയ്യൽ=അവിമൃശ്യകാരിതാ. സശല്യം=ശല്യത്തോടുകൂടിയത്; ശല്യം താണ്ണതാചെന്നുപോലെ.

Digitized By Kerala Sahitya Akademi

വിഷ്ണു:—(സവിനയം) ദേവദേവ, *വിനയംകൊണ്ടു ഭവാൻ എന്റെ ഭക്തിയെ മറയ്ക്കുന്നതെന്താണ്? (നമസ്കരിയ്ക്കുന്നു.)

ശിവൻ:—ഭഗവൻ, പിതാമഹ, ഇതാ, ശിവൻ അങ്ങയെ അഭിവാദ്യംചെയ്യുന്നു.

(ബ്രഹ്മാവ് ലജ്ജിച്ചു മിണ്ടാതെ നില്ക്കുന്നു.)

നാരദൻ:—ഭഗവാന്മാർ ഈ ആസനങ്ങളെ അലംകരിച്ചാലും.

ശിവൻ:---വിരിഞ്ചഭഗവാൻ മുമ്പേ ഇരിയ്ക്കട്ടെ.

ബ്രഹ്മാവ്:—(നെടുവീർപ്പിട്ടു, സവിനയം) ദേവദേവ, ഒരസുരാധമനാൽ ബന്ധിയ്ക്കപ്പെട്ടുപോയ ഞാൻ ഇങ്ങിനെയുള്ള ആദരവിനെ അർഹിയ്ക്കുന്നില്ല.

ശിവൻ:—പിതാമഹ, നമുക്കിരുവർക്കും പററിയിരിയ്ക്കുന്ന ഈയൊരിളപ്പം. അതിനാൽ ഇരിയ്ക്കാം.

(എല്ലാവരും യഥോചിതം ഇരിയ്ക്കുന്നു.)

ശിവൻ:—(പുഞ്ചിരിയോടേ) എങ്ങിനെയാണ്, ഭഗവാനെ ഒരസുരാധമൻ വഞ്ചിച്ചത്?

ബ്രഹ്മാവ്:— (ലജ്ജയോടേ) ജഗദീശ, എന്തു പറയേണ്ടു? ഏതോ ഒരുവൻ നാരദന്റെ വേഷം ധരിച്ച്, ഓലോലെ കണ്ണീരും വാർത്തു നിലവിളിച്ചുംകൊണ്ട് എന്നോടു പറഞ്ഞു:—"എന്നെ അച്യുതൻ, 'തന്റെ അച്ഛൻ വരം കൊടുത്തതിനാലുള്ള ഗർവിനാലാണ്, ത്രിപുരാസുരർ മൂന്നു

*. ഭവാന്റെ വിനയം എന്റെ ഭക്തിയെ വെളിപ്പെടുത്താൻ സമ്മതിയ്ക്കുന്നില്ലേ!

Digitized By Kerala Sahitya Akademi

ലോകത്തെയും ഉപദ്രവിച്ചുപോരുന്നത്; അതിനാൽ അ യാളോടുകൂടിത്തന്നേ അവരെ ഞാൻ മുടിച്ചുകളയും' എ ന്നിങ്ങിനെ അധിക്ഷേപിച്ചുകളഞ്ഞു." ഇതു കേട്ടു കോപിച്ചാണ്, ഞാൻ വിഷ്ണുലോകത്തു വന്നത്. (നെടു വീപ്പിട്ട്) അരുതാത്ത ഒന്നിനു ഞാൻ തുനിഞ്ഞുപോയി; സർവ്വജ്ഞനും ക്ഷമാശീലരിൽ മുമ്പനുമായ ദാമോദരൻ എ ന്നെ രക്ഷിച്ചു!

ശിവൻ:—(പുഞ്ചിരിയോടെ) എന്നെയും മറെറാരു നാര ദൻ വന്നറിയിച്ചു, "ആ ശംഭുവിനെക്കൊണ്ട് എന്തിനുള്ളു ന്നുള്ളൂ' എന്നു നിന്തിരുവടിയെ പത്മനാഭൻ പരിഹസി യ്ക്കുന്നു." എന്ന്. പിന്നീടു, വൈകുണ്ഠൻെറ അടുക്കൽ വ ന്ന നന്ദി തിരിച്ചെത്തി എന്നൊ വാസ്തവം ധരിപ്പിച്ചു; അപ്പോൾ അരിശം നീങ്ങിയ ഞാൻ ഇങ്ങോട്ടു പോരിക യും ചെയ്തു.

വിഷ്ണു:—(നേരംപോക്കിൽ) അംപോ, കലഹപ്രിയൻ കല ഹദർശനത്തിന്നായി വളരെശ്ശരീരങ്ങൾ നിർമ്മിയ്ക്കുന്നു!

നാരദൻ:---(ക്രോധത്തോടെ, ആകാശത്തു ലക്ഷ്യംവെച്ച്) നന്ന്, ദാനവരേ, നന്ന്: വീണ്ടും വീണ്ടും കളിയാക്കി ക്കൊൾവിൻ, അച്ഛൻ വിരിഞ്ചനെ; നിങ്ങൾക്കു വര ങ്ങൾ തന്നരുളും.

ബ്രഹ്മാവ്:—നാരദ, നീ അറിയാതെ ശ്രുഷ്ടിയെടുക്കുന്നതെ ന്താണ്?

ചെയ്തു തപസ്സസുരർ ദുർല്ലഭസിദ്ധിനേടാൻ;
ഭാവംതെളിഞ്ഞമരർ വാഞ്ഛിതവും കൊടുപ്പൂ;

Digitized By Kerala Sahitya Akademi

നാവാക്കു, വിശ്വവിഹതിയ്ക്കു മതിന്ന പാപി-
ദേവാരികൾക്കു പിണയാ കൊലയെന്നു ചൊൽവാൻ? 9

'ഒരൊററശ്ശരമേററിട്ടാവണം, ഞങ്ങൾ മൂവ്വരും കൊല ല്പെട്ടുക' എന്ന വ്യവസ്ഥവെച്ചാണ്, അവർ എന്നോടു വരം വാങ്ങിയിരിയ്ക്കുന്നതും.

നാരദൻ:—ഇതുകൊണ്ടുതന്നെയാണ്, അവർ നൂറുയോജന ഇടവിട്ടു സഞ്ചരിയ്ക്കുന്നത്. അതിനാൽ അവർ അവ ധ്യർതന്നെയായിക്കഴിഞ്ഞിരിയ്ക്കുന്നു: ഒരു ശരംകൊണ്ടു മൂവ്വരേയും എയ്യാൻ, അത്തരം വില്ലെവിടെ? അത്തരം അമ്പെവിടെ? അത്തരം വില്ലാളിയെവിടെ?

വിഷ്ണു:—(ക്രോധത്തോടേ) നാരദ, അങ്ങിനെ പറയേണ്ടാ:

അതിന്നുണ്ടാകില്ലേ, കഠിന കഠിനം ഘോരമൊരു വി-
ല്ലു,തിൻവണ്ണം നൂർയോജന നെടിയതായോരു ശരവും?
മുറയ്ക്കുണ്ടാകില്ലേ പടുചിലയനജ്ഞേയനൊരുവൻ?
സമീപത്തെത്തില്ലേ, വിധിയരിശമാന്നാൽ മരണവും? 10

നാരദൻ:—(സഹർഷം) വിഷ്ണോ, ഭവാൻ ക്രോധിച്ചാൽ വിധി ക്രോധിച്ചു; പരമേശ്വരൻ ക്രോധിച്ചു!

നന്ദി:—(സഹർഷാശ്ചര്യം മേൽബ്ഭാഗത്തു നോക്കിക്കൊണ്ട്) അഹോ, ദുഷ്ടദാനവവിനാശത്തെ സൂചിപ്പിയ്ക്കുന്ന ദുന്നിമിത്തങ്ങൾ വിഷ്ണുവചനത്തെ ശരിവെയ്ക്കുന്നു! നോക്കുവിൻ, നോക്കുവിൻ:

---

9. വിശ്വവിഹതി=സർവ്വജഗത്സംഹാരം.
10. ചിലയൻ=വില്ലാളി; ചില=വില്ല്.

Digitized By Kerala Sahitya Akademi

വാൽമേലും മുൻവശത്തും പൃഥുവികടശിര-
ഗ്ഗ്സന്തിയും, പൌരഭാണ്ഡ-
സ്തോമം പൊട്ടിപ്പൊളിഞ്ഞുള്ളൊലി തടവിയിര-
ട്ടിച്ച നിശ്ശേഷമാൻറം,
ഭീമോദഗ്രപ്പെരുംതിപ്പൊരി പടരുകയാ-
ലഗ്നിദിദിപ്തി പൂണ്ടും
വാർമെത്തും കൊള്ളി വീഴ്‌വൂ, ഗഗനചരപുര-
ത്തിങ്കലെല്ലാസ്ഥലത്തും! 11

നാരദൻ:—(അതിന്നുനേരേ, മുകൾഭാഗത്തു നോക്കിയിട്ട്, ഹർഷത്തോടേ) വാസ്തവം, വാസ്തവം;

കാട്ടിത്തരുന്നു പുരിയെ,
വാനത്തീയെരികൊള്ളികൾ,
ദുർദൈത്യാന്വേഷിയാം കാലൻ-
തൻെറ ദീപങ്ങൾ പോലവേ! 12

(അണിയറയിൽ)

അല്ലയോ ഇളകിമറിഞ്ഞ ദാനവരേ, നില്പിൻ, നില്പിൻ: ഇങ്ങിനെ അളീകദുർന്നിമിത്തങ്ങളെപ്പേടിച്ചു പതറുകയോ, നിങ്ങൾ? പാഞ്ഞുപോകുന്ന പാവകങ്കൽനിന്നു കൊഴിഞ്ഞ കൊട്ടുംജ്വാലകളായിരിയ്ക്കും, ഇവ! ഞാൻ നാരദൻെറ വേഷം കെട്ടി ശിവനെ വഞ്ചിച്ചിട്ട്, ഇന്ദ്രാദിലോക

---

11. പൌരഭാണ്ഡസ്തോമം=ഗൃഹോപകരണസമൂഹം. അഗ്നിദിദിപ്തി=അഗ്നിദ്വിക്കിൻെറതുപോലുള്ള ഉജ്ജ്വലത്വം. ഗഗനചരപുരം=ആകാശത്തു സഞ്ചരിയ്ക്കുന്ന(ദാനവ)പുരം.

12. ദുർദൈത്യാന്വേഷി=ദുഷ്ടദാനവരെ തിരയുന്ന.

Digitized By Kerala Sahitya Akademi

പാലന്മാരെയും വഞ്ചിച്ചിരിയ്ക്കുന്നു: അവരുടെ മുമ്പിൽ ഞാൻ കരഞ്ഞുപറഞ്ഞു:—(അയ്യോ) അച്ഛാ, കമലാസന, അയ്യോ, മഹേശ്വര, അയ്യോ, നാരായണ, ത്രിപുരാസുരനാൽ നാട്ടു കടത്തപ്പെട്ട നിങ്ങൾ എങ്ങിനെ പാതാളക്കുണ്ടിൽ പോകേണ്ടു? മഹേന്ദ്രാദിദേവന്മാരേ, നിങ്ങളുമെല്ലാം അങ്ങോട്ടു പോയ്ക്കോൾവിൻ, പോയ്ക്കോൾവിൻ; അവിടെ അന്യോന്യം മുഖത്തു നോക്കി നാൾ കഴിച്ചുകൊൾവിൻ!' ഇതോടുകൂടിത്തന്നേ, മഹേന്ദ്രാദിദേവന്മാർ ഒന്നുമാലോചിയ്ക്കാതേ ചിക്കെന്നു പിന്മാറിക്കഴിഞ്ഞു. അതിനാൽ ഇനി വേഗത്തിൽ തിരുമേനി യഥേഷ്ടം സുരേന്ദ്രരാജധാനിയിൽ എഴുന്നള്ളിക്കൊൾക.

(വീണ്ടും അണിയറയിൽ)

കൊള്ളാം, വിപരീത, കൊള്ളാം: എന്റെ ഭൃത്യക്കൂട്ടചൂഡാമണിയാണ്, നീ. വിപരീതനെന്ന പേർ നീ സഫലമാക്കിക്കഴിഞ്ഞു: അസുരരെ സ്വർഗ്ഗത്തിലും അമരരെ പാതാളത്തിലും കൊണ്ടാക്കിയല്ലോ!

നാരദൻ:—(ഭയാവേഗങ്ങളോടേ) ഭവാന്മാർ കേട്ടില്ലയോ?

നന്ദി:—കേൾക്കാനെന്തുള്ളൂ?

നാരദൻ:—നോക്കുവിൻ, നോക്കുവിൻ: വിപരീതവചനം കേട്ടതോടൊപ്പംതന്നെ,

ഇമ്പം മുത്തു തിമർത്ത തൻപടകളിൽ-
ത്തിങ്ങും കൊടിച്ചാർത്തുമായ്,
വമ്പിച്ചുള്ള തുരംഗമച്ചെനകളാൽ
വാനം മുഴങ്ങിച്ചിതാ,

Digitized By Kerala Sahitya Akademi

എമ്പാടും ദിശി മത്തഹസ്തിനിരയാ-
ലഭ്രപ്പടപ്പും ചമ-
ച്ചു, സ്വർസ്വാമിപുരത്തിലേയ്ക്കു കയറി-
പ്പോകുന്നു ദൈത്യേശ്വരൻ! 13

(ഖേദത്തോടേ നെടുവീർപ്പിട്ടു്)

എങ്ങും ടാംകാരമൊന്നിപ്പൊഴുത,ജഗവമാം
വില്ലുതൻഞാണിന്നെ?-പ്പോട്ടേ
വീശിച്ചാട്ടാം ശരിയ്ക്കുഗ്ഗദ? പെരിയ വിരി-
ഞ്ചാസ്ത്രമെപ്പോളയയ്ക്കാം?
ഹാ, ശക്രാദ്യാമരന്മാരവരവിടവിടെ-
പ്പോകയേ ചെയ്തു; മോശം,
മോശം യുഷ്മച്ചിരായുസ്സ്:—സുരർ സുരപുരം
കൈക്കലാക്കുന്നവല്ലോ! 14

വിഷ്ണു:—(ഉത്സാഹത്തോടേ) നാരദ, തനിയ്ക്കെന്താണിത്ര വല്ലായ്മ? സ്വർഗ്ഗത്തിന്റെ പേർ കേൾക്കുന്നതിൽപ്പോലും ചെകിടന്മാരാണ്, ദാനവന്മാർ!

(ചിന്ത നടിയ്ക്കുന്നു)

നന്ദി:—(മേല്പോട്ടു നോക്കി, ആശ്ചര്യത്തോടേ ആത്മഗതം) എയ്, എന്താണിങ്ങിനെ, അകാരണമായി ഒരു ക്രൂരിത

---

13. ഹേഷ=കുതിരയുടെ ശബ്ദം. എമ്പാടും......ചമച്ചു്--എല്ലാ ദിക്കിലും മദഗജക്കൂട്ടം, കാർമേഘംപോലെ വ്യാപിച്ചിരിയ്ക്കുന്നു എന്നു സാരം. സ്വർസ്വാമി=ദേവേന്ദ്രൻ.

14. അജഗവം=പിനാകം. യുഷ്മച്ചിരായുസ്സ്-നിങ്ങളുടെ ചിരഞ്ജീവിത്വം.

Digitized By Kerala Sahitya Akademi

ട്ടു പൊട്ടെന്നു പടരുന്നത്? വിഷ്ണു പ്രയോഗിച്ച ഇന്ദ്രജാല
വിദ്യയായിരിയ്ക്കും, ഇത്: അസുരപ്പടയിലേ ചെല്ലുന്നു
ള്ളു വല്ലോ. (പ്രകാശം) ആശ്ചര്യമാശ്ചര്യം:

തമ്മിൽത്തട്ടുകയാൽപ്പിണങ്ങിയിളകി-
ത്തത്തുന്നു ഹസ്തിവ്രജം;
കൊമ്പന്മാരുടെ കുത്തുകൾക്കു കുറിയാ-
കുന്നു സ്വയം വാജികൾ;
പോരട്ടെ വിൺപുരി; തൻഗൃഹത്തിനു തിരി-
യ്ക്കാനാം തെരുക്കത്തിലാ-
യാ;- ഹാ, നോക്കുക, നോക്കുകാ, ദ്രു യമനായ്,
ദൈത്യപ്പടയ്ക്കീയിരുൾ! 15

നാരദൻ:—(ഹർഷത്തോടേ)ദാനവസൂദന, ഇവിടേയ്ക്കു നമസ്കാരം, ഇവിടേയ്ക്കു നമസ്കാരം! ഇവിടുന്നാരിശം കൊണ്ടാൽ, അസുരന്മാരുടെ പേർ പോലും ഉണ്ടാകില്ല.

കന്നംവീത്ത മദേഭരില്ലിതിന്നാ,ര-
ത്തോടും തുരംഗങ്ങളി-
ല്ല,ന്യൂനാസ്ത്രസമൃദ്ധരായ ഭടരി-
ല്ലി, ല്ലുൽക്കടത്തേരുകൾ;
മുന്നിട്ടോടലു, ടയ്ക്കൽ, വെട്ടലിവയി-
ല്ലി,ല്ലാക്കലും; മോഹനാൽ-
ത്തന്നേ ദൈത്യരെയിട്ടുകൊൽവിതി,രുളാ-
മീ വീരനാശ്ചര്യദൻ!

15. തട്ടുക=തൊട്ടുരുമ്മുക. കുറി=ഉന്നം. പോരട്ടെ വിൺപുരി—സ്വർഗ്ഗരാജധാനിയിൽ ചെല്ലുണ്ടാ. യമനായ്—സംഹാരകാരിയായി.

16. കന്നം=ആനകളുടെ കവിൾത്തടം. മദേഭർ=മത്തഗജങ്ങൾ, മോഹനാൽ=മനം മയക്കൽകൊണ്ടു.

Digitized By Kerala Sahitya Akademi

(അണിയറയിൽ)

ദൈത്യവീരന്മാരേ, നിങ്ങൾക്കെന്താണിങ്ങിനെ വല്ലായ്മ? ഈ ഇരുൾ, പാതാളം പുക്ക ദേവന്മാർ ഇങ്ങോട്ടയച്ചതായിരിയ്ക്കും. അതിനാൽ ദാനവഭടന്മാർ പാതാളത്തിൽ ച്ചെന്നു വാനവരെ പറിച്ചു നീക്കട്ടെ; ഇരുട്ടിനെ വിലക്കുകയും ചെയ്യട്ടെ. ഇവിടെയുള്ള ഇരുട്ടിനെ ഞാനും ചന്ദ്രികാമായകൊണ്ട് അടക്കിക്കൊള്ളാം.

നാരദൻ:—(ആവേഗത്തോടേ) അച്ഛ, ദേവദേവ, നാരായണ, ഭവാന്മാർ അമരാവതിയിൽ ചെന്നിരിയ്ക്കുവിൻ; ഭവൽപ്രസാദത്താൽ സഞ്ചാരത്തടവില്ലാത്ത ഞാൻ മറിമായപ്പണിയറിയിച്ചു ദേവന്മാരെ സ്വർഗ്ഗത്തിൽ കൊണ്ടുവരാം.

ബ്രഹ്മാദികൾ:—കൊള്ളാം, കൊള്ളാം.

(എല്ലാവരും പോയി)

രണ്ടാമങ്കം കഴിഞ്ഞു.

മൂന്നാമങ്കം.

(പിന്നെ വിശദാശയൻ പ്രവേശിക്കുന്നു.)

വിശദാശയൻ:—(മുമ്പിൽ നോക്കിയിട്ട്) എയ്, ഇയ്യാൾ സ്ഫുടാക്ഷരനെപ്പോലിരിയ്ക്കുന്നു. (സൂക്ഷിച്ചു നോക്കിയിട്ട്) എന്നെ നോക്കുന്നതേ ഇല്ല, ഇയ്യാൾ. എന്തായിരിയ്ക്കാം, ഇയ്യാൾ വെമ്പലാളെന്നപോലെ പായുന്നത്?

Digitized By Kerala Sahitya Akademi

(അനന്തരം പറഞ്ഞതിൻവണ്ണം സ്ഥൂടാക്ഷരൻ പ്രവേശിയ്ക്കുന്നു.)

സ്ഫുടാക്ഷരൻ:—ഏയ്, ആര്യ വിശദാശയൻ; ഇദ്ദേഹത്തെ വന്ദിയ്ക്കുകതന്നെ. (അടുത്തുചെന്നു സവിനയം) ആര്യവിശദാശയ, സർവ്വശങ്കാവിഷങ്ങളിലും ചികിത്സകൻ ബ്രാഹ്മണനാണെന്നോർത്തു, ഭവാനെ ഞാൻ വന്ദിയ്ക്കുന്നു; രാജസചിവനാണെന്നു വെച്ചിട്ടല്ല.

വിശദാശയൻ:—(പുഞ്ചിരിയോടേ) സ്ഫുടാക്ഷര, ദീർഘായുസ്സാകുക! എന്താണ്, തനിയ്ക്കൊന്നു വെമ്പലുള്ളതായി തോന്നുന്നത്?

സ്ഫുടാക്ഷരൻ:—ആര്യവിശദാശയ, എന്തു വെമ്പൽ?

കിതവവിമോഹിതരായ്പ്പാ-
ഴ്നുണകളിൽ മുഴുകും ജഡപ്രഭുക്കന്മാർ
വിലവെയ്ക്കുകയില്ലല്ലോ,
പരമാർത്ഥവചോമണീഗണത്തെ. 1

എന്നെ സർവ്വതാപനനെന്ന ദാനവപ്പെരുമാൾ പാതാളംപൂക്ക ദേവന്മാരുടെ സ്ഥിതി നോക്കിയറിയാൻ കല്പിച്ചയച്ചിരിയ്ക്കയായിരുന്നു; ഞാൻ അവിടെ നിന്നു തിരിച്ചു വന്നണഞ്ഞിച്ചു:—'നാരദമഹർഷി ദേവന്മാരെയെല്ലാം വിപരീതാസുരൻെറ മറിമായപ്പണിയറിയിച്ചു, തിരിയേ കൊണ്ടു പോന്നിരിയ്ക്കുന്നു; അവർ അരിശം പൂണ്ട് അന്തകപ്രായരായിത്തീർന്നു നിങ്ങളുടെ പുരങ്ങളെ രോധിച്ചുകളയും. അ

1. കിതവവിമോഹിതർ=വഞ്ചകന്മാരാൽ മനസ്സുമറിയ്ക്കപ്പെട്ടവർ. ജഡർ=മൂഢർ. പര.....ണത്തെ=സത്യവാക്കുകളാകുന്ന രത്നങ്ങളുടെ സമൂഹത്തെ.

Digitized By Kerala Sahitya Akademi

തിന്നു മറുകൈ നോക്കണം.' ഉടനെ ഗർവ്വിൻചൂടിൽ ഗു ണദോഷജ്ഞാനം ഉരുകിപ്പോയ സ്വാമി സർവ്വതാപനൻ എന്നെ ശകാരിച്ചു പുറത്താക്കിക്കളഞ്ഞു. അതിനാൽ നട ക്കംപൂണ്ട സ്വഗൃഹത്തിലേയ്ക്കു പോകയാണ്, ഞാൻ. ആ ര്യന്നും ഒരു നടുക്കം ഉള്ളതായി തോന്നുന്നു; അതെന്താണ്?

വിശദാശയൻ:—(ഖേദത്തോടേ നെടുവീർപ്പിട്ട്) സ്ഫുടാക്ഷര, ഗുരുവായ ശുക്രഭഗവാന്റെ കീഴിലാണ് ഞാൻ; അല്ലെ ങ്കിൽ, കുലവിരുദ്ധവും വിദ്യാവിരുദ്ധവും നാമവിരുദ്ധ വുമായ മറിമായദുഷ്കർമ്മം ചെയ്യുകയില്ലായിരുന്നു.

സ്ഫുടാക്ഷരൻ:—(സംഭ്രമത്തോടേ) ഇങ്ങിനെ പശ്ചാത്തപി യ്ക്കത്തക്ക എന്തൊരു കടുംകയ്യാണ് ആര്യൻ ചെയ്തുവെ ച്ചത്?

വിശദാശയൻ:—സ്ഫുടാക്ഷര, മറെറാരു മട്ടിലാണ്, സർവ്വതാ പനൻ എന്നോടപേക്ഷിച്ചത്:—'ഭഗവൻ, വിശദാശയ, എന്റെ ക്രുദ്ധർ ദുർധർഷമാണ്, ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ കുടികൊണ്ട പുരന്ദരപുരം; അതിനാൽ, അവർ ദേവന്മാ രുടെ മുഴുവിനാശം ശങ്കിച്ചു നിരാശരായി സ്വയമേ അ വിടം വിട്ടുപോകാൻ എന്തെങ്കിലും ഒരിന്ദ്രജാലം ഇവിടു ന്നു പ്രയോഗിയ്ക്കുക.'

സ്ഫുടാക്ഷരൻ:—അപ്പോൾ എന്തു ചെയ്തു ആര്യൻ?

വിശദാശയൻ:—ചെയ്താലും, ഇന്ദ്രജാലവും മററും താദൃശ രിൽ മറിച്ചാവുകയേ ഉള്ളൂ.

സ്ഫുടാക്ഷരൻ:—(ഭയത്തോടേ) ഭഗവാൻ, ഇവർക്കുവേണ്ടി മററു വല്ല ശാന്തികർമ്മാദിയും ചെയ്തുനോക്കുക.

Digitized By Kerala Sahitya Akademi

വിശദാശയൻ:—(നടുക്കത്തോടേ) സ്ഫുടാക്ഷര, എന്തിനു വെറുതെ കൎമ്മക്ലേശം?

അസാരദേവാസുരർമൂലമുള്ള മ-
റ്റുപദ്രവങ്ങൾക്കെതിർക്കെ നടത്തിടാം;
ത്രിശൂലിയാമന്ധകമാഥി തുഷ്ടനാ-
യിരിയ്ക്കു,യെന്തുണ്ടൊരു ശാന്തിപൌഷ്ടികം? 2

എന്നാൽ, ഒരു ശാന്തികൎമ്മം എനിയ്ക്കറിയാം:

ജരവിനയമരുത്തടിയ്ക്കയാൽ-
പ്പെരുകിന സങ്കടമായ തീയ്യിതിൽ
ഒരു ശരണ, മുമേശ്വരന്റെയ-
ത്തിരുവടി കൈതൊഴുകെന്ന ഗംഗതാൻ! 3

സ്ഫുടാക്ഷരൻ:—അതിന്നു കൂട്ടാക്കില്ല, മിഥ്യാഭിമാനത്താൽ തെളിഞ്ഞ സൎവ്വതാപനൻ!

വിശദാശയൻ:—സ്ഫുടാക്ഷര, എന്നെ അസുരഗുരു ഇയ്യാളുടെ സചിവനും പുരോഹിതനുമാക്കിവെച്ചിരിയ്ക്കുന്നു. അതിനാൽ ഞാനിതിൽ ഉദാസീനനായിക്കൂടാ. താനും ഇയ്യാൾക്കു ക്രമാഗതനായ സേവകനാണല്ലോ; അതിനാൽ അപമാനക്ലേശം ഇരിയ്ക്കട്ടെ. വരിക: സന്ദൎഭം നോക്കി, ഇയ്യാൾക്ക് ഹിതം ചെയ്യാം.

---

2. അസാരർ=നിസ്സാരർ. അന്ധകമാഥി—അന്ധകാസുരനെ ഹനിച്ചവൻ; ശിവൻ. ശാന്തിപൌഷ്ടികം=ശാന്തികൎമ്മവും, പുഷ്ടികൎമ്മവും.

3. ജര......ത്ത്=ചീത്ത അവിനയമാകുന്ന കാറ്റ്. തിരുവടിച്ചുപ്പും.

Digitized By Kerala Sahitya Akademi

(രണ്ടുപേരും ചുററിനടക്കുന്നു.)

സ്ഫുടാക്ഷരൻ:—(മുമ്പിലേയ്ക്കു നോക്കി) ഞാൻ ആര്യനാധീനനാണ്. ആര്യൻ നോക്കുക: ഇതാ, ദാനവേശ്വരൻ ആനക്കഴുത്തേറി ഗോപുരത്തിനടുക്കൽ സ്ഥിതിചെയ്യുന്നു; ഇതാ, അസുരവീരപ്പടയും ആയുധധാരിയായി ചുററും മതിലിനടുത്തെങ്ങും കാണപ്പെടുന്നുണ്ട്.

വിശദാശയൻ:—(മുമ്പിൽ നോക്കി അവജ്ഞയോടേ ചിരിച്ച്) സ്ഫുടാക്ഷര,

ക്രൂരായോധനതർഷകേസരികൾതൻ
മത്താടലാൽഘോരമായ്
സ്ഫാരാലോലധനുർല്ലതാഹരിതമാ-
മിദ്ദൈത്യബാഹാവനം,
സ്മേരോദഗ്രശരാവൃതം വിലസുമാ-
റാകട്ടെ നിർബാധമായ്,
മാരോന്മാഥിഹുതാശരോഷശിഖയൊ-
ന്നിങ്ങെത്തിവീഴുംവരെ! 4

---

4. ക്രൂരാ......രികൾ=കടുംപോരിലുള്ള താൽപര്യങ്ങളാകുന്ന (താൽപര്യം ഓരോ കയ്യിനുമുള്ളതിനാൽ ബഹുവചനം) സിംഹങ്ങൾ. സ്ഫാരാ......രിതം=വലിയ ഇളകുന്ന വില്ലുകളാകുന്ന വള്ളികൾകൊണ്ടു പച്ചപിടിച്ചത്. ബാഹുശബ്ദം ബാഹാ എന്ന് ആകാരാന്തത്തിലും വരും. സ്മേരോ........വൃതം=ശോഭമാനങ്ങളും ഉന്നതവുമായ ശരങ്ങളാൽ (അമ്പുകളാൽ, അമപ്പുല്ലുകളാൽ) ആവൃതം; വനവിശേഷണം. മാരോ... ശിഖ=ശിവനാകുന്ന അഗ്നിയുടെ ക്രോധമാകുന്ന ജ്വാല. അതു വന്നു വീണാൽ, ഈ അസുരഭുജാരണ്യം വെന്തടിയും.

Digitized By Kerala Sahitya Akademi

സ്ഫുടാക്ഷരൻ:—ആര്യവിശദാശയ, ദാനവേന്ദ്രൻ സമീപത്തായി; അടുത്തുചെല്ലാം.

(പറഞ്ഞതിൻവണ്ണം സവ്താപനൻ പ്രവേശിക്കുന്നു)

സവ്താപൻ:—എയ്, വന്നെത്തിക്കഴിഞ്ഞു, വിശദാശയൻ. ആര്യ അങ്ങയെ ഞാൻ അഭിവാദ്യം ചെയ്യുന്നു.

വിശദാശയൻ:— * വിഗ്രഹമടങ്ങി പരമാനന്ദഭാജനമായി ഭവിക്കട്ടെ, ദാനവേശ്വരൻ!

സവ്താപൻ:—ഭവാൻ ആസനമലംകരിക്കുക.

വിശദാശയൻ:—(ഭൃത്യൻ കൊണ്ടുവന്ന ആസനത്തിലിരുന്നിട്ട്, പശ്ചാത്താപത്തോടേ ആത്മഗതം) ഛീ, ഇതാ, എന്റെ വായ്ക്കടയിൽനിന്ന് അമംഗളവചനമാകുന്ന ഒരു കൃഷ്ണസർപ്പം പുറത്തേയ്ക്കു വന്നു! ആകട്ടെ, അറിയപ്പെടാതെതന്നെ ഇതു വല്ലേടത്തും പോയ്ക്കൊള്ളട്ടെ. (പ്രകാശം) ദാനവേശ, ഈ * സ്ഫുടാക്ഷരനായ സ്ഫുടാക്ഷരൻ പരമഹിതനാണ്; ഇയ്യാളിൽ ദാനവേശൻ പ്രസാദിക്കുകതന്നെ വേണം!

സവ്താപൻ:—(സഹർഷം ചിരിച്ച്) ശുണ്ഠിക്കാരനാണ്, സ്ഫുടാക്ഷരൻ; എന്തു ചെയ്യാം!

(സ്ഫുടാക്ഷരൻ വന്നണങ്ങി, ഇരിക്കുന്നു.)

സവ്താപൻ:—(ഉൽക്കണ്ഠയോടേ) ആര്യവിശദാശയ, ആര്യൻ അതു ചെയ്തുവെച്ചില്ലേ?

---

* വിഗ്രഹം=കലഹം; ശരീരമെന്നും. മരിച്ചു മുക്തിയടയട്ടേ എന്നു താണ്, അമംഗളാർത്ഥം.

*. സ്ഫുടാക്ഷരൻ—ഉറന്നുപറയുന്നവൻ എന്നു താൽപര്യം. പരമഹിതൻ=ഉററ ഹിതകാരി; പരം അഹിതൻ എന്നും.

Digitized By Kerala Sahitya Akademi

വിശദാശയൻ:—കല്പിയ്ക്കാതേയും, തിരുമേനിയ്ക്കു വേണ്ടതു ചെയ്യാം; പിന്നെയാണോ കല്പിച്ചാൽ?

സർവ്വതാപൻ:—(ഔത്സുക്യത്തോടേ) പറയൂ, പറയൂ: ആഢ്യൻ എന്തു ചെയ്തു?

വിശദാശയൻ:—

കണ്ണിൻപാടൊരുപാടെഴും സുരപതി-
ത്തോലാൽക്കൊടിക്കൂറ തീ-
ർത്ത,ർണ്ണോനായകരജ്ജുകൊണ്ടു യമദ-
ണ്ഡിന്മേൽദൃഢം കെട്ടി,ഞാൻ
സ്കന്ദൻതൻ മയിലിന്റെ പീലിനിരയും
ചാർത്തിച്ചു, ഗൂഢാംഗനായ്-
ച്ചെന്നാ,ച്ഛിന്നാഭവദ്യശഃസ്തുതിയൊടേ
കല്പദ്രുമേൽത്തൂക്കിനേൻ! 5

അവിടവിടെ, പ്രത്യക്ഷമായ പെരുമ്പടക്കടലിന്റെ ഇരമ്പവും മായകൊണ്ടു പുറപ്പെടുവിച്ചു. അപ്പോൾ അവിടെയുള്ള ദേവന്മാർ, വിപരീതന്റെ മായാവിചേഷ്ടിതം ശരിയ്ക്കറിഞ്ഞിരുന്നതിനാൽ, പൊട്ടിച്ചിരിയ്ക്കയാണുണ്ടായത്; അരിശംകൊണ്ടു ഗിരിശൻ അങ്ങേയുടെ നഗരം വളയാൻ * ക്രൌഞ്ചദാരണനെ അയച്ചിട്ടുണ്ട്.

---

5. കണ്ണിൻപാടൊരുപാട്—സഹസ്രാക്ഷനാണല്ലോ, സുരപതി. അർണ്ണോ......രജ്ജു=വരുണന്റെ പാശം. ഗൂഢാംഗനായ്=ഒളിവിൽ. അച്ഛിന്ന......ശയാമ്=ധാരമുറിയാതെ ഭവാന്റെ യശസ്സിനെ സ്തുതിച്ചുകൊണ്ട്.

* ക്രൌഞ്ചദാരണൻ=സുബ്രഹ്മണ്യൻ.

Digitized By Kerala Sahitya Akademi

സർവ്വതാപൻ:—(ക്രോധത്തോടേ) വിശദാശയ, കുലാചാരമെന്നനിലയ്ക്കാണ്, ഈ മായ പിതാമഹാദികളുടെ മുമ്പിൽ ഞാൻ പ്രയോഗിപ്പിച്ചത്.

അദ്യദൃപ്തദിക്പാലരെയിട്ടരിച്ചി-
ട്ടാത്തോലനേകം കൊടിയാടയാക്കി,
അത്രാസസൈന്യത്തൊടു പോകുവൻ ഞാൻ,
വൃത്രാസുരഘ്നന്റെ പുരിയ്ക്കു വീണ്ടും! 6

വിശദാശയൻ:—(സവിഷാദം, ആത്മഗതം) അയ്യോ, ദാനവാധമന്റെ മദാന്ധതയും, ഒളിപാതകവും! ഇതുകൊണ്ടു തന്നെയാണ്, ഇയ്യാളെ * ഭാർഗ്ഗവനും നോക്കാത്തത്.

(അണിയറയിൽ ഗർവ്വോടെ ഉറക്കെ)

കല്പാന്തക്കാററടിച്ചാളിന ശിഖിയുടെ വൻ-
ജ്വാലയാലും രവിയ്ക്കു-
ള്ളബ്ഭാസ്സാലും ചുടപ്പെട്ടരുണിമ തിരളു-
ന്നീയിരിമ്പിൻപുരത്തെ
നിർബ്ബാധം തൂണശായിക്കണയുളിനിരയാൽ-
ച്ചെത്തുവിൻ ചെമ്പരുത്തി-
പ്പുഷ്പം നുള്ളുന്നതിന്മട്ടു,ടനടി ദിവിഷ-
ദ്വീരരേ, തുണ്ടുതുണ്ടായ്! 7

---

6. ദൃപ്തർ=ഗർവ്വിതർ. അത്രാസം=നിർഭയം.

* ഭാർഗ്ഗവൻ=ശുക്രൻ.

7. കല്പാന്തക്കാററ്=പ്രളയത്തിലേതിന്നൊത്ത കാററ്. ശിഖി=അഗ്നി. അബ്ഭാസ്സ്=പ്രളയത്തിലേതിന്നൊത്ത രശ്മി. തൂണ്......നിര്=ആവനാഴിയിൽക്കിടക്കുന്ന ശരങ്ങളാകുന്ന ഉളികളുടെ സമൂഹം. ദിവിഷദ്വീരർ=ദേവവീരന്മാർ.

Digitized By Kerala Sahitya Akademi

സർവ്വതാപൻ:—(കേട്ടിട്ടു ക്രോധത്തോടേ) എന്ത്, ഈ സാധുസൂര്യൻ അഗ്നിയെ തുണയ്ക്കുകൂട്ടി സൂര്യതാപപുരത്തെ ചുട്ടെരിയ്ക്കുന്നു എന്നോ! എടാ, നില്ല്, നില്ല്.

അശ്ലഷ്ടമന്യു:—മതിൽ നീ ക്ഷണമാത്രമക്കു,
ദുഃഖം സഹിച്ചു പുനരുൽഗതി നേടുമല്ലോ;
എന്നാലി,രുട്ടറുതി തൽപ്രഭകൊണ്ടു സാധി-
ച്ചി,ന്നോ ജഗത്തിനെയഭാസ്കരമാക്കുവൻ ഞാൻ! 8

(എന്നു എഴുന്നേല്ക്കാൻ തുടങ്ങുന്നു.)

വിശദാശയൻ:—മഹാവീരനായ ദൈത്യപ്പെരുമാളേ, ഇരിയ്ക്കു, ഇരിയ്ക്കു: അഗ്നി തുണയ്ക്കുകയാൽ തരം കിട്ടിയ സൂര്യൻ വെറുതെ വമ്പു പറഞ്ഞതാണിത്. ഇതിലെന്തിന്, ഇത്രയും വെമ്പൽ?

(സർവ്വതാപൻ അങ്ങിനെതന്നെ ഇരിയ്ക്കുന്നു.)

വിശദാശയൻ:—(ശങ്കയോടേ ആത്മഗതം) തപിപ്പിയ്ക്കപ്പെടുകതന്നെയാണ്, സൂര്യതാപൻ; ചന്ദ്രതാപൻെറ സ്ഥിതി എന്തെന്നറിഞ്ഞില്ല (പ്രകാശം) സ്ഫുടാക്ഷര, ചെന്നു ചന്ദ്രതാപനെ ശ്രദ്ധിപ്പിയ്ക്കുക.

സ്ഫുടാക്ഷരൻ:—(സവിനയം) ആര്യൻെറ ആജ്ഞപോലെ.

(പോയി)

(വീണ്ടും അന്തിയറയിൽ കരുണാസ്വരത്തിൽ)

ആത്രുദ്ധക്രോധമക്കാനദ്വർ കിരണശിഖാ-
മാല്യ വർഷിയ്ക്കു,യപ്പ-
ക്കാരക്കോത്തിയിരിമ്പാകിനദനാജപുരം
ചുട്ടുചുട്ടുജ്ജ്വലിയ്ക്കേ,

8. പുനരുൽഗതി—വീണ്ടും ഉദിയ്ക്കൽ. ഇരു...സാധിച്ച്—സൂര്യൻെറ ജോലി താൻ നടത്തി. അഭാസ്കരം=സൂര്യനില്ലാത്തത്.

Digitized By Kerala Sahitya Akademi

പോരാൻ വെമ്പുന്ന വീരാമരവിമതരഹോ,
പേർത്തുപേർത്തും നിരാശ-
ന്മാരായ് വീഴുന്നു, മീവൽപ്പറവകൾ വിപിന-
ത്തീനടുക്കെന്നപോലേ! 9

സർവ്വതാപൻ:—(ക്രോധത്തോടേ) എന്ത്, എന്റെ സഹോദരനായ സൂര്യതാപന്റെ അത്രയും വീറുറ്റ ദാനവപ്പട ചുട്ടെരിയ്ക്കപ്പെട്ടുകതന്നെയോ. എന്നാൽ, വെറുതേ ഈ കൈക്കനം ഭേസിക്കപ്പെട്ടേണ്ട!

(വെന്നൽ കൊള്ളുന്നു)

വിശദാശയൻ:—ദൈത്യരാജാവേ, അടുത്തിരുന്നുകൂടാ; അകത്തിരുന്നാലേ, നിങ്ങൾക്ക് മരണം അകലത്താകൂ.

(സർവ്വതാപൻ ' ഞാങ്ങിനെതന്നേ ഇരിയ്ക്കുന്നു.)

വിശദാശയൻ:—(ഉല്ലാസത്തോടേ) കത്തിജ്ജ്വലിയ്ക്കയാൽ ഒരു സിന്ദൂരക്കുന്നുവാരം പോലായിച്ചമഞ്ഞ ഭവൽസോദരന്റെ ഇരിമ്പുനഗരമിതാ, ആകാശത്തെയ്ക്കു കുതിയ്ക്കുന്നു!

സർവ്വതാപൻ:—(നോക്കി, ഉല്ലാസത്തോടേ)

സൂരൻ വസിയ്ക്കുമിടമാശ്ശു പിടിയ്ക്കുവാനോ,
നേരിട്ടു മറുപരിലോകമെരിയ്ക്കുവാനോ
കേറുന്നു വാനിലസുരേന്ദ്രനിതാ, സമുദ്ര-
നീരം വരട്ടിയുയരും ബഡവാഗ്നിപോലേ! 10

(വീണ്ടും അണിയറയിൽ)

---

9. പോരാൻ—പുറപ്പെടുവാൻ. അമരവിമതർ=സുരവൈരികൾ; അസുരന്മാർ. മീവൽ—ഒരുതരം പക്ഷി.

10. നീരം=വെള്ളം.

ചണ്ഡക്രോധദിനേശരശ്മിനിരയാൽ
വർദ്ധിച്ച വൈശ്വാനരാ-
ഖണ്ഡജ്വാലകൾകൊണ്ടു വെന്തടികയാ-
യിക്കാരിരിമ്പിൻപുരം,
തിണ്ണം പൌരർ ദഹിയ്ക്കവേ ചടചടാൽ-
ക്കാരപ്പടപ്പോട്ടമീ-
ക്കണ്ണുല്ലോണവിരോധിയാം കെട്ടമണം
പൊങ്ങീടുമാറെങ്ങുമേ! 11

സവിതാപൻ:—(ക്രോധത്തോടേ) എയ്, തക്കം കിട്ടിയതിനാലാണ്, വാനവക്കിത്ര വമ്പ്! (അവജ്ഞയോടേ ചിരിച്ച്) മുഖ്യന്മാരേ, വിഷാദാവസരത്തിൽ ഇങ്ങിനെ ഹർഷിയ്ക്കുന്നതെന്താണ്?

രവിശിഖിദഹനത്താൽ, മുത്ത്യവെപ്പേട്ടിയാത്തി-
പ്പുരമുരുഖദിരാംഗാരാഭമായ്ത്തീൎന്നവല്ലോ;
പ്രിയമതു: പടവെട്ടി ക്ഷീണിയാതിന്നി മാററാർ-
കളെയിതു തൊടേലാൽത്താൻ ചുട്ടുപൊട്ടിച്ചിടട്ടേ! 12

വിശദാശയൻ:—(ഹർഷത്തോടേ) ദാനവേശ, ഇവിടേയ്ക്കു മഹാഭാഗ്യം! മുകളിലേയ്ക്കു നോക്കു:

സുരകതത്രി വേർപെട്ടോ,ശകരിനിറം പൂണ്ടു പാടരു-
ന്നരുളാംകാരത്താൽ ദിശകളെ മുഴക്കി, ബദ്ധശമിതാ,

---

11. വൈ......ജ്വാല=അഗ്നിയുടെ മുററിയ ജ്വാല. കെട്ടമണം ചടച്ചടാൽക്കാരത്തോടു ചേൎന്നതിനാൽ ചെവിയേയും ഉപദ്രവിയ്ക്കുന്നു.

12. അർത്ഥ—ഈ പുരം ഉരുഖദിരാംഗാരമായി(വലിയ കരിങ്ങാലി ക്കനൽ പോലെയായി)ത്തീൎന്നതു പ്രിയം(=ഉപകാരകം)തന്നെ.

Digitized By Kerala Sahitya Akademi

പെരുംധൂമച്ഛാത്താൽ സ്സുഭഗയമുനാസംഗരുചിയെ-
പ്പൂരത്തി; സപദ്ഗംഗാംബുവിലഹഹ, മുങ്ങുന്നു നഗരം! 13

അതിനാൽ, ഇതിൻെറ തീ കെട്ടടങ്ങി; അസുരന്മാൎക്ക് ആയുസ്സും നീണ്ടു.

സൎവ്വതാപൻ:—(സഹൎഷം) അയ്യോ, സോദരൻ സൂൎയ്യതാപ
ൻെറ ശൌൎയ്യം! ഈ തീപ്പിടുത്തം സഹിച്ചു, ലോഹനഗര
ത്തെ ആകാശഗംഗാജലത്തിൽ മുക്കി, രക്ഷപ്പെടുത്തിയ
ല്ലോ! ഇനി, ചന്ദ്രതാപന് ആപത്തു പററുമോ എന്ന
ശങ്കയേ എനിയ്ക്കുള്ളു.

(അണിയറയിൽ)

കാമവ്യാപൃതികൊണ്ടുതാൻ വിറ, നവം-
മുഗ്ദ്ധാംഗനാമൈക്കതാ-
നോമൽച്ചൂളല, മന്ദസിൽക്കൃതിരുതം
സംഭോഗകാലത്തുതാൻ;
ഈമട്ടാകിന ചന്ദ്രതാപപുരിയിൽ-
പ്പോലും നടപ്പായി ഹാ,
സോമാദ്രീന്ദ്രർ ചൊടിച്ചു തീവ്രതുഹിനം
വൎഷിയ്ക്കു, മത്യുഷ്ടകരം! 14

---

13 ...ശ്രീ=ഉടുപ്പ്. സുഭ....രുചി=സുഭഗമയാം യമുനാസംഗമ
...രാള, പുകപോലെ കറുത്തതുത്രൈ, കാളിന്ദീനദി.

...നമാർ=ലജ്ജവിട്ടിട്ടില്ലാത്ത യുവതികൾ. സീൽകൃതി
...ം. ഈമട്ടാകിന—മററുതരം വിറയും ചൂളലും സീല്ക്കാ
...ന്ന. അത്യുഷ്ടകരം(വിറയും ചൂളലും സീൽക്കാരവും)മഞ്ഞു
... ...മാകുമല്ലോ. തീവ്രതുഹിനം=ദുസ്സഹമായമഞ്ഞ്. അദ്രീന്ദ്രൻ—
ഹിമവാൻ.

Digitized By Kerala Sahitya Akademi

സവ്താപൻ:—(കേട്ടിട്ടു ക്രോധത്തോടേ) ധൃഷ്ടന്മാരേ, നിങ്ങളെന്താണിങ്ങിനെ നിലവിളിയ്ക്കുന്നത്?

പാഴ്പാററമൂലമെരിതിയ്യിനു തോലിപററൽ,
ദാവാഗ്നികൊണ്ടു കടൽവററിവരണ്ടുപോകൽ,
നീർക്കോലി താർക്ഷ്യനെയമത്തലി,തൊക്കെയത്രേ,
ശ്രീചന്ദ്രതാപനൊരു ചന്ദ്രനിൽനിന്നിളപ്പം! 15

(വീണ്ടും അണിയറയിൽ അമർഷത്തോടേ)

ഹേ ചന്ദ്രതാപ, പടരുന്ന പെരുംവിഷോഷ്മാ-
വാരിൽ, പ്രദീപ്തബഡബാഗ്നിയുമാരിൽ വാഴ്വൂ,
ആ മൽപിതാവിനെ—നദീശനെ—യാശ്രയിച്ചു-
രക്ഷിച്ചുകൊള്ളുകയിർ നീ, ശശി ഞാൻ പൊടിയ്ക്കും! 16

സവ്താപൻ:—വിശദാശയ, എൻെറ ശേഷക്കാരൻ രാഹുവിൻെറ തീൻപണ്ടമാണിവൻ. അതിനാൽ, ഇവനെ തിന്നാൽ എനിയ്ക്കു ദോഷമൊന്നും വരാനില്ല. തിന്നുകളയാം!

വിശദാശയൻ:—(സവിനയം) ദാനവേന്ദ്ര, ഇവനെ ഭവാൻ തിന്നുകൊള്ളുക; അല്ലെങ്കിൽ, ഇവിടത്തെ ആജ്ഞയാൽ രാഹുതന്നെ ഇവനെ എന്നെയ്ക്കുമായി തിന്നൊടുക്കട്ടെ.

---

15. ചന്ദ്രതാപനും ചന്ദ്രനിൽനിന്നിളപ്പം പററുകയാണെങ്കിൽ, പാററ തിയ്യിനെ തൊട്ടിയ്ക്കുകയും മററുമുണ്ടാകും! താർക്ഷ്യൻ—സർപ്പഭോജിയായ ഗരുഡൻ.

16. വിഷോഷ്മാവ്:=(കാളകൂട)വിഷത്തിൻെറ ചൂട്. മൽപിതാവിനെ—സമുദ്രത്തിൽനിന്നത്രെ, ചന്ദ്രൻെറ ജനനം. ആശ്രയിച്ച്=ശരണം പ്രാപിച്ച്. നദീശൻ=സമുദ്രം.

Digitized By Kerala Sahitya Akademi

എന്നാൽ, ചന്ദ്രതാപൻെറ അടുക്കലെയ്ക്കയയ്ക്കപ്പെട്ട സ്ഫുടാക്ഷരൻ വന്നതിന്നശേഷമാവാം.

(അനന്തരം സ്ഫുടാക്ഷരൻ പ്രവേശിക്കുന്നു)

സ്ഫുടാക്ഷരൻ:—(സഖേദം) കഷ്ടം, കഷ്ടം, വിധിവൈപരീത്യത്തിൽ വൈഭവത്തിൻെറയും ഫലം വിപരീതമായിപ്പോകുന്നു: ചന്ദ്രതാപപുരത്തിൻെറ ആ വെള്ളിമതിലും വെള്ളിമാളികകളും ഈ ഹിമപുരയുദ്ധത്തിൽ തണുപ്പുമൂലം ആപല്ക്കരങ്ങളായിത്തീൎന്നു!

സത്താപൻ:—(സ്ഫുടാക്ഷരനെ കണ്ടു സംഭ്രമത്തോടേ) ദ്വാരപാലന്മാരേ, ഒരു പ്രേതം ഇതാ, എൻെറ നേക്കു വരുന്നു!

സ്ഫുടാക്ഷരൻ:—(സാവേഗം) സ്വാമിൻ, ഞാൻ പ്രേതമല്ല, ഭൂതമല്ല, വേതാളവുമല്ല. തിരുമേനിയുടെ ചാരൻ, ചന്ദ്രതാപവൃത്താന്തമറിയാൻ പോയിരുന്ന സ്ഫുടാക്ഷരനാണ് ഞാൻ; അത് എൻെറ സ്ഥിതികൊണ്ടുതന്നെ തിരുവുള്ളത്തിലായല്ലോ! * .... തണുപ്പു നിമിത്തം യുദ്ധം ഞാൻ ശരിക്കു കണ്ടില്ല; ഇത്തരം ഒരു മഞ്ഞുവീഴ്ച ഒരിക്കലും ഞാൻ അനുഭവിച്ചിട്ടില്ല. വല്ല ഒരു പൊറുതിയും ദാനവേശ്വരൻ ചെയ്തുതരണം.

സത്താപൻ:—(സക്രോധം) ഇതാ, ഹിമാംശുവിനേയും ഹിമാദ്രിയേയും ഞാൻ ദഹിപ്പിച്ചുകളയാം. (വെമ്പൽ നടിക്കുന്നു.)

വിശദാശയൻ:—(സവിനയം) ദാനവേശ്വര, മതി, മതി, വെമ്പൽ;

ഹിമാംശു പണ്ടേ ക്ഷയരോഗിയല്ലോ;
ഹിമാദ്രിയോ, വജ്രിനികൃത്തപക്ഷൻ;
അവററിനോടങ്ങടരിന്നു ചെന്നാൽ,-
പ്പൊറുക്കമെമ്മട്ട കനത്ത നാണം? 17

സപ്താപൻ:—എന്നാൽ, ഞാൻ ഇവിടെയിരുന്നുതന്നേ ആഗ്നേയാസ്ത്രം പ്രയോഗിയ്ക്കാം. (അപ്രകാരം ചെയ്യുന്നു.)

(അണിയറയിൽ)

ഇച്ചന്ദ്രതാപനഗരിയ്ക്ക്, നലാസ്ത്രയോഗാൽ
മഞ്ഞല്ലലററു, ശമമിത്തിരി കിട്ടി; പക്ഷേ,
ഹാ, വാതിൽമേടകളെരിഞ്ഞുരുകിപ്പരന്നേ
വെള്ളിക്കുഴമ്പുകളിലാശു ദഹിപ്പു ദൈത്യർ! 18

സപ്താപൻ:—(കേട്ടിട്ട് ക്രോധഭയത്തോടേ) ഇതാ, ആഗ്നേയാസ്ത്രം ഞാൻ ഉപസംഹരിച്ചുകളയാം. (അതു ചെയ്യുന്നു.)

വിശദാശയൻ:—അയ്യോ, ഒരു വലിയ കുടുക്കതന്നെ ഇത്: ആഗ്നേയാസ്ത്രം പ്രയോഗിയ്ക്കാഞ്ഞാൽ തണുപ്പിന്റെ ഉപദ്രവം; ആഗ്നേയാസ്ത്രം വെള്ളിയെ ഉരുക്കുന്നുതാനും! അതിനാൽ, സ്ഫുടാക്ഷര, താൻ ചെന്നു ചന്ദ്രതാപനോടു പറയൂ, ആപല്ക്കരമായ വെള്ളിനഗരം വിട്ടു പുറത്തു നില്ക്കാനും, പുറത്തുവെച്ചു പൊരുതാനും.

സ്ഫുടാക്ഷരൻ:—ആജ്ഞയുടെ കല്പനപോലെ. (പോയി.)

വിശദാശയൻ:—(ഇടംകണ്ണു വിറയ്ക്കുന്നതായി നടിച്ച്) ഹാ, എന്റെ ഈ വിറയ്ക്കുന്ന ഇടംകണ്ണ് എന്തിനെയാ

---

17. വജ്രി...പക്ഷൻ=വജ്രിയാൽ (=ഇന്ദ്രനാൽ) ചിറകരിയപ്പെട്ടവൻ.

18. മഞ്ഞല്ലൽ=ഹിമപീഡ,

Digitized By Kerala Sahitya Akademi

ണ് സൂചിപ്പിയ്ക്കുന്നത്! സർവ്വാപന്ന സർവ്വാഭ്യുദയങ്ങള്
ഉണ്ടായിവരട്ടെ! അസുരഗുരുവിൻെറ തേജസ്സും അഭംഗമാ
യിബ് ഭവിയ്ക്കട്ടെ!

(അണിയറയിൽ)

രേ രേ മപ്പുരദൈത്യരേ, ത്രിജഗതീ-
നിർമ്മാഥിയാം നിങ്ങൾതൻ
വീറിന്നും വിധി തന്നുതന്ന വരമാം
ചട്ടയ്ക്കുമൂനംവരാ,
താരമ്പൻ വിറകായ്ച്ചമഞ്ഞ, ഭുവനം
മൂന്നും യുഗാന്തത്തിൽ വെ-
ണ്ണീറാക്കുന്ന ഹരാളികാക്ഷി ചൊടിപൂ-
ണ്ടല്പം തുറക്കുംവരെ! 19

വിശദാശയൻ:—(ആകാശത്തെയ്ക്കു നോക്കി, സംഭ്രമത്തോ
ടേ) എയ്, ഇതാ, സ്കന്ദൻ നന്ദിയുടെ വരുതിയിലുള്ള ഒ
രു വമ്പടയോടൊന്നിച്ചു വന്നണയുന്നു:

തടിന്മേഘങ്ങൾക്കൊത്ത,ലഘുതരമാം നാക്കിനെ വെളി-
യ്ക്കുടിയ്ക്കും വേതാളത്തടിയർ ഗഗനംപുക്കലറവേ,
ഭടപ്രൌഢോദ്ഘോഷങ്ങളിലുമുയരെക്കേകകൾ മുദാ
പാടത്തി,സ്കന്ദൻതൻമയിലൊലിവിതപ്പൂ ദിശകളിൽ 20

19. ത്രിജഗതീനിർമ്മാഥി=മൂന്നു ലോകത്തേയും മഥിച്ചത്. വീറ്=വീര്യം. വിധി=ബ്രഹ്മാവ്. ഹരാളികാക്ഷി=ശിവൻെറ നെററിക്കണ്ണ്. അതു തുറക്കുന്നതോടേ, നിങ്ങളുടെ വീര്യവും വരച്ചട്ടയും ദഹിച്ചുപോകും!

20. തടിന്മേഘങ്ങൾക്കൊത്ത്—മേഘങ്ങൾ മിന്നലിനെ എന്നപോലെ, നാക്കിനെ വെളിയ്ക്കുടിയ്ക്കുന്നു. ഭട...മുയരെ=ഭടന്മാരുടെ സിംഹനാദങ്ങൾക്കിടയിലും കേൾക്കാകുമാറ്. ഒലി...കളിൽ=ദിങ്മണ്ഡലത്തെ ശബ്ദായമാനമാക്കുന്നു.

Digitized By Kerala Sahitya Akademi

ദാനവേശ്വര, സ്കന്ദൻ ഇതാ, ഇവിടുത്തോടു പൊരുതാൻ നേരിടുന്നു; വില്ലെടുത്തുകൊൾക.

(അനന്തരം, പറഞ്ഞപോലെ സ്കന്ദൻ പ്രവേശിക്കുന്നു.)

സത്താപൻ:—(അവജ്ഞയോടേ) എയ് വിശാഖച്ചെറുക്കനോ, സത്താപനോടു പൊരുതാൻ? (ആകാശത്തു ലക്ഷ്യംവെച്ച്)

പോരുംവില്ലുപിനാകമുണ്ടു, രുജവം
ശൂലാദിശസ്ത്രൗഘമു-
ണ്ടേ,റെച്ചീർത്ത ഭുജങ്ങളുണ്ടു, കടുതീ-
ക്കണ്ണുണ്ടു നെററിയ്ക്കു തേ;
പോരിന്നോമനയുണ്ണിയെപ്പശുപതേ,
എന്തോർത്തയച്ചു ഭവാൻ?
(പരിഹാസത്തോടേ)
വീരക്കെന്തൊരു മേലുകീഴടർകളിൽ
ക്രീഡിച്ചു ചാകുന്നതിൽ! 21

സ്കന്ദൻ:—(ഉപഹാസത്തോടേ) എയ്, അച്ഛനോടു പട വെട്ടാനോ, അസുരാധമന്നഭിലാഷം! എടോ വീര,

നിന്നെക്കാമനെയെന്നപോലെ യുധി നീ-
റാക്കേണമോ? നഞ്ഞിനെ-
പ്പോലേ തിന്നണമോ? നിരുത്തിടണമോ,
ജംഭോപമം നിൻഭുജം?

---

21. പോരും=ത്രാണിയുള്ള. ഉരുജവം=ഗതിവേഗമേറിയ. പശുപതി=ശിവൻ. „ എന്തൊരു മേലുകീഴ്=പ്രായത്തിന്റെ കൂടുതലോ കുറവോ നോക്കലില്ല എന്നു സാരം.

Digitized By Kerala Sahitya Akademi

വേൽമേൽക്കോൾക്കണമോ കുടയ്ക്കുശരി നിൻ-
മെയ്യു,ന്ധകന്റേതുപോ-
ല?-ച്ഛൻതന്നാടലേതു തേ പ്രിയ?-മതോ-
ർപ്പിയ്ക്കാം സുരാരീന്ദ്ര, ഞാൻ! 22

സർവതാപൻ:—കുമാര, നീയൊരു കുട്ടിയാണ്; നിങ്കൽ അനുകമ്പയുണ്ടെനിയ്ക്കു്. നീ വാസ്തവത്തിൽ പൊരുതാനുറച്ചുവെങ്കിൽ, വില്ലുമിടുക്കു വെളിപ്പെടുത്തിക്കൊൾക.

കൊല്ലില്ല, ശക്തികുറവാകിയ നിന്നെ;-യുഗ്ര-
യുദ്ധാർണ്ണവത്തിലൊരു താരകനല്ലെടോ, ഞാൻ;
സഞ്ജാതനശ്ശരവണേ ശിഖിവാഹ, നീയ-
ന്നി; ന്നീയടർശ്ശരവണത്തിൽ മരിച്ചുകൊൾക! 23

സ്കന്ദൻ:—(സംഭ്രമത്തോടേ)

പോയ്പ്പോയി ദൈത്യ, തവ ശക്തി; നിനക്കു ശക്തി-
സംപ്രാപ്തി, ഞാനുരസി ചാട്ടിയ ശക്തികൊണ്ടാം;
നിൻവിഗ്രഹഗ്രഹമിതില്ലിനി മേലിൽ: നീയെ-
ന്നസ്ത്രങ്ങളാൽസ്സപദി ചാവുകതന്നെചെയ്യും! 24

---

22. നിവൃത്തിടണമോ=സ്തംഭിപ്പിയ്ക്കണമോ. ജംഭോപമം=ജംഭന്റേതുപോലെ. അച്ഛ...പ്രിയം=അച്ഛന്റെ ഏതുതരം യുദ്ധമാണ് നിനക്കു വേണ്ടത്.

23. താരകൻ=താരകാസുരൻ; കടത്തിവിടുന്നവൻ. നീ അന്ന് ആ ശരവണത്തിൽ(അമ്പക്കാട്ടിൽ)ജനിച്ചു; ഇന്ന് ഈ അന്തർശ്ശരവണത്തിൽ (=യുദ്ധത്തിന്റെ ശരവണത്തിൽ, ബാണഗണത്തിൽ) വെച്ചു മരിച്ചുകൊൾക. ഞാൻ കൊല്ലില്ല.

24. ശക്തി=ശേഷി; വേൽ എന്നും. ഉരസി=മാറത്ത്. വിഗ്രഹഗ്രഹം=യുദ്ധസംരംഭം; ശരീരധാരണം എന്നും.

Digitized By Kerala Sahitya Akademi

സവ്താപൻ:—(അവജ്ഞയോടേ ചിരിച്ച്) വിശാഖ, കുട്ടിയായ നിൻെറ ക്രൂസലില്ലായ്മ എന്നെ കൗതുകപ്പെടുത്തുന്നു; അതിനാൽ, ഞാൻ നിൻെറ നേക്ക വില്ലു കുലയ്ക്കുകയില്ല; നീ തോന്നിയപോലെ എൻെറ സൈന്യത്തിൽ കളിയാടിക്കൊൾക.

നന്ദി:— * (അപവാര്യ) കുമാര, ബ്രഹ്മാവു വരം കൊടുത്തിട്ടുള്ളതുകൊണ്ടു ത്രിപുരാസുരന്മാർ അമരന്മാർതന്നെയാണ്; അതിനാൽ, ഇയ്യാളോടു വെറുതേ പൊരുതി ബുദ്ധിമുട്ടേണ്ട. ഇയ്യാളുടെ സൈന്യത്തെത്തന്നേ ശരവൃഷ്ടികൊണ്ടു നുറുക്കിക്കൊള്ളുക.

(സ്കന്ദൻ അപ്രകാരം ചെയ്യുന്നു.)

നന്ദി:—(ഹർഷോല്ലാസത്തോടേ)കുമാരൻ വിജയിപ്പൂതാക *: ഇവിടുത്തെ ശരണങ്ങളും വേതാളങ്ങളും ദാനവന്മാരെ നുറുക്കിക്കഴിഞ്ഞു!

സ്കന്ദൻ:—ശിലാദപുത്ര, കൊല്ലപ്പെട്ട ദാനവന്മാർ തന്നെ വീണ്ടും ഉയിർക്കൊണ്ട് ആയുധങ്ങളേന്തി നേരിടുന്നുവല്ലോ; ഇതെന്താണ്?

വിശദാശയൻ:—അസുരവീരന്മാരേ, യുദ്ധത്തിൽ മരിച്ചവരെ അമൃതകുണ്ഡത്തിലിട്ടു, മന്ത്രം ജപിയ്ക്കുവിൻ: എന്നാൽ, അവർ പുനർജ്ജീവിച്ച് ഏറെ കരുത്തോടേ പടവെട്ടിക്കൊള്ളുമല്ലോ.

(അണിയറയിൽ)

അതു ചെയ്യേപോരുന്നുണ്ട്: അമാത്യൻ കാണുന്നില്ലേ? സൈന്യത്തിന്നു ക്ഷയമില്ലല്ലോ.

സ്കന്ദൻ:—(ഉല്ലാസത്തോടേ) എടോ, സവ്താപ,

---

* അപവാര്യ=മററുള്ളവർ കേൾക്കാതെ.

Digitized By Kerala Sahitya Akademi

വദ്ധിയ്ക്ക, നിന്നമൃതകുണ്ഡമതീവ വദ്ധി-
യ്ക്കും,ഝടുസ്സവീരരിഹ പേത്തുയിർ നേടുമല്ലോ;
ത്വദ്വൈരിയുധർ മൃത്യുഭയമററടരാടിയാലേ,
യുദ്ധാഭിലാഷമിതെനിയ്ക്ക കൃതാത്ഥമാകും! 25

നന്ദി:—(അപവാര്യ്യ) കുമാര, ആഗ്നേയാസ്ത്രംകൊണ്ടു പൊന്മതിലുടച്ച് ആ കല്ലുകളാകൊണ്ട് അമൃതകുണ്ഡം തൂത്തുകളയുക; അല്ലാതെ ഒടുങ്ങുകയില്ല, ദാനവപ്പടകാ.

(സ്കന്ദൻ അപ്രകാരം ചെയ്യുന്നു.)

(അണിയറയിൽ)

അഗ്ന്യസ്ത്രജ്വാലതട്ടിച്ചുടച്ചുടെയടരും
പൊന്മതിൽത്തുണ്ടനേകം
വ്യക്തച്ഛ്ളാംകാരമായ് വീണമൃതുകയമിതാ,
വററിയും തൂന്മായ്പ്പോയ്,
ധിക്കഷ്ടം, കഷ്ട, മെമ്മട്ടിനി രണമൃതരാം
ദൈത്യർ ജീവിയ്ക്കുവേണ്ടു?
ഛിക്കെന്നി, നാദ്യമായിട്ടുരുതിയിൽ മുഴുകീ,
സർവ്വതാപന്റെ സൈന്യം! 26

വിശദാശയൻ:—(ഗർവ്വോടേ) പേടിത്തൊണ്ടന്മാരേ, എന്തൊരു വല്ലായ്മയാണിത്? ഭാർഗ്ഗവൻ പ്രസാദിച്ചിരിയ്ക്കുമ്പോളുണ്ടോ, ദൈത്യക്കുരുതി?

25. ഉദ്ധ്വസ്തർ=കൊല്ലപ്പെട്ടവർ. ഇഹ=ഈ യുദ്ധത്തിൽ. ത്വദ്വൈരിയുധർ=നിന്റെ പടയാളികാ. മേ=എനിയ്ക്ക്.

26. വ്യക്തച്ഛ്ളാംകാരം=ഛ്ളാം എന്ന (വെള്ളത്തിൽ വീഴുമ്പോഴത്തെ) ഒച്ച കേൾക്കാകുമാറ്.

Digitized By Kerala Sahitya Akademi

(രണ്ടുപേരും ചിന്ത നടിയ്ക്കുന്നു.)

(അനന്തരം ശുക്രൻ പ്രവേശിയ്ക്കുന്നു.)

ശുക്രൻ:—(ഗർവ്വോടേ)

അശോഷ്യൻ ഞാന,പേയൻ ഞാ-
ന,ഹാര്യൻ ഞാനനശ്വരൻ;
എങ്ങെന്റെയമൃതത്വത്തിൽ-
ദൈത്യർക്കു മൃതിസങ്കടം? 27

അസുരന്മാർ:—പ്രത്യുജ്ജീവിച്ചു, ദേവസൈന്യത്തെ ഒട്ടു ക്കട്ടെ. എന്നാൽ, എന്റെ ഭ്രതാവായ ഈ കുമാരനെ രക്ഷിയ്ക്കുകതന്നെവേണം: എന്നെ മകനാക്കിയിരിയ്ക്കുന്നവല്ലോ, ഭഗവാൻ ഭർഗ്ഗൻ.

നന്ദി:—(സഖേദം) എയ്, ശുക്രൻ വന്നെത്തിയിരിയ്ക്കുന്നു: ഇയ്യാൾക്കു മഹാദേവങ്കൽനിന്നുതന്നേ മൃതസഞ്ജീവനിവിദ്യ കിട്ടിയിട്ടുണ്ടല്ലോ. അതിനാൽ, ഇനി അസുരന്മാരോടടർവെട്ടുന്നതു ബുദ്ധിമുട്ടിന്നുമാത്രം; ദേവദേവന്റെ അരുളപ്പാടു കിട്ടാതെ കുമാരനെ ഞാൻ യുദ്ധത്തിൽനിന്നു പിന്മാററിക്കൂടതാനും.

(അനന്തരം നാരദൻ പ്രവേശിയ്ക്കുന്നു.)

നാരദൻ:—(ഹർഷത്തോടേ) അഹോ, ജഗദീശനായ ശിവന്ന് എന്നെക്കുറിച്ചുള്ള പരിഹാസം: 'എടോ, 'കലഹപ്രിയ, കുമാരനും സവിതാപുനും തമ്മിലെ പടവെട്ടൽ നിൎത്തിയ്ക്കുക' എന്നു, ചിരിച്ചുംകൊണ്ടാണല്ലോ, എന്നെ

27. എന്നെ (അമൃതകുണ്ഡത്തെ എന്നപോലെ) വാററിയ്ക്കാനും കുടിച്ചുതീക്കാനും തട്ടിനീക്കാനും ആവില്ല. എന്റെ അമൃതത്വത്തിൽ=ഞാൻ അമൃതമായിരിയ്ക്കെ; അമൃതനായിരിയ്ക്കെ എന്നും,

Digitized By Kerala Sahitya Akademi

കല്പിച്ചയച്ചത്! എനിയ്ക്കും ഇപ്പോൾ അത്രയ്ക്കില്ല, യുദ്ധദർശനൌത്സുക്യം: ഇരിമ്പുപുരിയിലെ പോർത്തിരക്ക കണ്ടപ്പോൾ എനിയ്ക്ക പാതി മതി വന്നു; വെള്ളിനഗരത്തിലെ പടവെട്ടൽ കണ്ടതോടേ തികച്ചും മതിവന്നുകഴിഞ്ഞു. അയ്യയ്യ, എന്തു പറയാം, ഇരിമ്പുപുരം ചുട്ടെരിച്ചതിൽ പവന-പാവകന്മാരുടെ ചുണയും; ഹിമാംശുവും ഹിമവാനും വെള്ളിനഗരം മഞ്ഞുകൊണ്ടു നിറച്ചതും; രണ്ടിടത്തും പുറത്തേയ്ക്ക ചാടിയ ദൈത്യഗണത്തെ കെട്ടിവരിഞ്ഞ പാശപാണിയുടെ കൈവേഗവും! അത്രയുംപേരുടെ പ്രാണനെ അപഹരിച്ച യുദ്ധസാമർത്ഥ്യം എങ്ങിനെ വർണ്ണിയ്ക്കേണ്ടു! എന്നാൽ ഇനി വേഗത്തിൽ, കാർത്തികേയനെ യുദ്ധത്തിൽനിന്നു പിന്മാറുകതന്നെ. (മുമ്പിൽ നോക്കി, ഹർഷാശ്ചര്യങ്ങളോടേ) എയ്, ഇതാ, കാർത്തികേയൻ ആകാശത്തേയ്ക്ക ശരങ്ങൾ വർഷിയ്ക്കുന്നു. അയ്യയ്യ,

അറുമുഖനിവനാസ്യംമാത്രമല്ല, ശ്ലൂനാകും
ഗിരിമകൾപതിയെക്കാളേറുമേ പോർക്കരുത്തും;
പരശിവനുടെ ശൌര്യം വിസ്മരിച്ചച്ചി,വന്നാൽ-
സ്സുരപുരതരുമാല്യം സിദ്ധർ ചാർത്തുന്നുവല്ലോ! 28

അടുത്തുചെന്നു വിലക്കുകതന്നെ.(അടുത്തുചെന്നിട്ട്)ഹേ കുമാര, ഹേ ശിലാദനന്ദന, നിങ്ങളോട് ശ്രീഭഗവാൻ അരുളിച്ചെയ്യുന്നു:—എന്റെ പുത്രനാക്കിവെയ്ക്കപ്പെട്ടവനാണല്ലോ

28. ആസ്യം=മുഖം. ശിവൻ പഞ്ചമുഖനത്രേ. സുര...മാല്യം=കല്പകവൃക്ഷപ്പൂമാല. സിദ്ധർ=ഒരു വിധം ദേവന്മാർ.

Digitized By Kerala Sahitya Akademi

ഈ ഭാഗ്യവൻ. എന്നിരിയ്ക്കെ, നീയെന്താണ്, ഇവൻെറ ആളായ സർവ്വതാപാസുരനെ പിടിപ്പിച്ച് എന്നെ ലജ്ജിപ്പിയ്ക്കുന്നത്?'

നന്ദി:—(ആത്മഗതം) ഞാൻ വിചാരിച്ചതുതന്നെയാണ്, ഇദ്ദേഹം ചെയ്യുന്നത്. (പ്രകാശം) ദേവദേവൻെറ അരുളപ്പാടുപോലെ. (സ്കന്ദനോട്) ആയുഷ്മൻ, അച്ഛൻെറ ആജ്ഞ തള്ളിക്കൂടാ; യുദ്ധം നിർത്താം.

സ്കന്ദൻ:—(സഖേദം, ആത്മഗതം) അയ്യോ, എൻെറ ഭാഗ്യക്കേട്: നെടുനാൾകൊണ്ടു കണ്ടുകിട്ടിയ ഇവനോട് പടവെട്ടുക എന്ന മഹോത്സവത്തിന്നു വിഘ്നം വന്നുചേർന്നുവല്ലോ! (പ്രകാശം: നെടുവീർപ്പിട്ട്) അച്ഛൻെറ കല്പനപോലെ.

(എന്നു പരിവാരത്തോടേ പോയി)

ശുക്രൻ:—(ഗർവ്വോടേ ആത്മഗതം)അഹോ, അസുരന്മാരിൽ അരിശമുണ്ടെങ്കിലും വൃഷഭദ്ധ്വജൻതിരുവടിയ്ക്ക് എന്നെക്കുറിച്ചുള്ള പുതിയ പുതിയ വാത്സല്യം! (പ്രകാശം) ദാനവേശ്വര, സർവ്വതാപ, വത്സ, വിശദാശയ, ഇങ്ങോട്ടു വരിക; നമുക്കു യുദ്ധത്തിൽ വലഞ്ഞ അസുരന്മാരെ ആശ്വസിപ്പിയ്ക്കാം.

(എല്ലാവരും പോയി.)

മൂന്നാമങ്കം കഴിഞ്ഞു.

9

Digitized By Kerala Sahitya Akademi

നാലാമങ്കം.

(അഗ്നിയറയിൽ)

സൂരൻ മുടിയ്ക്കുന്നു, മയൂഖബാണ-
പൂരത്തിനാൽസ്സ്രുതമോഗണത്തെ;
തേരിന്റെ വൻപാച്ചിൽവശാലിവന്നു
ദൂരത്തുമില്ലൊന്നരികത്തുമില്ല! 1

വിശദാശയൻ:—(പ്രവേശിച്ചു, കേട്ടുണന്നിട്ട്) നേരം പുല ന്നുപോയോ! എന്നോ പുലർകാലത്തുതന്നേ * ഈ ദൂതപ ശ്രുതി കേൾപ്പിച്ചതാരാണ്? വല്ല ദേവവൈതാളികന്മാ യിരിയ്ക്കും....*...ആകട്ടെ, ഗുരുവായ ശുക്രഭഗവാന്റെ പാ ദാരവിന്ദം വന്ദിയ്ക്കാം. (ചുററിനടന്നു മുമ്പിൽ നോക്കിയി ട്ട്) ഇതാ, ശുക്രഭഗവാൻ......* ....ഇദ്ദേഹം, ഉള്ളിൽ വ ല്ല കരടും പതിഞ്ഞ പളുങ്കുപോലെ ഒളിമങ്ങി കാണ പ്പെടുന്നുവല്ലോ! (വേഗത്തിൽ അടുത്തുചെന്ന്) ഭഗവൻ, ഭാർഗ്ഗവ, ഇതാ, വിശദാശയൻ അങ്ങയെ അഭിവാദ്യം ചെയ്യുന്നു.

ശുക്രൻ:—സൌമ്യ, ദീർഘായുസ്സാകുക!

വിശദാശയൻ:—(സവിനയം) എന്താണ്, ഭഗവാൻ മ റെറാരു മട്ടിലായി കാണപ്പെടുന്നത്?

ശുക്രൻ:—(സഖേദം) വിശദാശയ, ഒരു ദുസ്സ്വപ്നം കണ്ടതി ലുണ്ടായിവന്ന വൈമനസ്യത്താലാണ്, ഞാൻ നിഷ്പ്ര

---

1. ദൂതപശ്രുതി—അഗ്നിയറശ്ലോകത്തിൽ അസുരവധമാണല്ലോ, സൂചിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. * പൊട്ടിവ്. * പൊട്ടിവ്.

Digitized By Kerala Sahitya Akademi

ഭനായിത്തീന്നത്; അതിന്ന വല്ല ശാന്തികവും അനുഷ്ഠി യ്ക്കാൻ നോക്കാം.

(അണിയറയിൽ)

ഈരെട്ടുപേരുമൊന്നിച്ചു
നമ്മൾതൻ പുണ്യവായ്പിനാൽ;
ഇതോടുകൂടി,യാ മൂവ്വർ
പഞ്ചത്വം പൂകുമഞ്ജസാ! 2

വിശദാശയൻ:—(കേട്ടിട്ട്) ഒരു കടംകഥപോലെ, ആകാശവാണി ഇച്ചൊല്ലിയതെന്താണ്?

ശുക്രൻ:—(ക്ഷണനേരം ധ്യാനം നടിച്ചിട്ട്) വത്സ, വിശദാശയ, ആകാശവാണിയല്ല, ഇതു ചൊല്ലിയത്; ത്രിപുരാസുരന്മാർ ഉപദ്രവിച്ചുപോന്ന ചിത്രശിഖണ്ഡികൾ അവരെ നശിപ്പിയ്ക്കാൻ ശ്രമിയ്ക്കുകയാണ്. ഞാൻ തിരിച്ചറിഞ്ഞു: മഹേശാദി ദിക്പാലന്മാർ, വിഷ്ണു, ബ്രഹ്മാവ്, സുബ്രഹ്മണ്യൻ, ഹിമവാൻ, അനന്തൻ, സൂര്യൻ, ചന്ദ്രൻ, ധമ്മം എന്നീ പതിനാറുപേർ ത്രിപുരവധത്തിന്നൊരുങ്ങി ഒന്നിച്ചു ചേന്നിരിയ്ക്കുന്നു.

വിശദാശയൻ:—(സഖേദം) അയ്യോ, അത്യാപത്ത്, അത്യാപത്ത്!

ശുക്രൻ:—വത്സ, വിശദാശയ, ദുസ്സ്വപ്നങ്ങൾ പുറത്തു പറയാതിരിയ്ക്കുയാണുത്തമം; * എന്നാൽ സപ്തർഷിവാ

---

2. പഞ്ചത്വം=അഞ്ച് എന്ന നില; മരണമെന്നും.

* ചിത്രശിഖണ്ഡികൾ=സപ്തർഷികൾ.

*. സപ്തർഷിവാക്യം അണിയറശ്ലോകംതന്നെ.

Digitized By Kerala Sahitya Akademi

ക്യം എന്നൊക്കൊണ്ടു വായ് തുറപ്പിയ്ക്കുന്നു. നീ കേട്ടുകൊള്ളുക.

മേലൊട്ടുക്കെണ്ണതേച്ചും, തലയിലൊരുരുബ-
ന്ധൂകമാല്യം ധരിച്ചും,
ബാലപ്ലക്ഷപ്രവാളപ്രഭമൊരു വസനം
ചുററിയും സർവ്വതാപൻ
വേളിക്കോപ്പൊക്കെയേന്തി, ശ്രുഭപടഹമടി-
ച്ചു,ഷ്ട്രമേറിപ്പടിഞ്ഞാ-
ട്ടായിപ്പോകുന്നതത്രേ, നിശയുണ്ടയവസാ-
നത്തിൽ ഞാനിന്നു കണ്ടു. 3

അതിനാൽ ഞാൻ ശാന്തികവും വൈരിവഞ്ചനപ്രയോഗവും (ചെവിയിൽ ഇങ്ങിനെയൊക്കെ) കഴിച്ചുവരാം; അതുവരെ നീ കരുതലോടേ ഇരിയ്ക്കണം. ഉത്സാഹഭംഗം ശങ്കിച്ചു സർവ്വതാപനെപ്പോലും അറിയിയ്ക്കാതെയാണ്, ഞാൻ പോവുക. ഇവർ അകലത്തായതുകൊണ്ടു മരണമടയുകയില്ല; നീ പേടിയ്ക്കേണ്ടാ.

വിശദാശയൻ:—(സഖേദം നെട്ടുവീപ്പിട്ട്)

സൈ്വരം ദൂരേ ചരിച്ചാലും
ദൂരത്താകാ, മൃതിയ്ക്കിവർ:

---

3. ഉരു......മാല്യം=വലിയ ചെമ്പരത്തിപ്പൂമാല. ബാല......പ്രഭം=ഇളയ ഇത്തിത്തളിരിന്റെ നിറമുള്ള. ഉഷ്ട്രമേറി=ഒട്ടകത്തിന്റെ പുറത്തു കേറി. സർവ്വതാപമരണസൂചകമത്രേ ഈ സ്വപ്നം.

Digitized By Kerala Sahitya Akademi

ഇപ്പാപപാകരിൽ ക്രോധം
പൂണ്ടോനല്ലോ, വൃഷധ്വജൻ! 4

ശുക്രൻ:—നീ വിഷാദിയ്ക്കരുത്:

എന്തെന്തു ചെയ്തീടണമെപ്പോളെപ്പോൾ,
സദ്ബുദ്ധിയാൽ,ചെയ്കതതപ്പോളപ്പോൾ;
അചിന്ത്യവൃത്തൻ ഭഗവാൻ വിധാതാ-
വാക്കെങ്കിലും വത്സ, വിധേയനാമോ? 5

വരം നല്കിയ വിരിഞ്ചഭഗവാനും നാരദൻ ക്രോധാഗ്നിയെ വീശിക്കത്തിയ്ക്കുന്നതു ഞാൻ ധ്യാനചക്ഷുസ്സുകൊണ്ടു കാണുന്നുണ്ട്. എന്നാൽ, പോയ്ക്കൊൾക; കരുതലോടേ ഇരിയ്ക്കുക. ഞാനും നിനച്ചതു നിറവേററാം.

(രണ്ടുപേരുംപോയി.)

വിഷ്കംഭം.

(അനന്തരം ബ്രഹ്മാവും നാരദനും പ്രവേശിയ്ക്കുന്നു.)

ബ്രഹ്മാവ്:—(നിർവേദത്തോടേ) ഉണ്ണി, നാരദ, നീ എന്തിനെന്നെ പീഡിപ്പിയ്ക്കുന്നു?

ബാഢം ദൈതേയവൃക്ഷങ്ങളെയമൃതവരം-
കൊണ്ടു വായ്പിച്ചതെൻ ചൊൽ-
ത്തോടല്ലോ; കാട്ടുതീ പോലതുകളെയിതുതാൻ
ക്ഷിപ്രമെമ്മട്ടെരിയ്ക്കും?

---

4. പാപപാകർ=പാപങ്ങൾകൊണ്ട് മൂപ്പെത്തിയോർ; വിളയെടുത്തവർ.

6. ബാഢം — അനുമതിദ്യോതകമായ അവ്യയം. അമൃതവരം=അമൃതം (അമൃത്, വെള്ളമെന്നോ) പോലെ ചെയ്യുള്ള വരം. ചൊൽത്തോട്=വാക്കാകു

ഐശ്വര്യം സർവ്വഗാജ്ഞതം ത്രിഭുവനകൃപയാ-
ലാന്ന രുദ്രൻ പിളർത്തി-
ക്കൊള്ളട്ടേ, തക്ക മൂപ്പെത്തിയ ദിതിസുതരെ,-
ച്ചണ്ഡമാം ദണ്ഡനത്താൽ! 6

നാരദൻ:—അച്ഛ, മതി, ഇടയിളക്കം. ഈ ത്രിപുരാസുരപ്പുഴക്കൾ ഇത്ര മീതെ കേറിയത്, ഇവിടുത്തെ മാന്യമായ അരുളപ്പാടിൻെറ മഹിമയാണ്. അവരുടെ ദുഷ്കരമായ വധം ഭഗവാൻതന്നെ ഏറെറടുത്തിരിയ്ക്കുന്നു. അതിനാൽ, * അഭ്യുതം പററുമെന്ന മാന്ദ്യം ഇനി വേണ്ടതന്നെ. അച്ഛൻ നോക്കു:

വിസ്തീർണ്ണാവനിയാകണം, രഥികനാം
ഭൂതേശദേവന്നു തേ-
ര;-ത്തേർ വേണ്ടവിധം തെളിയ്ക്കുവതിനാ-
രുണ്ട, ച്ഛനല്ലാതൊരാൾ?
പൃഥ്വീഭൃൽപ്രഭുതന്നെ കാർമ്മുക;-മതിൻ-
ഞാണോ ഫണീന്ദ്രൻ; തദൌ-
ചിത്യം നോക്കിടുകിൽ, ത്രിവിക്രമവപു-
സ്സദ്ദേഹമേ, സായകം! 7

ന്ന തോട്. ഇതു—ചൊൽത്തോട്. സർവ്വഗാജ്ഞതം=എങ്ങും ചെല്ലുന്ന (തടവില്ലാത്ത) ആജ്ഞയോടുകൂടിയ. ഐശ്വര്യം മൂന്നുലോകത്തെക്കുറിച്ചുള്ള ദയയാൽ ആന്നു.

*· അഭ്യുതം—വരം കൊടുത്തത് മറിച്ചാവുക.

7. ഭൂതേശ്വരൻ=ശിവൻ. പൃഥ്വീഭൃൽപ്രഭു=പർവ്വതേശ്വരൻ, മഹാമേരു. കാർമ്മുകം=വില്ല്. തദൌചിത്യം=അതിൻെറ ഔചിത്യം. ത്രിവി... ...ദേഹം=ത്രിവിക്രമനായി (വാമനനായി) അവതരിച്ച അദ്ദേഹം; വിഷ്ണു. സായകം=ശരം.

Digitized By Kerala Sahitya Akademi

(അണിയറയിൽ)

സോദര, നാരദ, അച്ഛനെ തിട്ടക്കപ്പെട്ടുത്തുക. തിടുക്കപ്പെടുത്തുക: ഇതാ, വില്ലാളിമുമ്പനായ ഭഗവാൻ ശിവൻ ഭൂമിയാകുന്ന തേരിൽക്കേറിക്കഴിഞ്ഞു.

നാരദൻ:—(ഹർഷൌത്സുക്യങ്ങളോടേ) അച്ഛ, അങ്ങയുടെ മൂത്ത മകൻ ധമ്മനാണ് ഇപ്പറയുന്നത്. നോക്കു:

ഉത്സാഹേന ഗജാരിയാം രഥി പുരാ-
നാരോഹണംചെയ്തുതാ-
മുത്സപ്താനിലവാജി ഭ്രമമിതാ,
വന്നെത്തിയത്യദ്ഭുതം,
ചക്രീഭൂതശശാംകചണ്ഡകരർതൻ
വായ്ക്കും കതിർച്ചാർത്തിനാൽ
സ്വർഗ്ഗംഗാബ്ജനിരയ്ക്കുറക്കമുണർവ്വും
നേർക്കൊപ്പമേകുന്നതായ്! 8

ഇതാ, മഹേന്ദ്രാദിദേവന്മാരും പിന്തുടരുന്നുണ്ട്.

(അനന്തരം തേരിൽ ശിവൻ പ്രവേശിക്കുന്നു.)

ബ്രഹ്മാവ്:—(നോക്കിയിട്ട് ഔത്സുക്യത്തോടേ) ഉണ്ണി, നാരദ, വരിക, വരിക. (രണ്ടുപേരും അടുത്തുചെന്നു തേരിൽ കയറുന്നു.)

---

8. ഉത്സപ്താനിലവാജി=സപ്തമരുത്തുക്കളാകുന്ന കുതിരകളെ പൂട്ടിയത്. ചക്രീ......കരർ=(തേരിന്റെ)ചക്രങ്ങളായിച്ചമഞ്ഞ ചന്ദ്രസൂര്യന്മാർ. നേർക്കൊപ്പം—ശരിയ്ക്കൊരേ സമയത്ത്.

Digitized By Kerala Sahitya Akademi

ബ്രഹ്മാവ്:— (ശിവനെ നോക്കി, സവിനയം) ആയുഷ്മൻ, (എന്ന് അദ്ധോക്തിയിൽ ലജ്ജാസ്മിതത്തോടേ) ഭഗവൻ, പരമേശ്വര, ഇതാ, അങ്ങയുടെ സാരഥി അങ്ങയെ വണങ്ങുന്നു.

ശിവൻ:—സൂത, (എന്ന് അദ്ധോക്തിയിൽ ലജ്ജിച്ച്) ശാന്തം പാപം! പിതാമഹനെ ഞാൻ വണങ്ങുന്നു. തേർ തെളിയ്ക്കുമാറാകണം.

(ബ്രഹ്മാവു തേർ തെളിയ്ക്കുന്നു.)

വില്ലിനെ, വില്ലനെ, ലാക്കിനെ
വിടുകില്ലേതൊന്നു മുക്തമായാലും,
അസ്ത്രമാമീ മുക്തിദ-
വിഷ്ണുവിനെക്കൈവണങ്ങുകിങ്ങുൾ! 9

ബ്രഹ്മാവ്:—(സസംഭ്രമം വണങ്ങിയിട്ട്) ഉണ്ണി, നാരദ,

ഈ വിഷ്ണുവായ ബാണത്താ-
ലാവിദ്ധാതന്നെ വിഷ്ടപം;
സപക്ഷേതന്മത്താലാ-
ണുയിർക്കൊള്ളൽ മരിയ്ക്കലും! 10

വിഷ്ണു:—(സസംഭ്രമം) ആചാര്യഭഗവാനെ ഞാൻ അഭിവാദ്യം ചെയ്യുന്നു.

---

9. മുക്തമായാലും=എയ്യപ്പെട്ടാലും. വില്ലിനേയും വില്ലാളിയേയും ലക്കിനേയും വിടുകയില്ല;

10. ആവിദ്ധം=തറയ്ക്കപ്പെട്ടത്;വ്യാപിയ്ക്കപ്പെട്ടത് എന്നും, സപക്ഷശബ്ദത്തിന്നു ബന്ധുവെന്നും, (ബാണവിശേഷണത്തേപ്പറ) ചിറകുള്ളത് എന്നും രണ്ടർത്ഥം. ഇദ്ദേഹത്തിൻെറ ഇഷ്ടയാലാണ്, ജീവിതവും മരണവും,

Digitized By Kerala Sahitya Akademi

(എല്ലാവരും യഥോചിതം ഇരിയ്ക്കുന്നു.)

ശിവൻ:—(മുമ്പോട്ടുനോക്കി, ആശ്ചര്യത്തോടെ) എയ്, നോക്കുവിൻ, നോക്കുവിൻ!

നേരിട്ടുണ്ടണയുന്നു കാഞ്ചനപുരം;
സ്വർണ്ണാചലത്തിന്റെ താ-
ഴ്വാരങ്ങൾക്കെതിരായ് നഭസ്ഥല,മിതിൻ
കാന്തിപ്പുരപ്പേല്ക്കയാൽ;

വിഷ്ണു:—(ആശ്ചര്യത്തോടേ)

സ്വാരാജ്യപ്പൂഴതൻനിറത്തൊടു,മതിൻ
പിന്നാലെ വെള്ളിപ്പുരം;

ബ്രഹ്മാവ്:—(ആശ്ചര്യത്തോടേ)

മാരിക്കാറണിയെന്നപോലതിനടു-
ത്തായുണ്ടി,രിമ്പാം പുരം! 11

ശിവൻ:—അമ്പാ, ശൌര്യത്തിന്റെ മത്തു പിടിച്ച ദാനവന്മാരുടെ ബുദ്ധിമറിവ്: സ്വയമേ ഒരൊററശ്ശരത്തിന്നു ലാക്കായിത്തീരുന്നുവല്ലോ, ഇവർ!

വിഷ്ണു:—(ഉത്സാഹത്തോടേ) ശുക്രനാകുന്ന സചിവനോടുകൂടിയ അവൎക്ക് ഇങ്ങിനെ ഒരന്ധാളിത്തം പററിയേയ്ക്കുമോ? തിർച്ചയായും മറെറാരെടത്താണ്, അവ യഥാൎത്ഥമായ മുപ്പുരം; ഇതു മറെറാന്നത്രെ!

(അനന്തരം പൊന്നിൻപുരത്തിൽ വിഹരിയ്ക്കുന്ന സർവ്വന്ധൻ സപരിവാരനായി പ്രവേശിയ്ക്കുന്നു.)

സർവ്വാന്ധൻ:—(ഗൎവ്വോടും അതിശത്തോടുംകൂടി) ആര്യ, വിശാലാശയ, നോക്കു, നോക്കു, ദേവന്മാരുടെ തെമ്മാടിത്തം: ഇതാ, എന്നിയ്ക്കെതിരായി മറെറാരു മുപ്പുരം നിൎമ്മിയ്ക്കു

11. സ്വാരാജ്യപ്പൂഴ=സ്വൎഗ്ഗം.

Digitized By Kerala Sahitya Akademi

പ്പെട്ടിരിയ്ക്കുന്നു! ചെല്ല്, എടോ സ്ഥൂടാക്ഷര, ചെല്ല്: നൃ ത്യത്താപ-ചന്ദ്രതാപന്മാരെ പുരങ്ങളോടുകൂടി കൊണ്ടു വാ. ദേവന്മാർ നിർമ്മിച്ചതായ ഈ മുപ്പുരം ചുട്ടുകളയുക.

സ്ഥൂടാക്ഷരൻ:—(മുമ്പിലേയ്ക്കു നോക്കി)എയ് വന്നുകഴിഞ്ഞു, നൃത്യത്താപനും, ചന്ദ്രതാപനും; തിരുമേനി തൃക്കണ്ണാ ത്താലും.

സർവ്വതാപൻ:—(കണ്ടിട്ട് ഹർഷത്തോടേ) ശരി, ശരി, ഇവ രും കണ്ടിരിയ്ക്കുന്നു, മായാമുപ്പുരം.

വിശദാശയൻ:—(സാകൂതം ചിരിച്ച്) ദൈത്യാധിപ, എ ന്തിനാ വല്ലായ്മ? മുപ്പുരത്തെ പിന്മാററിക്കൊൾക.

സർവ്വതാപൻ:—(സക്രോധം) നന്ന്, അങ്ങയുടെ * സാചി വ്യം; രണ്ടാമത്തെ ഒരു മുപ്പുരയുദ്ധത്തിനു നേരിടുന്നു; അ ങ്ങു ചിരിയ്ക്കുന്നു!

(വിശദാശയൻ ഔത്സുക്യത്തോടേ എഴുന്നേററു ചെവി യിൽ ഇതാണെന്നു പറയുന്നു.)

സർവ്വതാപൻ:—(സക്രോധം)വെറുതേ ഈ 'ചെവികടിയ്ക്കു'ലെ ന്തിന്? ആരു വിശ്വസിയ്ക്കും, ദേവപക്ഷക്കാരായ മുനി മാരുടെ കുലത്തിൽ പിറന്ന ബ്രാഹ്മണരായ നിങ്ങളെ? ഇ ങ്ങിനെയാണെങ്കിൽ, ശുക്രൻ എന്നോടു പറയാതെ പൊ യ്ക്കളഞ്ഞതെന്ത്? ഇങ്ങിനെ ചെയ്താൽ ഞങ്ങൾക്കുപകാ രമാകുമോ? നേരെമറിച്ച്, അപകാരംതന്നെ! എന്തു കൊണ്ടെന്നാൽ

അമ്പോറ്റുവൻ മുപ്പുരി മായയാൽത്തീ-
ർത്തീശാനനെക്കൊണ്ടെരിയിയ്ക്കുമെങ്കിൽ.

---

*. സാചിവ്യം=മന്ത്രിഭാവം.

Digitized By Kerala Sahitya Akademi

പുരത്രയം ധൂർജ്ജടി ചുട്ടവെന്നി-
യുരത്ത ദൃഷ്ടേർ നിലനില്ക്കുമല്ലോ! 12

അതിനാൽ, ആര്യന്നു യഥേഷ്ടം പോകാം. ഞങ്ങൾക്കു വരാനുള്ളതു വരും!

വിശലാശയൻ:—(സരോഷം ആത്മഗതം) ഇവർക്കു് ശത്രുപത്തടുത്തു, തിച്ച: ബുദ്ധി മറിഞ്ഞിരിയ്ക്കുന്നുവല്ലോ; എന്നാൽ, ഇങ്ങിനെതന്നെയാകട്ടെ! (പ്രകാശം) ഇതാ, ഞാൻ ഗുരുസന്നിധിയിലേയ്ക്കു പോകുന്നു.

(പോയി)

ശിവൻ:—(യഥാൎത്ഥത്രിപുരം കണ്ടിട്ടു്, ആത്മഗതം) ത്രിവിക്രമന്റെ ഊഹം ശരിയായി: ഇതാ, മറെറാരു മുപ്പുരം വന്നുചേൎന്നിരിയ്ക്കുന്നു.

ബ്രഹ്മാവു്:— ഇവയിൽ ഏതാണു് സത്യം, ഏതാണു് മായ എന്നറിയുന്നില്ല.

നാരദൻ:— (ഔത്സുക്യത്തോടേ) എന്തിനാണു്, ഈ ആലോചന? ശരഗോചരമായിത്തീൎന്നിരിയ്ക്കുന്ന ഇതിനേയും നശിപ്പിയ്ക്കാം.

വിഷ്ണു:— (പരിഹാസത്തോടേ) കലഹപ്രിയന്നു പിടിച്ചു! എന്നാൽ, ക്ഷണനേരം ക്ഷമിയ്ക്കു.

സർത്താപൻ:— (സഗർവ്വരോഷം) സൂര്യതാപ, ചന്ദ്രതാപ, വേഗം, വേഗം: ഈ ദേവനിൎമ്മിതമായ ത്രിപുരം നശിപ്പിയ്ക്കുക, നശിപ്പിയ്ക്കുക.

(എന്നു, ശരവൎഷം ചെയ്യുന്നു.)

ശിവൻ:— (ആശ്ചര്യത്തോടേ നോക്കിയിട്ടു്) അഹഹ, നോക്കു, നോക്കു: (ഉൾഹൎഷത്തോടേ)

Digitized By Kerala Sahitya Akademi

ഇതു രജനിയിലല്ലാതുത്ഭവിച്ചോരിരുട്ടോ?
ഇതൊരനലനിൽനിന്നല്ലാത്ത ധൂമപ്പിറപ്പോ?
ഇതൊരശ്രുഭവശാലുണ്ടായ പാററപ്പരപ്പോ?
ഇതു ദിതിസുതസൈന്യത്തിന്റെ ബാണപ്പടപ്പോ? 13

വിഷ്ണു:— (ആശ്ചര്യത്തോടേ) എയ്, മുമ്പേ വന്ന ത്രിപുരം പോയിക്കഴിഞ്ഞു. അഹോ, ഒരു വമ്പിച്ച വ്യാമോഹം: ഈ രണ്ടാമത്തെ മുപ്പുരം അസുരപക്ഷത്തിലുള്ളതാണെങ്കിൽ, സർവതാപാദികൾ പാഞ്ഞണഞ്ഞതെന്ത്? ഇതു ശുക്രൻ നിഗൂഢമായി നിർമ്മിച്ചതായിരിക്കും; അതറിയാതെ ഗർവിഷ്ഠൻ നശിപ്പിക്കുന്നു. ആകട്ടെ, നമുക്കഭിമതംതന്നെ!

സർവതാപൻ:—(നോക്കിയിട്ട്, ഗർവോടേ) ദേവന്മാർ നിർമ്മിച്ച കള്ളത്രിപുരം പിൻവാങ്ങിക്കഴിഞ്ഞു. (ക്രോധത്തോടേ, ആകാശത്തു ലക്ഷ്യംവെച്ച്.)

രേരേ നിലിംപരി,ടർ വിട്ടടർവെട്ടിനില്ലാൻ
പോരാത്ത നിങ്ങൾ കളവെന്തിനു കൈതുടർന്നു?
ഹാ, നിങ്ങൾ തന്നതു വഞ്ചനവിദ്യകൊണ്ടു
ചാക്കേററ ദൈത്യവരരോ, ത്രിപുരശരന്മാർ. 14

നാരദൻ:—(ഔത്സുക്യത്തോടേ) ഇനി കാത്തിരിപ്പെന്തിന്? അടുത്തെത്തിക്കഴിഞ്ഞു; ഇവരെ ഹനിക്കാം.

ശിവൻ:— നാരദ, പരാക്രമത്തിനുള്ള അവസരമാണോ, ഇത്?

---

14. ദൈത്യവരരാ— ആ ദൈത്യരെപ്പോലെയുള്ളവരോ, ത്രിപുരശരന്മാർ (ഞങ്ങൾ) നിങ്ങളുടെ ചതിപ്പണികൊണ്ടു മൃതിപ്പെടുന്നു?

Digitized By Kerala Sahitya Akademi

നില്ലാതിക്കൂട്ടരമ്പിൻവഴിയിവണായുവാൻ
ഹേതു, ദർപ്പജപ്പാപ്പി-
ച്ചല്ലോ; ഹാ, കഷ്ടം, മാർത്തൻകരമ്മടനിവരെ-
ക്കൊല്ലുവാൻ വില്ലെട്ടക്കം?
ചൊല്ലാനില്ലാത്തൊരല്പത്തൊഴിലിനാ വളരെ-
ഭോടിപൂണ്ടിട്ടുകിൽ, ഛീ
വില്ലൻ, ഛീ, കാർമ്മുകം, ഛീ പടപൊരുതിട്ടവോൻ,
ഛീ രഥം, ഛീ തെളിപ്പോൻ!

വിഷ്ണു:— (പരിഹാസഗർഭമായി) കലഹപ്രിയ, ശരിയാണ്, പരമേശ്വരൻ പറഞ്ഞത് ക്ഷമിയ്ക്കു. ഇവർ വീണ്ടും മുമ്പേത്തെപ്പോലെതന്നെ ദുർദ്ധർഷരായിത്തീരട്ടെ. ദുർദ്ധർഷനായ ശത്രുവിനോടുള്ള വിക്രമത്തിന്നാണല്ലോ, ഉൽകൃഷ്ടത.

സ്ഫുടാക്ഷരൻ:— (സവിനയം) സ്വാമിൻ, സർവ്വതാപ, ഇതാ, ശത്രുക്കളുടെ ചതിപ്പണി ചതയ്ക്കപ്പെട്ടുകഴിഞ്ഞു. ഇനി, മുമ്പേത്തെപ്പോലെ സ്വസ്ഥാനങ്ങളിൽത്തന്നെ സഞ്ചരിയ്ക്കട്ടേ, സൂര്യതാപചന്ദ്രതാപന്മാർ. ഇങ്ങിനെ നിനിച്ചുനില്ക്കുന്നതു ബുദ്ധിയല്ല.

സർവ്വതാപൻ:— (പരിഹാസഗർഭമായി) സ്ഫുടാക്ഷര, ശുണ്ഠിക്കാരനാണ് നീ. ആരാളാവും, നീ പറഞ്ഞതു തള്ളാൻ? യഥോചിതം ചെയ്തിച്ചുകൊൾക.

സ്ഫുടാക്ഷരൻ:— അരുളപ്പാടുപോലെ. (ചുററിനടന്ന് അതു ചെയ്യുന്നു.)

വിഷ്ണു:— (നോക്കിയിട്ട്, സംഭ്രമത്തോടെ) മഹേശ്വര, നോക്കു, നോക്കു: ഇപ്പോൾ ഇവർ വേണ്ടുവോളം ഇടവിട്ടി

---

15. ഛീ വില്ലൻ—വില്ലാളിയുടെ ...

ടവിട്ടായിരിയ്ക്കുന്നു; എയ്താൽ കൊള്ളുമോ ഇല്ലയോ എന്ന് എനിയ്ക്കറിഞ്ഞുകൂട!

ശിവൻ:— (സഹർഷോല്ലാസം, ചെട്ടെണ്ണെഴുനേററിട്ട് കൊ) ല്ലപ്പെട്ടുകഴിഞ്ഞു, ഇവർ; സംശയമെന്ത്? വിരിഞ്ചഭഗവാൻ തേർ വേഗത്തിൽ തെളിയ്ക്കട്ടെ!

(ബ്രഹ്മാവ് തേർ തെളിയ്ക്കുന്നു.)

നാരദൻ:—(വ്യാകുലത നടിച്ച്, സംഭ്രമത്തോടേ) അയ്യോ, തേരിൻെറ ഈ പാച്ചിലിൽ ഞാൻ എന്നൊത്തന്നെയും അറിയാതായി! എൻെറ കണ്ണും ചെവിയും എവിടെപ്പോയി? പരമേശ, ഞാൻ മഹോത്സവം കാണ്മാൻ വേണ്ടി ഇളകിച്ചമഞ്ഞ മുനിവൃന്ദത്തിൻെറ ഇടയിൽ കൈലാസമുകളിൽ കേറിനിന്നു കണ്ടുകൊള്ളാം. (ആകാശത്തിലൂടേ പോയി, അപ്രകാരം ചെയ്തിട്ടു, മുമ്പിൽ നോക്കി ആശ്ചര്യത്തോടേ)

വെല്ലുന്നു, ദന്തിമഥനൻെറ മുകുന്ദബാണം;
ചൊല്ലാവതല്ല, സുഗഭീരമിതിൻെറ വേഗം:
ചെല്ലേണ്ട ലാക്കപരമൊന്നിതിനെന്നു തോന്നു-
ന്നല്ലോ; പുരത്രയമിതിൻവഴിമാത്രമായി! 16

ജ്യേഷ്ഠ, ധർമ്മ, നോക്ക, നോക്ക; കണ്ണിനു കൃതാർത്ഥത വരുത്തു: ഇതാ, ശിവൻെറ ബാണാഗ്നിയാൽ പുരംമൂന്നും ഒന്നിച്ചുതന്നേ കത്തിയെരിയുന്നു.

ധർമ്മൻ:— (നോക്കി സന്തോഷത്തോടേ) കൊള്ളാം, കൊള്ളാം:

---

16. ഇതിനു ചെല്ലേണ്ടുന്ന ലക്ഷ്യം മറെറാന്നാണെന്നുതോന്നും; അങ്ങോട്ടുള്ള വഴി മാത്രമായി, മുപ്പുരം! വേഗാതിശയത്താൽ ബാണം മുപ്പുരത്തെയും കടന്നു പോകുന്നു.

മുമ്പധ്വരങ്ങളെ മുടക്കിയതോർത്തു വൈരം
വമ്പിച്ച മൂവനലനന്ധകജിദ്ബലത്താൽ
സംപ്രാപ്തമായ പഴുതിൽപ്പെരുത്തു ജ്വലിച്ചു
ജൃംഭിച്ചിതാ, ത്രിപുരമാകെ വിഴുങ്ങിടുന്നു! 17

(അണിയറയിൽ)

അസ്പൃശ്യസ്പർശമാർന്നും, കയറി നിതമാം
വർണ്ണഭേദം കളഞ്ഞും,
ദുഷ്പാരാർത്ത്യാ കരഞ്ഞാളുകളതിഭയദമാ-
ടോട്ടമാറാക്കിവിട്ടും,
ദർപ്പാൽ സ്ത്രീബാലവൃദ്ധാഹതിയിലുഴറിയും,
സൽപ്പഥത്തെത്തടുത്തും,
ക്ഷിപ്രം തീയൊന്നിതാ, പ്പുരമഹഹ, മുടി-
യ്ക്കുന്നു, കുസ്വാമിപോലെ! 18

അത്രമാത്രമല്ല—

ശ്രാന്തൻപോലണയുന്ന ശയ്യയിൽ; ശ്വപൻ
പോലുണ്ടു ഭദ്രാസനേ;
രോധിപ്പൂ ദിശ വൈരിപോലെ; യറവൂ-
കന്തു പ്രിയൻ പോലവേ;
വീരൻപോലെ കടന്നിഭാശ്വാലയെ-
ധ്വംസിപ്പൂ; ഹാ കഷ്ടമാ-

17. മൂവനലൻ=ത്രേതാഗ്നി. പഴുതിൽ=തച്ചിൽ.

18. അസ്പൃശ്യസ്പർശം=തൊട്ടുകൂടാത്തവരെ(വയെ)തൊടുക. വർണ്ണത്തിന്നു ജാതി എന്നും നിറമെന്നും അർത്ഥം. ദുഷ്പാരാർത്ത്യാ=കരകിട്ടാത്ത ദുഃഖം മൂലം. പഥം=സന്മാർഗ്ഗം; അവകാശമെന്നും.

Digitized By Kerala Sahitya Akademi

രാരാണീശ്വര, മുപ്പുരത്തിന്നു ഭവാൻ
തീൎത്താരു തിൎത്ഥാമിവൻ! 19

മുനിമാർ:—(കേട്ടിട്ടു സഹൎഷം) ഭാഗ്യം, ഇന്നു കേട്ടു, കേൾക്കേണ്ടതു്!

നാരദൻ:—(ആകാശത്തെയ്ക്കു നോക്കി, ആത്മഗതം) ആൎയ്യന്മാരേ, ഞാൻ വിവശനായിരിയ്ക്കുന്നു; ദേവന്മാരെ കാണുന്നില്ല.

മുനിമാർ:—(ശങ്കയോടേ) വത്സ, നാരദ, നോക്കു, നോക്കു:

നാരദൻ:—(നേത്രപീഡ നടിച്ചു്) ആൎയ്യന്മാരേ, ഞാൻ എന്തു നോക്കേണ്ടു?

ദിശിദിശി കരിവണ്ണച്ചാട്ടയായ്ത്തീൎന്ന ധൂമ-
ച്ഛട, കനകമഹിഷ്ഠച്ഛൃംഗതുംഗാംശുപുഞ്ജം,
പുതിയ പുതിയ കന്നിയ്ക്കൊത്ത ചെന്തീപ്പൊരിച്ചാ-
ൎത്തഹഹ—നഭസി കാണുന്നില നാലാമതൊന്നും! 20

മുനിമാർ:—(മുന്നോട്ടു നോക്കി, സഹൎഷം) ഹാഹാ, നീ ഹൎഷംകൊണ്ടു വിവശനായിരിയ്ക്കുന്നു: നീ കാണുന്നില്ലയോ തേരിലേറിയ ത്രിപുരാന്തകൻ സൎവ്വദേവപരിവാരനായി വന്നുചേരുന്നതു്?

ശിവൻ:—ഭഗവൻ, സുരജ്യേഷ്ഠ, തേർ നിൎത്തുക: മുനിമാരും നാരദനും ചേൎന്ന ഈ കൈലാസത്തിന്റെ ഒരു ഭാഗത്തു തന്നേ വല്ലേടത്തും നില്ക്കാം. (ബ്രഹ്മാവ് അപ്രകാരം ചെയ്യുന്നു. നാരദാദികൾ അടുത്തുചെന്നു സവിനയം വണങ്ങുന്നു.)

19. ശ്രാന്തൻ=ക്ഷീണിച്ചവൻ. രോധിച്ചു ദിശഃ=ദിക്കുകളെ വളയുന്നു. ഇരാശപാലൻ=ആനപാതിക്കൂട്ടം

ശിവൻ:—ദേവന്മാരേ, എല്ലാവരും തേരിൽനിന്നിറങ്ങി, യഥേഷ്ടം ഇരിയ്ക്കുവിൻ; മാമുനിമാരും ഇരിയ്ക്കട്ടെ.

(മുനിമാരെല്ലാം ഹർഷത്തോടേ അപ്രകാരം ചെയ്യുന്നു. ശിവൻ ലജ്ജിതനായി സ്ഥിതിചെയ്യുന്നു.)

നാരദൻ:—(ഹർഷത്തോടേ) വിശ്വനാഥ, ഈ അത്ഭുതകർമ്മത്തിന്ന് എന്തൊരു സമ്മാനമാണ്, ഇവിടെയ്ക്കു ദേവകൾ തരേണ്ടത്?

മൂർദ്ധാംബുജങ്ങളെയരുത്തുഭവാനെയർച്ചി-
ച്ചെന്നാല,തൊട്ടുചിതമാസ്സുര,മിന്ദുമൌലേ;
എന്നാലതും ഹഹ, രുചിയ്ക്കുകയില്ല, മുപ്പാർ
പോററും ശിവന്നു!പുനരെന്തിഹ ഞങ്ങൾചെയ്യും? 21

ശിവൻ:— (ലജ്ജാസ്മിതത്തോടേ) എടോ നാരദ,

ശൌരിസ്രഷ്ടാക്കൾ, ശക്രൻ, ശിഖിശമനർ, നിശാ-
ടാബ്ധിപാലാനിലന്മാർ
ഛേരും വിത്തേശന,ക്കൻ, ശശി, ഭുജഗവരൻ,
മേരു, ധർമ്മൻ, കുമാരൻ—
നേരംപോക്കിന്നിതിൽച്ചേർന്നവനൊരു പതിനാ-
റാമനാ,കംപ്രനാം ഞാൻ;
ഓരാതെന്തെ,ന്നെമാത്രം ത്രിപുരഹതിയാൽ നീ-
യിവിധം വാഴ്ത്തിടുന്നു? 22

ഇന്ദ്രൻ:— (സവിനയം)

---

21 മൂർദ്ധാംബുജങ്ങൾ=ശിരസ്സുകളാകുന്ന താമരപ്പൂക്കൾ.

22. ശൌരിസ്രഷ്ടാക്കൾ=വിഷ്ണുവും ബ്രഹ്മാവും. ശിഖിശമനർ=അഗ്നിയും യമനും. നിശാ.....ലന്മാർ=നിശാടനും(രാക്ഷസൻ, നിരൃതി)അബ്ധിപാല(വരുണ)നും അനിലനും(വായുവും). ഭുജഗവരൻ—അനന്തൻ. അകംപ്രൻ=ഇളകുന്നവൻ, നെഞ്ഞുറപ്പില്ലാത്തവൻ.

Digitized By Kerala Sahitya Akademi

സ്വാംഗങ്ങളാം ദേവകളെ-
ച്ചേഷ്ടിപ്പിപ്പൂ സ്വയം ഭവാൻ;
അങ്ങേകനേ സ്തുത്യപുമാൻ;
വെവ്വേറെ നിനവെന്തിനാം? 23

ശിവൻ:— (ആത്മഗതം) എയ്, ഈ ലജ്ജ എന്നെ മൂളിയ്ക്കുന്നു; അതിനാൽ, സുരന്മാരെ പറഞ്ഞയയ്ക്കുകതന്നെ. (പ്രകാശം) ദേവന്മാരേ, നിങ്ങൾക്ക മുമ്പത്തെപ്പോലെ സ്വസ്വസ്ഥാനങ്ങളിൽ വാഴാം. ഇനിഞാൻ എന്തുചെയ്യണമെന്ന് ആജ്ഞാപിയ്ക്കുകയും ചെയ്തുകൊൾവിൻ.

ഇന്ദ്രൻ:—(സവിനയം)

അങ്ങിത്തിദൈത്യരെപ്പോക്കി,
ത്രിദോഷത്തെക്കണക്കിനേ;
ലോകമക്ഷയമായ്ത്തീർന്നു;
പ്രാർത്ഥിയ്ക്കേണ്ടുന്നതെന്തിനി? 24

എങ്കിലും ഇതിരിയ്ക്കട്ടെ:

നെററിക്കണ്ണൊളി മിന്നും വെൺ-
ചന്ദ്രശേഖരനങ്ങയാൽ
മോഹാന്ധ[illegible]ക-
ററട്ടെ [illegible]സംസ്ഥിതി
([illegible]ഏല്ലാവരും [illegible]പോയി.)

[illegible] നാലാമങ്കം കഴിഞ്ഞു.

---

23. സ്വാംഗങ്ങൾ=തന്റെ [illegible] അവയവങ്ങൾ. വെവ്വേറെ നിനവെന്തിനാം—അവയവങ്ങളെ വെവ്വേറെ ഗണിയ്ക്കേണ്ടതില്ല; അവയവിയെ ഗണിച്ചാൽ മതി.

24. ക്ഷയശബ്ദത്തിന്ന നാശമെന്നും ക്ഷയരോഗമെന്നും അർത്ഥങ്ങൾ—

സി.ഗോവിന്ദക്കുറുപ്പ്

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi